032;3N272;11 K3 SPUTNIKKUM, GOTTI THAMASUM.

MALAYATOOR RAMAKRISHNAN

032:3N272:11
K3

MUL
235697

MU... ...RKS,
(PRINTERS)
No. 3, Bommulier Street,
Elephant Gate, :: MADRAS-1.

**Madras University Library**

Call Number

Accession Number

Available for loan from

This book should be returned on the date last marked below.

30 APR 1970

23 FEB 1970

27 SEP 1974

19 JUN 1982

27 MAR 1992

10 APR 1992

8 FEB 2001

61

# സ്പുട്ട്നിക്കും
# ഗോട്ടീതോമസ്സും

(Malayalam)

Sputnikkum Gotti Thomasum

Short Stories

**By MALAYATTOOR RAMAKRISHNAN, I. A. S.**

First Published January 1961

Reprinted September 1963

Printed at

Azad Printers, Quilon

Price Rs. 1.25

Copyright

Malayattoor Ramakrishnan

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

# സ്പുട്ട്നിക്കും ഗോട്ടീതോമസ്സും

മലയാററൂർ രാമകൃഷ്ണൻ

UNIVERSITY LIBRARY
28 APR 1969
MADRAS

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 1.25

Univ. Grants Commission

## മലയാറ്റൂർ രാമകൃഷ്ണൻെറ

### കൃതികൾ

ആദ്യത്തെ കേസ്
സൂചിമുഖി
സ്പുട്ട്നിക്കും ഗോട്ടീതോമസ്സും
അവകാശി
അറബിയും ഒട്ടകവും
പറക്കുന്ന തളിക
പാമ്പ്
മലബാർ ഹില്ലും ഫൊറാസ്റോഡും
രാത്രി
നാല് അഞ്ച്
നമ്മുടെ ശിക്ഷാനിയമം
നാടോടിക്കപ്പലിൽ നാപ്പമാസം (തർജ്ജമ)
മഞ്ഞമുഖം ,,
ഷെർലക്ക് ഹോംസ് ,,
വിഷബീജം ,,

235697
032:3N272:1ll
K3

S1510 B750 49/63-64 2-2000

## കഥകൾ


പകുതിക്കച്ചേരി

അവസാനവാദം

നിങ്ങൾക്കിതു സംഭവിക്കാതിരിക്കട്ടെ

മോട്ടോർകാർപുരാണം

സാക്ഷി

സ്ഥാനാർത്ഥി

ഉൽഘാടനം നടന്നു

പ്രഥമരാത്രി

ആത്മഹത്യ

ഇൻസ്പെക്ഷൻ ബംഗ്ലാവ്

സ്പുട്ട്നിക്കും ഗോട്ടീതോമസ്സും

# പകതിക്കച്ചേരി

പത്തൊമ്പതാമത്തെ വയസ്സിലാണ് ഉമ്മിണിപ്പിള്ള പാർവ്വത്യകാരായത്. ആളുകൾ പറഞ്ഞു: "നന്നായി, അമ്മാവന്മാരെപ്പോലെ മിടുക്കനായി വരണം."

നടക്കേണ്ടയൊരു കാര്യം നടന്നല്ലോ, എന്ന തൃപ്തിയായിരുന്നു നാട്ടുകാർക്ക്. ഉമ്മിണിപ്പിള്ള ഒരു പോലീസുകാരനോ, പള്ളിക്കൂടം വാദ്ധ്യാരോ മററോ ആയിപ്പോയിരുന്നെങ്കിൽ ആ നാട്ടുകാർ കണ്ണീർ പൊഴിച്ചേനേ. എത്രയോ പാർവ്വത്യകാരന്മാരെ ലോകത്തിനു സംഭാവന ചെയ്ത ഒരു പഴയ കുടുംബമാണ് ഉമ്മിണിയുടേത്. അയാളുടെ അമ്മാവന്മാരിൽ പലരും തിരുവിതാംകൂറിലെ റവന്യൂഭരണത്തിൽ മായാത്ത മുദ്രകൾ പതിപ്പിച്ച മഹാശയന്മാരായിരുന്നു. കണക്ക് ഗോപാലപിള്ള, പുതുവൽ കുട്ടൻപിള്ള, കണ്ടെഴുത്തു ലംബോദരൻപിള്ള എന്നിങ്ങനെ നീണ്ടുപോകുന്നു, പേരുകളുടെ ആ പട്ടിക. ഉഗ്രന്മാരായ ആ പാർവ്വത്യകാരന്മാരില്ലായിരുന്നെങ്കിൽ വേണാട്ടിലെ കണ്ടെഴുത്തും കരംപതിപ്പുമൊക്കെ കുട്ടിച്ചോറായേനെ. മിടുക്കന്മാരെന്നു പേരുകേട്ട തഹസീൽദാരന്മാരെയും ദിവാൻപേഷ്കാർമാരെയും ആ പേരു കേൾപ്പിച്ചത്, അവരുടെ പിന്നിലുണ്ടായിരുന്ന ഉമ്മിണിയുടെ അതിമിടുക്കന്മാരായ അമ്മാവന്മാരായിരുന്നു.

പാർവ്വത്യകാരന്മാർ മരിക്കുമ്പോൾ അവർ പോകുന്നതു സ്വർഗ്ഗത്തിലാണോ നരകത്തിലാണോ എന്നറിഞ്ഞു

കൂടാ. ഉമ്മിണിപ്പിള്ള പാർവ്വത്ത്യകാരുദ്യോഗം സ്വീകരിച്ചപ്പോൾ, മരിച്ചുപോയ ആ അമ്മാവന്മാർ (സ്വർഗ്ഗത്തിലോ നരകത്തിലോവെച്ച്) കോൾമയിർക്കൊണ്ടുകാണുമെന്ന കാര്യം സംശയാതീതമാണ്.

സ്വന്തം വില്ലേജിൽ തന്നേയാണ് 'ഉമ്മിണിപ്പിള്ള അങ്ങത്ത' പാർവ്വത്ത്യം ഏറ്റെടുത്തത്. അവിടെയുള്ള ഓരോ തുണ്ടു ഭൂമിയെപ്പററിയും അയാൾക്കറിയാം. ഒരൊററപ്പൈസപോലും കരക്കുടിശ്ശിക വരുത്താൻ അയാൾ സമ്മതിക്കയില്ല. ഭൂമി കയ്യേററക്കാരെ അയാൾ നിഷ്കരുണം പിടികൂടിവന്നു. ഉമ്മിണിപ്പിള്ള എഴുതിയയയ്ക്കുന്ന റിപ്പോർട്ടുകൾ വള്ളിയോ പുള്ളിയോ മാററാതെ അംഗീകരിക്കുകയായിരുന്നു മേലധികാരികളുടെ പതിവ്. ചുരുങ്ങിയ കാലംകൊണ്ട് ഉമ്മിണിപ്പിള്ളയുടെ പേരു് പ്രസിദ്ധമായി. ആ മാതൃകാ പാർവ്വത്ത്യകാരനെ സകലരും ഭയന്നു.

പണമുണ്ടാക്കാൻ പ്രയാസമില്ലാത്ത ആ പഴയ നല്ല കാലത്താണ് ഉമ്മിണിപ്പിള്ള ഉദ്യോഗത്തിൽ കയറിയതു്. രണ്ടാംലോകമഹായുദ്ധവും റേഷനും നെല്ലെടുപ്പും ആരംഭിക്കുമ്പോൾ അയാളുടെ ശുക്രദശയും ആരംഭിക്കുകയായിരുന്നു. വളരെ സമ്പാദിച്ചെന്നാണ് അഭിജ്ഞകേന്ദ്രങ്ങൾ പ്രസ്താവിക്കുന്നതു്.

യുദ്ധം തീർന്നപ്പോൾ ചീത്തക്കാലമാരംഭിച്ചു. ശമ്പളത്തിനു പുറമേയുള്ള വരവുകൾ നന്നേ ചുരുങ്ങി. ഇഷ്ടപ്പെടാൻ കഴിയുന്ന ഒരു മാററമായിരുന്നില്ല അതു്. പക്ഷേ, എന്തുചെയ്യാനാണ്? മാററങ്ങളുടെ കാലം ആരംഭിച്ചു കഴിഞ്ഞിരുന്നു. ഭാരതം സ്വതന്ത്രയായി. തിരുവിതാംകൂർ 'തിരുക്കൊച്ചിയും' പിന്നെ കേരളവുമായി. പകുതിക്കച്ചേരിയുടെ പേരു് 'വില്ലേജ് ഓഫീസ്' എന്നായി മാറി. പാർവ്വത്ത്യകാർ 'വില്ലേജ് ഓഫീസർ'മായി.

പഴയ പകുതിക്കച്ചേരിയുടെ പ്രാധാന്യം പുതിയ വില്ലേജ് ഓഫീസിനില്ലെന്നു തോന്നി. ഉമ്മിണിയുടെ നോട്ടത്തിൽ 'വില്ലേജ് ഓഫീസർ' എന്നതിനേക്കാൾ ഘനമുള്ള പേരു് പഴയ 'പാർവ്വത്യകാർ അങ്ങത്ത'തന്നേയായിരുന്നു. കാലം നീങ്ങി.

പഴയകാലത്തിന്റെ സൗഭാഗ്യങ്ങളെക്കുറിച്ചോർത്തു് നിശ്വസിച്ചു കഴിഞ്ഞുവന്ന ഉമ്മിണിപ്പിള്ളയ്ക്കു് ഓർക്കാപ്പുറത്തൊരു പ്രഹരം കിട്ടി.

അറബിക്കടൽ സഹ്യപർവ്വതത്തിന്റെ കിഴക്കാവുക, കന്യാകുമാരി ഡെൽഹിയിലേയ്ക്കു പോവുക, ന്യൂയോർക്ക് തുറമുഖത്തിലെ സ്വാതന്ത്ര്യദേവതയുടെ പ്രതിമ പീക്കിംഗിലെ റെഡ്സ്ക്വയറിലെത്തുക......ഇതൊക്കെ സംഭവിച്ചാലെങ്ങനെയിരിക്കും? ഇതുപോലൊരു സംഭവമായിരുന്നു ഉമ്മിണിപ്പിള്ളയ്ക്കുവന്ന സ്ഥലംമാററം.

ജോലിയിൽ പ്രവേശിച്ച നാൾമുതൽ സ്വന്തം വില്ലേജോഫീസിലാണു പണിയെടുത്തതു്. ഇനി രണ്ടുകൊല്ലമേയുള്ളു പെൻഷൻ പററാൻ. അതിനിടയ്ക്കൊരു സ്ഥലംമാററമുണ്ടാകുമെന്നു കരുതിയിരുന്നതല്ല.

പത്തൊൻപതാംവയസ്സുതൊട്ടു് ഇരുന്നുപോരുന്ന കസേര വിട്ടുപോവുക! കണക്ക ഗോപാലപിള്ളയുടേയും, പുതുവൽ കട്ടൻപിള്ളയുടേയും മാഹാത്മ്യമറിഞ്ഞുകൂടാത്ത, അപരിചിതരായ കഴുതകൾ താമസിക്കുന്ന ഒരു വില്ലേജിലേയ്ക്കു പോവുക!

ഇത്തരമേതോ ഘട്ടത്തിലാണു് പണ്ടൊരു നാടകത്തിലെ പ്രധാന കഥാപാത്രം 'ഛായ്'! ലജ്ജാവഹം! എന്നട്ടഹസിച്ചതു്.

പത്തമ്പതുമൈൽ ദൂരെയുള്ള ഒരു പ്രധാന പട്ടണത്തിന്റെ തൊട്ടടുത്താണു് പുതിയ വില്ലേജ്. ഈ വയ

സ്സകാലത്തു് എങ്ങനെ അവിടെപ്പോകും? ജോലി രാജിവ ച്ചാലോ എന്നുപോലും തോന്നി.

പാടില്ല...പാടില്ല...അമ്മാവന്മാരുടെ ആത്മാക്കൾ അതു പൊറുക്കുകയില്ല. കണക്കു ഗോപാലപിള്ളയുടെ ഒരനന്തിരവൻ പാർവ്വത്യകാരുദ്യോഗം രാജിവയ്ക്കുന്നതു് അപമാനകരമാണു്.

കുടുംബം നാട്ടിൽത്തന്നെ കഴിയട്ടെ. പുതിയ സ്ഥല ത്തേക്കു തനിച്ചു പോകാം.

അയാളങ്ങനെ ചെയ്തു.

വില്ലേജോഫീസ് കെട്ടിടത്തിൽ കിടപ്പും അടുത്തുള്ള നായർഹോട്ടലിൽ ഭക്ഷണവുമായി അയാളങ്ങനെക്കൂടി.

അപകടമാരംഭിച്ചു.

ഹോട്ടൽഭക്ഷണം പററുന്നില്ല ആമാശയത്തിൽ അരക്ഷിതാവസ്ഥയാരംഭിച്ചു. വൻകുടൽ നിരുത്തരവാദ പരമായി പെരുമാറി. അത്ഭുതപ്പെടാനില്ല. വീട്ടുകാരി വെച്ചുവിളമ്പിയ ചോറും കറിയും മാത്രം ഭക്ഷിച്ചു പഠിച്ച ആമാശയവും വൻകുടലുമാണു് ഉമ്മിണിയുടേതു്. അവ പ്രതിഷേധിക്കാതെന്തുചെയ്യും?

കുടുംബത്തെ കൊണ്ടുവന്നേ പററൂ. അപ്പോൾ വീട്ടു വാടകയ്ക്കെടുക്കണം. പക്ഷേ, വീടന്വേഷിച്ചപ്പോഴാണു് ഞെട്ടിപ്പോയതു്? ഭയങ്കര വാടക. നാല്പതുരൂപയിൽ കുറച്ചാരും പറയുന്നില്ല. തൻെറ ശമ്പളത്തിനു് താങ്ങാ നാവുന്ന വാടകയല്ല അതു്. ഹോ! എന്തിനീ പട്ടണത്തി നടുത്തുള്ള വില്ലേജിൽ വന്നു!

പഴയ സ്ഥലത്തേക്കു തിരിച്ചൊരു മാററംകിട്ടാൻ ചെയ്ത പ്രയത്നം വിഫലമായി. വൻകുടൽ തോന്ന്യാസം തുടർന്നു. അടിയന്തിരമായി ഒരു തീരുമാനത്തിലെത്തിയേ

പററം. നാല്പതു രൂപയ്ക്കു വീട്ട് വാടകയ്ക്കെടുത്താൽ പഴയ സമ്പാദ്യമൊക്കെയെടുത്തു ചെലവാക്കണം. വേണോ വേണ്ടായോ...വേണോ വേണ്ടായോ...നമ്മുടെ റവന്യൂ ഹാംലററ് വിഷമിച്ചു.

ഒരു രാത്രിയിൽ സെററിൽമെൻറ രജിസ്റ്ററും 'തണ്ടപ്പേർ' രജിസ്റ്ററുകളും തലയണയാക്കി ഉപയോഗിച്ചുകൊണ്ടു് വില്ലേജോഫീസ്‌വരാന്തയിൽ കിടക്കുമ്പോഴം ഉമ്മിണിപ്പിള്ളയ്ക്കു് ഒരു തകർപ്പൻ ആശയമുദിച്ചു. രണ്ടു മുറികളുണ്ടു് വില്ലേജോഫീസിനു്. എന്തുകൊണ്ടു് അതിലൊരു മുറി ഒഴിച്ചെടുത്തു വീട്ടുകാരെയവിടെ താമസിപ്പിച്ചുകൂടാ?

നേരം വെളുത്തയുടൻ ഉമ്മിണിപ്പിള്ള പിൻവശത്തെ മുറി ഒഴിച്ചെടുത്തു. രജിസ്റ്ററുകളും ഫീൽഡ് മാപ്പുകളും സർവ്വേ ഉപകരണങ്ങളുമൊക്കെ മുൻവശത്തെ മുറിയിലൊതുക്കി. രണ്ടുമൂന്നു ദിവസത്തിനകം ഉമ്മിണിപ്പിള്ള കുടുംബത്തെ കൊണ്ടുവന്നു. പിൻവശത്തെ മുറിയിൽ സ്വാദുള്ള ചോറും കറിയും ഉണ്ടായിത്തുടങ്ങി. വൻകുടൽ സമരം പിൻവലിച്ചു.

സംതൃപ്തമായ ജീവിതം മുന്നോട്ടു നീങ്ങിത്തുടങ്ങിയപ്പോഴാണു് ദുർവ്വിധി ഒരു റവന്യൂഡിവിഷനൽ ഓഫീസരുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടതു്.

എങ്ങോട്ടോ കാറോടിച്ചുപോയിരുന്ന ആർ. ഡി. ഓ. റോഡരികിലുള്ള വില്ലേജോഫീസിൽനിന്നും പുക ഉയരുന്നതു കണ്ടപ്പോഴം കാർ നിറുത്തി. ധൃതിയിൽ അദ്ദേഹം വില്ലേജോഫീസിലേക്കു നടന്നുചെന്നു.

ഉമ്മിണിപ്പിള്ള നടുങ്ങിപ്പോയി. ഇനിയെന്തുചെയ്യും? പിൻവശത്തെ മുറിയിൽനിന്നും മീൻ പൊരിക്കുന്ന മണം ശക്തിയായി ഉയരുന്നു. കുട്ടികഴം അവിടെക്കിടന്നു

വഴക്കുണ്ടാക്കുന്നു; കരയുന്നു. നനഞ്ഞ വസ്ത്രങ്ങൾ ഉണക്കാനിട്ടിരിക്കുന്നു. ആർ. ഡി. ഓ. തട്ടിക്കയറുമോ?

ഭയന്നതു സംഭവിച്ചു.

ആർ. ഡി. ഓ. സരോഷം പല ചോദ്യങ്ങൾ ചോദിച്ചു. ഇങ്ങനെ തോന്ന്യാസം കാണിക്കുകയോ? എത്ര നാളായി ഓഫീസിൽ സകുടുംബം വാസമാരംഭിച്ചിട്ട്? മൂത്തുനരച്ച വില്ലേജോഫീസറായിട്ടും ഇങ്ങനെ ചെയ്തതു ധിക്കാരത്തിൻെറ പാരമ്യംമൂലമല്ലേ?

ഒടുവിലൊരു സുഗ്രീവാജ്ഞ പുറത്തുവന്നു.

ശിക്ഷിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ഇരുപത്തിനാലു മണിക്കൂറിനകം രേഖാമൂലം ബോധിപ്പിച്ചു കൊള്ളണം.

ആർ. ഡി. ഓ. ഷൂസ് നിലത്തുചവുട്ടി ശബ്ദമുണ്ടാക്കിക്കൊണ്ടു് സ്ഥലംവിട്ടു.

ഉമ്മിണിപ്പിള്ള അധഃപ്രജ്ഞനായി കസേരയിലിരുന്നുപോയി. എന്തു സമാധാനം ബോധിപ്പിക്കുവാനാണ്? ഈ അവസാനകാലത്തു വല്ല ശിക്ഷയും കിട്ടിയാൽ—! ഹൗ!

രണ്ടു മണിക്കൂർനേരത്തേക്കു തലച്ചോറിൻെറ പണിമുടക്കു തുടന്നു.

കണക്കു ഗോപാലപിള്ളയുടേയും പുതുവൽ കുട്ടൻപിള്ളയുടേയും കണ്ടെഴുത്തു ലംബോദരൻപിള്ളയുടേയും ആത്മാക്കൾ സഹായത്തിനെത്തി. ഉമ്മിണിപ്പിള്ള ചാടിയെഴുന്നേററു.

മഷിക്കുപ്പിയിൽ പേന മുക്കി, ആഞ്ഞു് രണ്ടുതവണ കുടഞ്ഞശേഷം വെടിപ്പുള്ള അക്ഷരങ്ങളിൽ അയാൾ ഇങ്ങനെ എഴുതി:

"രാജമാന്യരാജശ്രീ റവന്യൂ ഡിവിഷനൽ ഓഫീസർ അവർകൾ സമക്ഷത്തിൽ വില്ലേജോഫീസർ ഉമ്മിണിപ്പിള്ള താഴ്മയായും ഭയഭക്തിപൂർവ്വവും ബോധിപ്പിക്കുന്നതു്:

വില്ലേജോഫീസിൽ ഞാൻ എൻെറ കുടുംബത്തെ താമസിപ്പിച്ചുവെന്ന കാര്യം സത്യമാണു്. പക്ഷേ; ലാൻഡ് റവന്യൂ മാനുവലിലും വില്ലേജ്ഓഫീസ് മാനുവലിലും ഉള്ള ചട്ടങ്ങൾക്കെതിരായി ഞാൻ ഒന്നും ചെയ്തിട്ടില്ല. 'വില്ലേജോഫീസ്" എന്നതു പുതിയ പേരാണു്. മാനുവലിൽ 'പകുതിക്കച്ചേരി' എന്നാണു് ഈ കച്ചേരിയെ വിവരിച്ചിരിക്കുന്നതു്. രണ്ടു മുറികളുള്ള ഈ കെട്ടിടത്തിൽ ഒരു മുറി മാത്രമേ കുടുംബാവശ്യത്തിനു ഞാൻ ഉപയോഗിക്കുന്നുള്ളു. അതിനാൽ കെട്ടിടത്തിൻെറ പകുതിഭാഗം ഇപ്പോഴും കച്ചേരിതന്നെയാണെന്നു സമക്ഷത്തിൽ നിന്നും കാണേണ്ടതും എന്നെ മാപ്പാക്കേണ്ടതുമാണെന്നും വണക്കമായി ബോധിപ്പിച്ചുകൊള്ളുന്നു."

# അവസാനവാദം

കാടുപിടിച്ചുകിടക്കുന്ന പുരികം ചുളിച്ചുകൊണ്ടു്, സെഷൻസ് ജഡ്ജി പേനത്തണ്ടിന്റെ അററം തന്റെ കവിളിലുള്ള വലിയ മറുകിൽ അമർത്തിപ്പിടിച്ചു. അതിനുശേഷം പേനത്തണ്ടുകൊണ്ടു നരച്ചുതുടങ്ങിയ മീശ തലോടി. പിന്നെ, പേന താഴെ വെച്ചിട്ടു് കണ്ണടയെടുത്തൊന്നു കറക്കി. കണ്ണട വീണ്ടും മൂക്കിൽ പ്രതിഷ്ഠിച്ചുകൊണ്ടു് അദ്ദേഹം പിന്നോക്കം ചാഞ്ഞു. കറങ്ങുന്ന പങ്കയിലേയ്ക്കു് അല്പനേരം തുറിച്ചുനോക്കിയശേഷം, അദ്ദേഹം കണ്ണുകളടച്ചു. പ്രതിഭാഗം വാദം കേൾക്കാൻ അദ്ദേഹം തയ്യാറെടുക്കുകയായിരുന്നു.

പ്രതിക്കൂട്ടിൽ അസ്സനാർകുട്ടി തല കുനിച്ചുപിടിച്ചു്, കൈകെട്ടി നില്ക്കുകയാണു്. കണ്ണും കവിളും നന്നേ കുഴിഞ്ഞിട്ടുണ്ടു്. താഴോട്ടു വളഞ്ഞിരിക്കുന്ന മീശ അവന്റെ വിഷാദഭാവത്തിനു് മൂർച്ചകൂട്ടുന്നു. രണ്ടു പേരെയാണു് അവൻ കൊന്നിട്ടുള്ളതു്. സംഭവം നടന്നതിങ്ങനെയാണു്: അസ്സനാർകുട്ടിയുടെ ഭാര്യ ബീവാത്തുവിനെ അവളുടെ സഹോദരൻ കോയ വീട്ടിലേയ്ക്കു വിളിച്ചുകൊണ്ടുപോയി. അസ്സനാർകുട്ടിയോടു് ഒരു വാക്കുപോലും പറയാതെയാണു് ബീവാത്തു പോയതു്. ഒന്നുരണ്ടാഴ്ച കഴിഞ്ഞിട്ടും അവൾ മടങ്ങിവന്നില്ല. അസ്സനാർകുട്ടി കോയയെക്കാണാൻ പോയി. കോയ അവിടെയില്ലായിരുന്നു. ബീവാത്തുവിനോടു് തന്റെകൂടെ പോരാൻ അസ്സനാർകുട്ടി ആവശ്യപ്പെട്ടു. അവൾ വിസമ്മതിച്ചു. വാക്കുതർക്കമായി.

കലികയറിയ അസ്സനാർകുട്ടി അവളുടെ കഴുത്തറുത്തു. ചോരപുരണ്ട കത്തിയുമായി അവൻ വെളിയിലേയ്ക്കു പാഞ്ഞു. രണ്ടു ഫർലോംഗ് നടന്നുകഴിഞ്ഞപ്പോൾ, എതിരെ കോയ വരുന്നതു കണ്ടു. അസ്സനാർകുട്ടി മുന്നോട്ടു കുതിച്ചു. കോയയുടെ പള്ളയിൽ കുത്തി താണു. രണ്ടു കൊലക്കേസുകളിൽ അസ്സനാർകുട്ടി പ്രതിയായി.

കേസു നടത്താൻ വക്കീലിനെ ഏർപ്പെടുത്താൻ പണമില്ലാത്ത സെഷ്യൻസ് കേസുകളിലെ പ്രതികൾക്കു് സർക്കാരിൽനിന്നും വക്കീൽമാരെ ഏർപ്പെടുത്തിക്കൊടുക്കാറുണ്ടു്. പ്രോസിക്യൂഷൻഭാഗം നടത്തുന്ന സർക്കാർവക്കീലിൽനിന്നും ഈ വക്കീൽമാരെ വേർതിരിച്ചറിയാനായി നമുക്കവരെ 'പണ്ടാരവക്കീലന്മാർ' എന്നു വിളിക്കാം.

അസ്സനാർകുട്ടിക്കു് രണ്ടു പണ്ടാരവക്കീലന്മാരെ കിട്ടി. രണ്ടു കൊലക്കേസുകളല്ലേ? ഓരോ കേസിനും ഓരോ വക്കീലെന്ന കണക്കനുസരിച്ചു്.

ഈ പണ്ടാരവക്കീലന്മാരെ അവതരിപ്പിക്കുന്നു: മിസ്റ്റർ വെങ്കിടാചലപതി അയ്യർ ബി. ഏ., ബി. എല്ലും, മിസ്റ്റർ ദിവാകരൻ ബി. എസ്‌സി., ബി. എല്ലും.

നേത്തു്, നടു വളഞ്ഞു്, ഗരുഡൻമൂക്കുള്ള ഒരു ചെറുപ്പക്കാരനാണു് അയ്യർ. പ്രാക്ടീസ് തുടങ്ങിയിട്ടു് അധികം കാലമായിട്ടില്ല. പുതുവേഷക്കാർക്കും ആരംഭക്കാർക്കും തീരെ രക്ഷയില്ലാത്ത വക്കീൽപണിയിൽ ഒരു പഴമക്കാരന്റെ മട്ടിൽ നടന്നാലേ രക്ഷയുള്ളുവെന്നു് അയ്യർക്കറിയാം. അതിനാൽ അദ്ദേഹം ഒരിക്കലും വെളുത്ത കോളർ ധരിക്കയില്ല. കഴുത്തിൽ തൂങ്ങുന്ന 'വാലു്' ഒരു ധോബിയുമായുള്ള സമാഗമത്തിനു് സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കയാണു്. കോട്ടിന്റെ വലതുകൈമുട്ടിനടുത്തു് അയ്യർ വിദഗ്ദ്ധമാംവണ്ണം ഒരു ദ്വാരമുണ്ടാക്കിയിരിക്കുന്നു. അതു

കണ്ടാൽ, എത്രയോ കോടതികളിൽ കൈകുത്തിയിരുന്ന് കോട്ടിൻെറ തുണി സ്വയം ദ്രവിച്ച് ദ്വാരമുണ്ടായതാണെന്നേ ആരും കരുതു.

നേരെ മറിച്ചാണ് ദിവാകരൻെറ മട്ടുകൾ. നേർത്തിട്ടല്ല; തടിച്ചിട്ടാണ്. ഗരുഡൻമൂക്കല്ല; പതിഞ്ഞ മൂക്കാണ്. കോളറും വാലും ഷർട്ടും ഏതൊരു വാഷിംഗ്സോപ്പു പരസ്യത്തിനും ഉപയോഗിക്കാവുന്നതാണ്. പഴമക്കാരനായി അഭിനയിക്കണമെന്ന തത്വത്തിൽ ദിവാകരനും വിശ്വസിക്കുന്നുണ്ടെങ്കിലും, അതിനുവേണ്ടി കോട്ടിൽ ദ്വാരമുണ്ടാക്കേണ്ടയാവശ്യം അദ്ദേഹത്തിന്നില്ല. കാരണം അദ്ദേഹത്തെ ബാധിച്ചിട്ടുള്ള അകാലനരയാണ്. വയസ്സ് മുപ്പതേ ആയിട്ടുള്ളുവെങ്കിലും ആ വെള്ളിത്തലകണ്ടാൽ, ആരും ഒരമ്പതു മതിക്കും. ദിവാകരൻെറ മുടി നരയ്ക്കാത്ത സീനിയറെ, ദിവാകരൻെറ ജൂണിയറാണെന്ന് എത്രയോ കക്ഷികൾ തെററിദ്ധരിച്ചിട്ടുണ്ട്.

അസ്സനാർകുട്ടിയുടെ കേസിൽ പണ്ടാരവക്കീൽ സ്ഥാനം നൽകിയപ്പോഴാണ് അയ്യർക്കും ദിവാകരനും അവരുടെ ആദ്യത്തെ വലിയ കേസുകൾ കിട്ടുന്നതു്. അതിനു മുമ്പ് മററു വക്കീലന്മാർക്കുവേണ്ടി, പകരക്കാരായി ഒന്നും രണ്ടും വാക്കുകൾ (മുട്ടുവിറച്ചുകൊണ്ടു്) വീതമേ അവർ കോടതിയിൽ പറഞ്ഞിട്ടുള്ളു.

ഭാരിച്ച ചുമതലയാണ് അയ്യരുടെ നേർത്ത തോളിലും ദിവാകരൻെറ നരച്ച തലയിലും പതിച്ചതു്. ബീവാത്തുവിനെ കൊന്ന കേസിലെ പണ്ടാരവക്കീലാണ് അയ്യർ; കോയയെ കൊന്ന കേസിൽ ദിവാകരനും.

കഴിഞ്ഞ ഒരാഴ്ചയായി രണ്ടു കേസുകളിലും പ്രത്യേകമായി തെളിവുകൾ ശേഖരിക്കപ്പെട്ടു.

ഇന്നു് അവസാനവാദമാണ്.

 തൂക്കമുള്ള തെളിവാണ് രണ്ടുകേസിലും പ്രോസിക്യൂഷൻ നൽകിയിട്ടുള്ളത്. കൊല നടത്തിയതു നേരിട്ടു കണ്ട സാക്ഷികൾ പലരുമുണ്ട്. അവരെയൊന്നും ക്രോസ് വിസ്താരത്തിൽ തകർക്കാൻ അയ്യർക്കോ ദിവാകരനോ കഴിഞ്ഞില്ല. അസ്സനാർകുട്ടിയുടെ കഴുത്തിൽ കയറേണ്ട കയറിലെ ഏതാനും ഇഴകൾ അയ്യരും ദിവാകരനും (അവിദഗ്ദ്ധമായ എതിർവിസ്താരംമൂലം) പിരിച്ചെടുത്തുവെന്നുപോലും അസൂയാലുക്കൾ പറഞ്ഞു.

സംഗതി കുഴപ്പമാണെന്ന് അസ്സനാർകുട്ടിയും മനസ്സിലാക്കിയെന്നു തോന്നുന്നു. അവൻ പ്രതിക്കൂട്ടിലെ അഴികൾ അമർത്തിപ്പിടിച്ചുകൊണ്ട് നില്ക്കുകയാണ്. ഇടയ്ക്കിടെ അവൻ അയ്യരേയും ദിവാകരനേയും നോക്കുന്നുണ്ടായിരുന്നു. അവർ എന്തെങ്കിലും അത്ഭുതം സൃഷ്ടിക്കുമെന്ന് അവൻ വ്യാമോഹിക്കുന്നതായിത്തോന്നി.

സെഷ്യൻസ്ജഡ്ജി കണ്ണുകൾ തുറന്നു. പേനത്തണ്ടു ചവച്ചുശേഷം അതിൻെറ അററം മേശകിന്മേൽ വീണ്ടും അദ്ദേഹം കുത്തിപ്പിടിച്ചു.

ബീവാത്തുവിനെ കൊന്ന കേസിലെ വാദമാണ് ആദ്യം. അയ്യർ എഴുന്നേററു. ഒരു അഞ്ചുടൺ ലോറിയിൽ കയററാൻമാത്രമുള്ള ഗ്രന്ഥങ്ങൾ മുമ്പിൽ നിരത്തിവച്ചുകൊണ്ട്, അയ്യർ ആരംഭിച്ചു. "പ്രോസിക്യൂഷൻ തെളിവു വിശ്വസിക്കത്തക്കതല്ല. സ്വതന്ത്രരായ സാക്ഷികളില്ല. 1953 ക്രിമിനൽ ലാ ജേർണൽ അല്ലഹബാദ് 578-ൽ പറഞ്ഞിരിക്കുന്നതെന്തെന്നാൽ......".

അല്ലഹബാദ് 578-ൽ എന്തുപറഞ്ഞിരുന്നാലും തനിക്കൊന്നുമില്ലെന്ന മട്ടിൽ, ജഡ്ജി വീണ്ടും കണ്ണടച്ചു. പിന്നീടും അയ്യർ എന്തൊക്കെയോ പറഞ്ഞു. എല്ലു

ന്നില്ല. അസ്സനാർകുട്ടിക്ക് യാതൊരു രക്ഷയുമില്ലെന്നു വ്യക്തമായി. ക്ഷീണഹൃദയനായി അയ്യർ ഇരുന്നു.

കോയയെകൊന്ന കേസെടുക്കപ്പെട്ടു. ദിവാകരൻ എഴുന്നേററു. വെള്ളിത്തല തടവിക്കൊണ്ട് കോടതിയുടെ ഹൃദയത്തിലുണ്ടായിരിക്കാനിടയുള്ള ദയയുടെ കമ്പികൾ മീട്ടാനാണ് ദിവാകരൻ ശ്രമിച്ചതു്. അസ്സനാർകുട്ടിയുടേയും ബീവാത്തുവിൻെറയും മോഹനമായ ദാമ്പത്യജീവിതം......അതിലിടപെട്ട ദുഷ്ടനായ കോയ... ഇങ്ങനെയാവുമ്പോൾ ഒരു സ്നേഹമൂർത്തിയായ ഭർത്താവിനുണ്ടാകാവുന്ന വികാരക്ഷോഭം......ഇവയെപ്പററിയൊക്കെ ദിവാകരൻ പ്രസംഗിച്ചു.

ഇതൊക്കെക്കേട്ടിട്ടും ജഡ്ജി കണ്ണു തുറക്കുന്നില്ല. തുറക്കുന്നെങ്കിൽ അതു പങ്കയിലേക്കു നോക്കാനാണുതാനും.

രക്ഷയില്ലെന്നു് ദിവാകരനും ബോദ്ധ്യമായി. പെട്ടെന്നയാൾ നിറുത്തി; പക്ഷേ ഇരുന്നില്ല.

ജഡ്ജി കണ്ണുതുറന്നു് ആദ്യത്തെത്തവണ ദിവാകരനെ നോക്കി. "യെസ്. പ്രൊസീഡ്!" വാദംതുടരാൻ കോടതി ആവശ്യപ്പെട്ടു.

ദിവാകരൻെറ തലച്ചോറിൽ ഒരു തകർപ്പൻ ആശയം നാമ്പെടുക്കയായിരുന്നു.

ദിവാകരൻ പിന്നീടു പറഞ്ഞതു്, ആ ജഡ്ജി ഒരുനാളും മറക്കാനിടയില്ല.

രണ്ടു ചുവടു് മുന്നോട്ടുവച്ചശേഷം, കൈ നെഞ്ചിലമർത്തിപ്പിടിച്ചുകൊണ്ടു് ഏററവും ദീനനായി ദിവാകരൻ പറഞ്ഞു: "യുവർ ഓണർ, അസ്സനാർകുട്ടിയെ തൂക്കിക്കൊല്ലുകയാണെങ്കിൽ, അയാളെ ആ വെങ്കിടാചലപതി അയ്യരുടെ കേസിൽ തൂക്കിക്കൊല്ലണം, യുവർ ഓണർ!"

# നിങ്ങൾക്കിതു സംഭവിക്കാതിരിക്കട്ടെ

ഒരു യന്ത്രത്തിൻെറ മട്ടിലാണു് ഞാൻ ജീവിക്കുന്നതെന്നു് ആരെങ്കിലും പറഞ്ഞാൽ എനിക്കു് യാതൊരു പരിഭവവും തോന്നുകയില്ല. ഒരു വസ്തുകഥനത്തിൻെറ നേക്കു് കയത്തിട്ടെന്തു കാര്യം? എന്നും രാവിലെ ആറര മണിക്കുണരും. എന്നും രാത്രി ഒമ്പതേമുക്കാലിനു കിടന്നുറങ്ങും. കൃത്യം പത്തടിച്ചാൽ ഓഫീസിലെത്തും. ഓഫീസു വിട്ടാൽ നേരെ വീട്ടിലേയ്ക്കു പായും. മാസത്തിലൊരിക്കൽ ഭാര്യയേയും കുട്ടികളെയും സിനിമയ്ക്കു കൊണ്ടുപോകും... ഇങ്ങനെ ചിട്ടപ്പെടുത്തിയ ഒരു ജീവിതമായിപ്പോയി എൻേറതു്.

വളരെ വിരസമായ ഒരു ജീ.വിതം എന്നു നിങ്ങൾ പറയും.

എന്തോ!

പക്ഷേ, യന്ത്രമനുഷ്യനായ ഞാൻ ഈയിടെ എൻെറ ഒരു പതിവു തെററിച്ചു. അവിസ്മരണീയമായ ഒരു സായാഹ്നത്തിൽ ഓഫീസു വിട്ടശേഷം നേരെ വീട്ടിലെത്തുന്നതിനുപകരം, ഞാൻ വഴിമദ്ധ്യേ പാർക്കിലൊന്നു കയറി...ഒരു നിസ്സാരകാര്യമായിത്തോന്നുന്നു നിങ്ങൾക്കു്.

അങ്ങനെ ഞാനൊരു പതിവു തെററിച്ചില്ലായിരുന്നെങ്കിൽ ഈ സംഭവമുണ്ടാകുമായിരുന്നോ? ഇല്ല.

അന്നു് പാർക്കിൽ വളരെപ്പേർ ഉണ്ടായിരുന്നില്ല. അവിടേയുമിവിടേയും ബെഞ്ചുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടു്.

അല്പനേരം കാററുകൊണ്ടുകളയാമെന്നു തോന്നി. പാക്കി ന്റെ ഒരു മൂലയിൽ, ഒരു വള്ളിക്കുടിലിന്നടുത്തു കിടന്നി രുന്ന ഒഴിഞ്ഞ ബെഞ്ചിൽ ഞാൻ ഇരിപ്പുറപ്പിച്ചു.

നല്ല കാററുണ്ടു്. ഞാൻ മനോരാജ്യത്തിലാണ്ടിറങ്ങി.

പെട്ടെന്നൊരു ശബ്ദം കേട്ടു. "അല്ലേ! നമ്മുടെ പഴയ പിൻകോവിലനല്ലേയിതു്! തലമുടി നരച്ചിട്ടുണ്ടു്. സ്വല്പം കഷണ്ടികയറിപ്പോയി. എങ്കിലും, എന്നെപ്പോ ലെയൊരു പഴയ ചങ്ങാതിക്കു് തെററു പററുകയില്ല!"

ഞാൻ തലയുയർത്തി നോക്കി. അർദ്ധചന്ദ്രാകൃതിയി ലുള്ള കഷണ്ടിയും, ടൂത്തു് ബ്രഷിന്റെ 'ടഫ്ററ്'പോലെ നരച്ച മീശയുമുള്ള ഒരു മ്ദ്ധ്യവയസ്കനെ ഞാൻ കണ്ടു.

ഞാൻ ചുററും നോക്കി. ഇയ്യാൾ ആരോടാണു് സംസാരിക്കുന്നതു്?

"എന്താ ഒന്നും മനസ്സിലാകാത്ത മട്ടിൽ ചുററും നോക്കുന്നതു്? ആളെ കളിയാക്കല്ലേ." അയാൾ എന്നോടു സംസാരിച്ചു.

ഇങ്ങനെയൊരു മനുഷ്യനെ ഞാനിതിനുമുമ്പു് കണ്ടി ട്ടുന്നില്ല. അല്പം അവജ്ഞയോടും തികഞ്ഞ ഗൗരവ ത്തോടും ഞാൻ പറഞ്ഞു: "നിങ്ങൾക്കു് ആളു തെററി പ്പോയെന്നു തോന്നുന്നു."

ഒരു ക്ഷമാപണത്തോടെ അയാൾ സ്ഥലം വിടുമെ ന്നാണു് ഞാൻ കരുതിയതു്. എനിക്കു തെററി.

"പണ്ടത്തെ തമാശയൊന്നും പോയിട്ടില്ല......... ഇപ്പോഴും അഭിനയംതന്നെ.........ഓർക്കുന്നില്ലേ നമ്മുടെ പഴയ ശിവജ്ഞാനോദയം നാടകക്കമ്പനി.........?"

ഞാനോർത്തില്ല. എങ്ങനെ ഓർക്കാനാണു്? വളരെ വർഷങ്ങൾക്കു മുമ്പു്, കോളേജിൽ പഠിക്കുമ്പോൾ,

ആർട്ട്സ് ക്ലബ്ബിന്റെ ഉൽഘാടനവേളയിൽ, ഒരു നാടകത്തിന്റെ കഥാസംഗ്രഹം കർട്ടന്റെ പിന്നിൽ നിന്നുകൊണ്ടു് ഉച്ചത്തിൽ വായിച്ചിട്ടുള്ളതൊഴിച്ചാൽ, നാടകങ്ങളുമായി എനിക്കു് യാതൊരു ബന്ധവുമുണ്ടായിട്ടില്ല.

"ഓക്കുന്നില്ല..." അല്പനേരത്തെ മൗനത്തിനുശേഷം ഞാൻ പറഞ്ഞു.

"കളയണം ശങ്കുപ്പിള്ളേ! ശിവജ്ഞാനോദയം നാടകക്കമ്പനി...പൊള്ളാച്ചിക്കാരൻ കുപ്പൻ ചെട്ടിയാർ നടത്തിയിരുന്നതേ..."

ഞാൻ അമ്പരന്നു. എന്റെ പേർ ഗോപാലപിള്ളയെന്നാണു്. എന്നിട്ടും ചിരപരിചിതനെപ്പോലെ ഇയാൾ എന്നെ ശങ്കുപ്പിള്ളയെന്നു വിളിക്കുന്നു.

ഞാൻ ഒന്നും പറയാത്തതുകൊണ്ടു് അയാൾ തുടർന്നു: "നല്ല കഥ! ഇത്ര ഓർമ്മകേടോ? അതിനുമാത്രം പ്രായമൊന്നുമായില്ലല്ലോ...നമ്മുടെ സംഗീതകോവിലൻ കൂത്താട്ടുകുളത്തു കളിച്ചതോക്കുന്നോ? താൻ അന്നു് 'മാതവിയോ കണ്ണകിയോ വന്തവൾ നീയാർ ശൊൽ' പാടിയപ്പോൾ എന്തൊരു അപ്ലാസായിരുന്നു!"

ഇത്രയുമായപ്പോൾ ഞാൻ എന്റെ ഗൗരവഭാവം വെടിഞ്ഞു. ഈ അപരിചിതന്റെ സംഭാഷണം ഒരു വലിയ തമാശയായി എനിക്കു തോന്നി. എനിക്കൊരു പുതിയ ഭൂതകാലം സൃഷ്ടിച്ചുതരികയാണയാൾ. ഗ്രീസ് പെയിൻറിന്റെയും ഫുട്ട്ലൈററുകളുടെയും ലോകത്തിൽ ഞാൻ ജീവിച്ചിരുന്ന ഒരു പഴയകാലം!

ഈ തമാശ കുറേനേരം തുടർന്നുകളയാമെന്നു ഞാൻ നിശ്ചയിച്ചു.

"ഞാനെന്താ പാടിയതു്?"

"മാതവിയോ കണ്ണകിയോ—"

“വലിയ അപ്പാസായിരുന്നു,. അല്ലേ?”

“തകപ്പൻ അപ്പാസ്...കൊട്ടക പൊളിഞ്ഞു വീഴുമെന്നു തോന്നി...ചെട്ടിയാർ അന്നു സമ്മാനിച്ച സ്വർണ്ണ മെഡൽ ഇപ്പോഴുമുണ്ടോ?”

പണ്ടു ഞാൻ നാടകത്തിലഭിനയിച്ചിട്ടില്ലായിരിക്കാം. പക്ഷേ, ഇപ്പോൾ ആ പാക്ക്ബെഞ്ചിലിരുന്നുകൊണ്ടു ഞാൻ ഒന്നാംതരമായി അഭിനയിക്കയാണെന്ന് എനിക്കു തോന്നി.

“ആ മെഡൽ എന്നേ വിററുതിന്നു!” നെടുവീർപ്പോടുകൂടി ഞാൻ പറഞ്ഞു.

അപരിചിതൻ എൻെറ തൊട്ടടുത്തു വന്നിരുന്നു. ഒരു ബീഡി അയാൾ നീട്ടി. ഞാൻ സ്വീകരിച്ചു. എൻെറ പഴയ സ്നേഹിതൻ തന്നതല്ലേ!

“സംഗീതകോവിലന്നിൽ തനിക്കെന്തായിരുന്നു പാർട്ട്?”.

“ഇതെന്തൊരു ചോദ്യം ശങ്കുപ്പിള്ളേ! ഞാനല്ലായിരുന്നോ ‘വഞ്ചിപ്പത്തൻ!’ അന്നൊക്കെ വഞ്ചിപ്പത്തൻ കിട്ടുപിള്ളയെന്നു പറഞ്ഞാലേ ആളുകൾ എന്നെ അറിയൂ.”

സംഗീതകോവിലനാകുന്ന ചതുപ്പിൽ കൂടുതൽ പുതഞ്ഞുകൊണ്ടു ഞാൻ ചോദിച്ചു: “ആരായിരുന്നു മുൻ കോവിലൻ?”

“ഒരു പീറച്ചെറുക്കനില്ലായിരുന്നോ? എന്തോന്നാ അവൻെറ പേരു്...“ങ്ഹാ! കുട്ടപ്പൻ!”

എൻെറ ഭാവന ഉണർന്നുകഴിഞ്ഞിരുന്നു. ഞാൻ ചോദിച്ചു: “ഏതു്? ആ കൊക്കപ്പുഴ കുട്ടപ്പനോ?”

“അതുതന്നെ, അപ്പോൾ പണ്ടത്തെ കഥയൊന്നും

മുഴുവൻ മറന്നിട്ടില്ല. കൊച്ചുകള്ളാ!" കിട്ടുപിള്ള സ്നേഹപൂർവ്വം എന്നെയൊന്നു നുള്ളി.

രസകരമായ ഈ സംഭാഷണം തുടരാൻ പുതിയ (അല്ല—പഴയ) ഓർമ്മകൾ ഞാൻ സൃഷ്ടിക്കുന്നതിനിടയിൽ, കിട്ടുപിള്ള തുടർന്നു: "ആ കാര്യങ്ങളും സംഭവം ഓർക്കുമ്പോൾ ഇപ്പോഴും ചിരി വരുന്നു."

ഞാൻ മിഴിച്ചു നോക്കി.

"അന്നു രാത്രി സ്റ്റേജിൽ ഒരു കള്ളുകുടിയൻ കയറിവന്നു് മാതവിയെ പിടിക്കാൻ തുടങ്ങിയപ്പോൾ—"

ഞാൻ ഇടയ്ക്കു ചാടിവീണു. "അതെയതെ...ഞാനവൻെറ കരണക്കുറ്റിനോക്കി ഒന്നു കൊടുത്തു, ഇല്ലേ?"

കിട്ടുപിള്ള ചിരിച്ചു. "പിന്നെയല്ലാതെ! തനിക്കു് ആയിടെ മാതവിയോടു ലേശം പ്രേമമായിരുന്നു, അല്ലേ? തന്നെ കുററം പറഞ്ഞുകൂടാ. ആ രാധാകൃഷ്ണൻ ടോപ്പും വെച്ചു് ചേലയുമുടുത്തു് മാതവിയായിട്ടു വന്നാൽ ആരും കണ്ണുമിഴിച്ചു നോക്കിപ്പോകും."

മാതവിയെക്കുറിച്ചുള്ള സ്മരണകൾ അയവിറക്കുന്ന മട്ടിൽ ഞാൻ ആകാശത്തിലേക്കു നോക്കി.

"പക്ഷേ, ഗുലേബകാവലിയിലാണു് താൻ തകർത്തതു്." ഇതു പറയുമ്പോൾ കിട്ടുപിള്ള എന്നെ തെല്ലു് ആരാധനാപൂർവ്വമാണു നോക്കിയതു്.

"ഞാൻ അതിലാരായിരുന്നു?"

"രാജാപ്പാർട്ടു്."

"അതെയതെ..."

"അതിലെ ഫസ്റ്റു് സീനിൽത്തന്നെ താൻ കസറിക്കളഞ്ഞു. പാട്ടുപാടിക്കൊണ്ടു വേട്ടയ്ക്കിറങ്ങുന്നരംഗം..."

"ഹാർമ്മോണിസ്റ്റു് ആരായിരുന്നു?" ഞാൻ തിരക്കി.

"കുയിൽനാദം കുളന്തവേലു ഭാഗവതർ. തന്റെയടു ത്തേ കുളന്തവേലു അടിയറ പറഞ്ഞിട്ടുള്ളു. അന്നു തന്റെ ശാരീരം ഒന്നു വേറെതന്നെയായിരുന്നു. എന്തൊരു ശബ്ദം! കൊട്ടകയുടെ പുറത്തുകൂടി തന്റെ പാട്ടു കേൾക്കാം."

"ചരിത്രനാടകമൊന്നും നമ്മളഭിനയിച്ചിട്ടില്ലേ?"

"പിന്നെയില്ലേ! രാജാ ദേശിംഗ്രാജൻ."

"അതാദ്യം കളിച്ചതെവിടെയാ?"

"ആദ്യവും അവസാനവുമായി അതു് ഒരിക്കലല്ലേ കളിച്ചുള്ളു—വടക്കാഞ്ചേരിയിൽവച്ചു്..."

"ഒരിക്കലേ കളിച്ചുള്ളോ?"

"അതെ. അന്നു തമിഴ് സംഗീതനാടകങ്ങളുടെ മാർക്കറ്റ് ഇടിഞ്ഞുതുടങ്ങിയിരുന്നല്ലോ...ആളുകൾ കല്ലെ റിഞ്ഞു."

"നമ്മളെയോ?"

"അതെ. കർട്ടൻ പൊങ്ങിയപ്പോൾത്തന്നെ കൂക്കി വിളി ഉയർന്നു. രണ്ടാംസീനിൽ താൻ വാളും പരിചയു മായി വന്നപ്പോൾ കല്ലേറും തുടങ്ങി."

"ആരു്?"

"കലാരസികരായ നാട്ടുകാർ."

"എന്നിട്ടു്?"

"ഏറൊക്കെ താൻ പരിചകൊണ്ടു തടുത്തു..."

"ഹോ! ചരിത്രനാടകമായതു നന്നായി. അല്ലെ ങ്കിൽ എന്റെ ഗതി എന്തായേനെ!"

"അന്നു തീരുമാനിച്ചു..."

"ആരു്?"

"പൊള്ളാച്ചി കുപ്പൻ ചെട്ടിയാർ."

"എന്തു്?"

"ശിവജ്ഞാനോദയം നാടകക്കമ്പനി പിരിച്ചുവിടാൻ."

"അതു മോശമായിപ്പോയി. ഒന്നുകൂടി ആ നാടകം കളിച്ചുനോക്കേണ്ടിയിരുന്നു." ഞാൻ പറഞ്ഞു.

"അപ്പോൾ നാടകനോട്ടീസ് മാററിയടിക്കേണ്ടി വന്നേനെ" കിട്ടുപിള്ള പറഞ്ഞു.

"എങ്ങനെ?"

"വരുവിൻ, കാണുവിൻ, കല്ലെറിയിൻ!"

"അപ്പോൾ കമ്പനി പിരിച്ചുവിട്ടു?"

"വിട്ടു."

"എന്നിട്ടു നമ്മളെന്തുചെയ്തു?"

"എനിക്കു കണക്കുതീർത്ത് അമ്പത്തെട്ടു രൂപായോളം കിട്ടി."

"എനിക്കോ?" ഞാൻ ചോദിച്ചു.

"തനിക്ക് അറുപത്തിമൂന്ന്......"

"അറുപത്തിമൂന്ന്! അക്കാലത്ത് അതൊരു നല്ല തുകയായിരുന്നു. എന്താ?" ഒരു എക്കണോമിക്സ് പ്രഫസർക്കുപററിയ സ്വരത്തിലാണു ഞാൻ സംസാരിച്ചത്.

"സംശയമുണ്ടോ! പക്ഷേ, അന്നു താനതു മനസ്സിലാക്കിയില്ല."

അയാൾ എന്നെ കുററപ്പെടുത്തുന്നപോലെ തോന്നി.

"എന്നുവെച്ചാൽ — ?"

"താൻ ആളു വീരനല്ലേ? നമ്മുടെ വടക്കാഞ്ചേരി ക്യാമ്പിൽ വന്ന ആ കോങ്കണ്ണി പങ്കജാക്ഷിക്കു താൻ മുപ്പതു രൂപാ കൊടുത്തുകളഞ്ഞു."

ഞാൻ ഞെട്ടി. സാധുവും ബുദ്ധിഹീനനും സെക്രട്ടേറിയററ് ക്ലാർക്കും ഏകപത്നീവ്രതത്തിൻെറ കാര്യ

ത്തിൽ ശ്രീരാമൻെറ കൊച്ചനുജനുമായ ഞാൻ ഒരു പങ്ക ജാക്ഷിക്ക് മുപ്പത്തു രൂപാ നൽകിയത്രെ! എന്നാൽ അടുത്ത ക്ഷണത്തിൽ എൻെറ ഞെട്ടൽ മാറി. ഇയാൾ പറയുന്ന തരത്തിലുള്ള സംഭവബഹുലമായ ഒരു ജീവിതമല്ലേ, ഒരു യാന്ത്രികജീവിതത്തേക്കാൾ ആനന്ദകരം? ഭാവനയിൽ ഞാൻ ഒരു സാഹസികനും തെമ്മാടിയുമായി മാറി. ഞാനിങ്ങനെ പറഞ്ഞു:

"കോങ്കണ്ണിയായാലെന്താ? അവളൊരു മഹാ രസി കത്തിയായിരുന്നു."

"അവളൊന്നിച്ചു താൻ ബസ്സിൽ ഇരിഞ്ഞാലക്കുട യ്ക്കുപോയശേഷം, ഇന്നാണു് തന്നെക്കണ്ടുകിട്ടുന്നതു്. ഹോ! കൊല്ലമെത്രയായി!"

"താനെന്തുചെയ്തു?" ഞാൻ ചോദിച്ചു.

"എൻെറ അമ്പത്തെട്ടു രൂപാകൊണ്ടു് ഞാൻ അങ്ക മാലിയിൽ ഒരു ഹോട്ടൽ തുടങ്ങി."

"നല്ല വരവുണ്ടായോ?"

"പററുവരവുകാരുടെ ഈ നാട്ടിൽ എങ്ങനെ വര വുണ്ടാകും? ഞാൻ പൊളിഞ്ഞു.

"എന്നിട്ടോ?"

"എന്നിട്ടും ഹോട്ടൽ നടത്തി. എന്തെങ്കിലുമൊരു തൊഴിൽ വേണ്ടേ? വാഴപ്പള്ളിയിലും വൈക്കത്തും മട്ടാ ഞ്ചേരിയിലുമെല്ലാം മൂന്നും നാലും മാസംവീതം ഹോട്ടൽക്ക ച്ചവടം ചെയ്തു......ഒരിടത്തും ഗുണംപിടിച്ചില്ല.......ഒടു വിൽ ബിസ്സിനസ്സ നിറുത്തി...താനെന്തുചെയ്തു, പറയൂ.

സെക്രട്ടേറിയററു ക്ലാർക്കായ ഞാൻ ഒരു കഥ മെന ഞ്ഞെടുത്തു. "പങ്കജാക്ഷിയെ ഒരുത്തൻ തട്ടിക്കൊണ്ടു പോയശേഷം ഞാൻ കുറേക്കാലം സന്യാസവൃത്തി സ്വീ കരിച്ചു. ആയിടെ ഒരമ്മാവൻ മരിച്ചു. കുറെ പണമെ

നിക്കകിട്ടി. കാഷായവസ്ത്രം വലിച്ചെറിഞ്ഞിട്ട് ഞാനൊരു സൈക്കിൾഷാപ്പു തുടങ്ങി. ഇപ്പോൾ അതു നടത്തുകയാണ്. നാലു സൈക്കളുണ്ട്. ദിവസം രണ്ടും മൂന്നും രൂപാ വാടകയായിക്കിട്ടും."

"ഭാഗ്യവാൻ!" കിട്ടുപിള്ള അസൂയകലന്ന സ്വരത്തിലാണിതു പറഞ്ഞതു്.

"ആട്ടെ...ഇപ്പോഴെന്തു ചെയ്യുന്നു?" കിട്ടുപിള്ളയുടെ ഉപജീവനമാർഗ്ഗം ഞാൻ അന്വേഷിച്ചു.

"ഒരു ഹോബിയിൽ ഏർപ്പെട്ടിരിക്കയാണു്."

"എന്തു ഹോബി? സ്റ്റാമ്പുശേഖരണമോ?"

"ഛെ!" കിട്ടുപിള്ള ഒന്നു കാക്കിച്ചുതുപ്പി. "സ്റ്റാമ്പും, തീപ്പെട്ടിലേബലും ശേഖരിക്കാൻ ഞാനെന്താ കൊച്ചുകുട്ടിയാണോ? എൻേറതു പുതിയൊരു ഹോബിയാണു്..." ഒരു പുതിയ ബീഡി കത്തിച്ചശേഷം കിട്ടുപിള്ള തുടർന്നു: "ഒററനോട്ടുകളുടെ നമ്പർ ശേഖരിക്കുകയാണു് ഞാൻ."

"എന്തിനാ അതു്?"

"ശങ്കുപ്പിള്ളേ, ഇതെന്തൊരു ചോദ്യം? ഇതാണെൻെറ ഹോബി—അത്രതന്നെ! ഇതിനകം ഞാൻ രണ്ടായിരത്തിമുന്നൂറു് ഒററനോട്ടുകളുടെ നമ്പർ ശേഖരിച്ചുകഴിഞ്ഞു."

പഴയ നാണയങ്ങൾ, പിക്ചർ, പോസ്ററുകാർഡുകൾ, പലതരം കക്കകൾ എന്നിവയൊക്കെ ശേഖരിക്കുന്നതു് മാന്യമായ ഹോബികളാണെങ്കിൽ, എന്തുകൊണ്ട് കിട്ടുപിള്ളയുടെ കിറുക്കും ഒരു ഹോബിയായി അംഗീകരിക്കപ്പെട്ടുക്കൂടാ?

"നിങ്ങളുടെ കൈയിൽ ഒററനോട്ടുകളുണ്ടോ?" അയാൾ ചോദിച്ചു.

കീശയിൽ ചുരുണ്ടു കിടന്നിരുന്ന ആറു് ഒററനോട്ടുകൾ ഞാൻ പുറത്തെടുത്തു.

അടുത്തുള്ള പുൽത്തകിടിയിൽ ആരോ ഉപേക്ഷിച്ചു പോയിരുന്ന ഒരു ഒഴിഞ്ഞ സിഗരററു് പാക്കററു് കിട്ടുപിള്ള പെറുക്കിയെടുത്തു; കീശയുടെ അഗാധതയിൽനിന്നു് ഒരു പെൻസിലും.

"നമ്പറുകൾ വായിച്ചുപറയൂ. ഞാൻ ഒന്നെഴുതിക്കോട്ടെ" കിട്ടുപിള്ള അഭ്യർത്ഥിച്ചു.

ഞാൻ വായിച്ചുതുടങ്ങി: "എച്ചു്- മുപ്പത്തിരണ്ടു്—206739 ബി......"

സിഗരററുപാക്കററിന്റെ പിന്നിൽ അയാൾ ആറു നമ്പറുകളും കുറിച്ചെടുത്തു.

"രണ്ടായിരത്തി മുന്നൂററാറു്!"

"എന്തു്?"

"ഇപ്പോൾ രണ്ടായിരത്തി മുന്നൂററാറു നമ്പരുകളായി എന്റെ കളക്ഷനിൽ." കിട്ടുപിള്ള വിശദീകരിച്ചു.

സിഗരററുപാക്കററും പെൻസിൽക്കഷണവും കീശയിലാക്കിക്കൊണ്ടു് അയാൾ ചോദിച്ചു: "ശങ്കുപ്പിള്ളേ, എന്താ പണം കീശയിലിട്ടു നടക്കുന്നതു്? ഒരു പേഴ്സ് വാങ്ങിക്കൂടെ?"

"ഓ! ഞാൻ പേഴ്സ് കൊണ്ടുനടക്കാറില്ല. പേഴ്സിലിട്ടുവെയ്ക്കാൻമാത്രം എനിക്കു പണമുണ്ടോ?"

ആത്മാർത്ഥത തുളുമ്പിനിന്ന സ്വരത്തിലയാൾ ഉണർത്തിച്ചു: "അങ്ങനെ വിചാരിക്കരുതു്. പണം എപ്പോഴും പേഴ്സിലിട്ടുവേണം സൂക്ഷിക്കാൻ—ഇന്നുതന്നെ തുടങ്ങു! എന്റെ കൈയിൽ ഒരു 'സ്പെയർ' പേഴ്സുണ്ടു്—ദാ! ഇതു് എന്റെ ഓർമ്മയ്ക്കായി സൂക്ഷി

ച്ചോളൂ. എൻെറ മേൽവിലാസമുള്ള കാർഡും ഇതിൽ വച്ചിട്ടുണ്ട്. വല്ലപ്പോഴും എന്നെവന്നു കണ്ടുകൂടെ?"

അയാൾ തന്ന പ്ലാസ്റ്റിക് പേഴ്സ് ഞാൻ നന്ദി പൂർവ്വം സ്വീകരിച്ചു. "കാലിയാണല്ലോ?" ഞാൻ ചോദിച്ചു.

കിട്ടുപിള്ള ചിരിച്ചു. "ഒരു ഓട്ടക്കാലണ അതിലുണ്ട് പേഴ്സ് ഒഴിഞ്ഞുകിടക്കരുതെന്നല്ലേ പ്രമാണം?"

എൻെറ ആറു നോട്ടുകളും ഭദ്രമായി പേഴ്സിലിട്ട ശേഷം ഞാൻ അതു് കീശയിലിട്ടു.

അപ്പോഴാണ് കിട്ടുപിള്ള ഉറക്കെ നിലവിളിച്ചതു് "ഓടിവരണേ—ഓടിവരണേ!"

"എന്തായിതു്?" അമ്പരന്നുകൊണ്ടു് ഞാൻ എഴു ന്നേററു.

ഉത്തരം പറയുന്നതിനു പകരം, ആകാശത്തിലേക്കു കൈകളെറിഞ്ഞുകൊണ്ടു് കിട്ടുപിള്ള വീണ്ടും നില വിളിച്ചു. "അയ്യോ, ഇവിടാരുമില്ലേ—ഓടി വരണേ."

ശബ്ദം കേട്ട് ഒന്നുരണ്ടുപേർ ഓടിവന്നു.

"അയ്യോ! ഇതെന്തൊരന്യായം! ഇതു വെള്ളരിക്കാ പ്പട്ടണമോ—" കിട്ടുപിള്ള വിളിച്ചുകൂവി.

അകലെനിന്നും ഒരു ചുവന്ന തൊപ്പി നടന്നെത്തും.

പോലീസുകാരനെ നോക്കിക്കൊണ്ടു് കിട്ടുപിള്ള രോദനം തുടന്നു: "സാറേ, രക്ഷിക്കണേ—"

പോലീസുകാരൻ കാര്യമെന്താണെന്നു ചോദിച്ചു.

എൻെറനേക്കു കിട്ടുപിള്ള വിരൽ ചൂണ്ടി:— "എൻെറ പേഴ്സ് ഇയ്യാൾ തട്ടിയെടുത്തു."

"എന്തു്!" ഞാൻ ആക്രോശിച്ചു.

“കണ്ടാൽ മാന്യനാണ്. തീപ്പെട്ടിയുണ്ടോ എന്നു ചോദിച്ചപ്പോൾ ഞാൻ അടുത്തുചെന്നു തീപ്പെട്ടി നീട്ടി. എന്നെക്കയറി ഒററപ്പിടുത്തം! എൻെറ പേഴ്സ് അവ ൻെറ കൈയിൽ! ആറു് ഒററരൂപയുണ്ടായിരുന്നു അതിൽ!” പോലീസുകാരൻെറ കുപ്പായത്തിൽ കയറിപ്പിടിച്ചു കൊണ്ടു് കിട്ടുപിള്ള വാവിട്ടു കരഞ്ഞു.

എൻെറ തല കറങ്ങി.

പോലീസുകാരൻ എന്നെനോക്കി മീശ മുറുക്കി: “ശരിയാണോ ഇയാൾ പറയുന്നതു്?”

“ഞാൻ...ഞാൻ...” എൻെറ തൊണ്ടയി ടറിപ്പോയി.

“ഇയാളുടെ പോക്കററിലുണ്ടു് പേഴ്സ്—എൻെറ വിസിററിംഗ്കാർഡുള്ള പേഴ്സ്.”

ഒരു മിന്നൽ പരിശോധന നടത്തി എൻെറ കീശ യിൽനിന്നും പോലീസുകാരൻ ആ പേഴ്സ് കണ്ടെ ടുത്തു്. കിട്ടുപിള്ളയുടെ പേരെഴുതിയ കാർഡു് അതിന കത്തുനിന്നും പല്ലിളിച്ചു.

“തെളിവു തരാം...അതിലുള്ള ആറു നോട്ടിൻെറയും നമ്പർ ഞാൻ പറയാം.” കിട്ടുപിള്ള ആ സിഗരററു പാക്കററിൽ കുറിച്ച നമ്പറുകൾ പറഞ്ഞുതുടങ്ങി. പോലീസുകാരൻ നോട്ടുകൾ നോക്കി. എല്ലാ നമ്പറുകളും കിട്ടുപിള്ള പറഞ്ഞതുതന്നെ. ഇതിലേറെ എന്തു തെളി വുവേണം?

പോലീസുകാരൻ എൻെറ കഴുത്തിനു കുത്തിപ്പി ടിച്ചു. “ങ്ഹും! വേഷംകെട്ടി നടക്കുന്നു, കള്ള ബഡവാ!”

“എന്നെ നിങ്ങൾ തെററിദ്ധരിക്കുകയാണു്.” വല്ല രെപ്പണിപ്പെട്ടു ഞാൻ സംസാരിക്കാൻ തുടങ്ങി.

"എടാ റാസ്കൽ! പ്രസംഗിക്കുന്നോ? മിണ്ടിപ്പോകരുത്..." പോലീസുകാരൻ കയർത്തു.

ചുററുമുള്ള മററാളുകളെ സഹതാപത്തിനുവേണ്ടി ദാഹിച്ച ഞാൻ, നോക്കി. അവരെല്ലാം എന്നെ ക്രൂദ്ധഭാവത്തിൽ നോക്കുകയാണു്.

"കേസ് ചാർജ്ജുചെയ്യുകളയാം" പോലീസുകാരൻ പ്രഖ്യാപിച്ചു.

പെട്ടെന്നു് അതിർകവിഞ്ഞ ഔദാര്യത്തിൻെറ ചിത്രമായി മാറി കിട്ടുപിള്ള.

"വേണ്ട സാർ—കേസും കുട്ടവുമൊന്നും വേണ്ട. എനിക്കു കോടതികയറാനൊന്നും വയ്യ...ഇയാൾക്കും കാണില്ലേ ഭാര്യയും കുട്ടികളും...ഇയാളെ ആറുമാസം ജയിലിലാക്കിയാൽ എനിക്കെന്തു കിട്ടാനാണു്? എനിക്കെൻെറ പണം കിട്ടണമെന്നേയുള്ളു."

"എടാ, ഈ മനുഷ്യൻ നല്ലവനായതുകൊണ്ടു് നീയിത്തവണ രക്ഷപ്പെട്ടു. ഈ പ്രദേശത്തെങ്ങും നിന്നെയിനി കണ്ടുപോകരുതു്!" എന്നെ നോക്കി ഗജ്ജിച്ചശേഷം പേഴ്സ് പോലീസുകാരൻ കിട്ടുപിള്ളയ്ക്കു നൽകി.

വളരെ വിനീതനായി പോലീസുകാരനു് നന്ദിപറഞ്ഞശേഷം, ആ ഭയങ്കരൻ സ്ഥലംവിട്ടു. വളരെ വേഗത്തിലാണയാൾ നടന്നുപോയതു്.

ആളുകൾ പിരിഞ്ഞു. പോലീസുകാരൻമാത്രം അല്പനേരം നിന്നു.

"പബ്ളിക്കു് സ്ഥലമായിപ്പോയി. അല്ലെങ്കിൽ നിനക്കു ഞാൻ രണ്ടു തന്നേനെ." അയാൾ പറഞ്ഞു.

"സാറേ!" ഭയവും ഭക്തിയും മുററിനിന്ന സ്വരത്തിൽ ഞാനയാളെ സംബോധനചെയ്തു. അടുക്കും

ചിട്ടയും കൂടാതെയാണെങ്കിലും നടന്ന സംഭവം മുഴുവൻ ഞാൻ പറഞ്ഞുകേൾപ്പിച്ചു.

ആ പോലീസുകാരൻ പൊട്ടിച്ചിരിക്കുകയാണുണ്ടായതു്. "താൻ പറയുന്നതു സത്യമാണെന്നുതന്നെയിരിക്കട്ടെ. ഞാനെന്തുചെയ്യും? അവനെയിനി എവിടെയിട്ടു പിടിക്കും?" അയാൾ നടന്നുതുടങ്ങി. പോകുമ്പോൾ ഒന്നു തിരിഞ്ഞുനോക്കിയിട്ടു് അയാൾ കൂട്ടിച്ചേർത്തു: "...പിന്നെ, താൻ പറയുന്നതു് എനിക്കു വിശ്വാസമാകുന്നുമില്ല."

# മോട്ടോർകാർ പുരാണം

ഈ കഥ ആസ്വാദിക്കണമെങ്കിൽ, എറണാകുളം പട്ടണത്തിൻെറ രണ്ടറത്തും പ്രതിഷ്ഠിച്ചിട്ടുള്ള രണ്ടു ബോർഡുകളെപ്പററി വായനക്കാർ മനസ്സിലാക്കിയിരിക്കണം. ("പ്രിയപ്പെട്ട വായനക്കാർ" എന്നു പറഞ്ഞിരുന്നെങ്കിൽ, തുടക്കം തികച്ചും പഴഞ്ചനാകുമായിരുന്നു; അല്ലേ?)

കൊതുകിനും, കുണ്ടുകുഴികൾ നിറഞ്ഞ റോഡുകൾക്കും, ജലക്ഷാമത്തിനും, അമിതമായ വീട്ടുവാടകയ്ക്കും, കേസില്ലാത്ത യുവവക്കീലന്മാർക്കും കീർത്തികേട്ട ഈ പട്ടണത്തെ ആലുവായിൽനിന്നോ, കൊച്ചിയിൽനിന്നോ സമീപിക്കാം. (ഭൂമിശാസ്ത്രം തെററിയെങ്കിൽ മാപ്പാക്കണം.)

എങ്ങനെ സമീപിച്ചാലും ശരി, ക്രൂരനൊരു ബോർഡ് ഇങ്ങനെ വിളംബരം ചെയ്യുന്നതു കാണാം: "വെൽകം ടു എറണാകുളം!" ആ വാക്കുകൾക്കു ചുവടെ, പട്ടണത്തിൻെറ വിസ്തീർണ്ണം, ജനസംഖ്യ, കാറുകൾ ഓടേണ്ട വേഗം എന്നിവയെപ്പററി കുറിപ്പുകൾ കാണാം. ബോർഡിൻെറ മറുഭാഗത്ത് "ഗുഡ്ബൈ, കം എഗൈൻ, എന്നാണെഴുതിയിരിക്കുന്നത്. എത്ര കാഴ്ചകുറഞ്ഞ ഡ്രൈവറും ഈ വാക്കുകൾ കാണും. അത്ര വലിയ അക്ഷരങ്ങളാണു പറയുന്നത്, "ഗുഡ്ബൈ......കം എഗൈൻ!" എന്നു.

......വിട, വീണ്ടും വരൂ......

എറണാകുളം വിട്ടുപോകുന്നവരുടെ ഹൃദയത്തിൽ ഈ വാക്കുകൾ തങ്ങിനില്ക്കും.

ഗുഡ്ബൈ, കം എഗൈൻ......

.. ...കം എഗൈൻ......

......വീണ്ടും വരൂ......

അവർ വീണ്ടും വരും.

ഈ മഹത്തായ പട്ടണത്തിൽ പണ്ടൊരുകാലത്തു് ഒരു മിസ്റ്റർ കെ. എൽ ആർ. പിള്ള താമസിച്ചിരുന്നു. അദ്ദേഹത്തിനൊരു കാറുണ്ടായിരുന്നു. കെ. എൽ. ആർ. രജിസ്ട്രേഷനുള്ള ഒരു വാഹനം. (പിള്ളയുടെ ആദ്യക്ഷരങ്ങൾക്കും കാറിൻെറ നമ്പർപ്ലേററിലുള്ള 'കെ. എൽ. ആറിനും' ബന്ധമൊന്നുമില്ല, കേട്ടോ!) ഈ കാർ ഇന്നോളം അപകടത്തിലൊന്നും പെട്ടിട്ടില്ല. പെട്ടിരുന്നെങ്കിൽ, കവിതാവാസനയുള്ള ഏതെങ്കിലും സബ്-എഡിററർ നമുക്കിങ്ങനെയൊരു തലവാചകം സംഭാവന ചെയ്യേനെ: "കെ. എൽ. ആർ. പിള്ളയുടെ കെ. എൽ. ആർ വണ്ടിക്കു വയലാറിൽവെച്ചുണ്ടായ തകരാറു്."

കാറുകൾ നിർമ്മിച്ചുതുടങ്ങിയ കാലത്താണു് ഈ കാറിൻെറ ജനനം. അന്നു് എഡ്വേർഡ് ഏഴാമൻ ഇന്ത്യാചക്രവർത്തിയായിരുന്നെന്നാണു് ചരിത്രകാരനായ ഒരു സ്നേഹിതൻ പറയുന്നതു്. ജോർജ്ജ് പഞ്ചമൻ വന്നു, എഡ്വേർഡ് ഏഴാമൻ സ്ഥാനത്യാഗം ചെയ്തു, ജോർജ്ജ് ആറാമൻ ഭരിച്ചു, ലോകമഹായുദ്ധങ്ങൾ നടന്നു, പഴയ ഡിക്റ്റേററന്മാർ മരിച്ചു, പുതിയവർ ഉയന്നു, ഭാരതം സ്വാതന്ത്ര്യയായി, തെരഞ്ഞെടുപ്പുകൾ നടന്നു, മുന്നും പിന്നും കൂത്ത നീണ്ട സുന്ദരന്മാരായ കാറുകൾ നിർമ്മിക്കപ്പെട്ടു—ഇങ്ങനെ പലതും നടന്നു. ആണ്ടുകൾ പാഞ്ഞു പാഞ്ഞുപോയി. എന്നിട്ടും കെ. എൽ. ആർ. വണ്ടി,

കോട്ടംതട്ടാതെ ഓടിക്കൊണ്ടിരുന്നു. ('കോട്ടംതട്ടാതെ' എന്നുപറയുന്നതു് അല്പം അതിശയോക്തിയാണെന്നു് സമ്മതിക്കുന്നു. കഥ നടക്കുന്നകാലത്തു് ഈ കാറിന്റെ ഡോർ ശരിക്കടയുകയില്ല. അതിനാൽ കുററിയും കൊളുത്തുമിട്ടിരിക്കയാണു്. സ്റ്റാർട്ടർ കേടായി, ഇപ്പോൾ രണ്ടു വയറുകൾ തമ്മിലുരച്ചാലേ കാർ ഞെരങ്ങിത്തുടങ്ങൂ; ചിലപ്പോൾ ലേശം ഉന്തുകയുംവേണം. ടയറുകളിൽ അങ്ങിങ്ങു് തുന്നിച്ചേർത്തിട്ടുള്ളതിനാൽ കാറോട്ടുമ്പോൾ വല്ലാത്ത കുട്ടക്കമുണ്ടു്. എക്സ്ഹാസ്റ്റിൽക്കൂടെ പുകപടലങ്ങൾ വമിക്കുന്ന കാര്യവും പ്രസ്താവയോഗ്യമത്രെ. ഇങ്ങനെയൊക്കെയായാലും, ഇന്നുവരെ ഗണനീയമായ ഒരൊററ ബ്രേക്ക്ഡൗൺപോലുമില്ലാതെ ഈ കാർ ഓടുന്നുണ്ടു്. അതിനാൽ 'കോട്ടംതട്ടാതെ' എന്ന പ്രയോഗം നടത്താൻ ഞാൻ മുതിർന്നതാണു്.)

കെ. എൽ. ആർ. പിള്ളയ്ക്കു് തന്റെ കാറിനെപ്പററി അത്യധികമായ അഭിമാനമുണ്ടു്. "ഇപ്പോഴത്തെ വണ്ടികളൊക്കെ എന്തിനുകൊള്ളാം? അയ്യായിരം മൈലോടുമ്പോഴേയ്ക്കും അഞ്ചുതവണ വർക്ക്ഷോപ്പിൽ കയററണം. ഒന്നിനെങ്കിലും നല്ല എഞ്ചിനില്ല ഇതാ എന്റെ വണ്ടി നോക്കണം......ഫസ്റ്റ്ക്ലാസ് എഞ്ചിനാണു്..." അയാൾ പറഞ്ഞുതുടങ്ങും.

മററുചിലപ്പോൾ അയാൾ പറയും: "പെട്രോൾ ഒഴിക്കണമെന്നില്ല, ഒരു കുപ്പി പെട്രോൾ ഒരു വടിയിൽ കെട്ടിത്തൂക്കി കാറിന്റെ മുമ്പിൽ പിടിച്ചുകൊടുത്താൽ മതി, ഇതോടിക്കൊള്ളും..."

കെ. എൽ. ആർ. പിള്ള തന്റെ കാർ വിൽക്കാൻ പോകുന്നുവെന്നു് കേട്ടപ്പോൾ എറണാകുളംപട്ടണം ആ വാർത്ത വിശ്വസിക്കാൻ ആദ്യം തയാറായില്ല. വർഷക്ക

ണക്കായി കൊണ്ടുനടക്കുന്ന, ഒരു ഭാര്യയെപ്പോലെ താൻ സ്നേഹിക്കുന്ന കാർ, പിള്ള വിൽക്കുമോ? ദോഷൈകദൃക്കുകൾ പറഞ്ഞതിങ്ങനെയാണ്: "പിള്ള വിൽക്കാൻ തയ്യാറായാലും ഈ കാർ ആരെങ്കിലും വാങ്ങുമോ!"

രണ്ടഭിപ്രായവും തെററായിരുന്നു.

പിള്ള കാർ വിൽക്കാനും ഒരാളത് വങ്ങാനും തയ്യാറായി.

രൂപാ വാങ്ങിക്കൊണ്ട് കാർ വിട്ടുകൊടുത്തപ്പോൾ പിള്ള പറഞ്ഞു: "വില തുച്ഛം, ഗുണം മെച്ചം!"

വാങ്ങിയ മനുഷ്യൻ കാറോടിച്ചുകൊണ്ടുപോയി.

ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അയാൾ വിയർത്തൊലിച്ച് ഒരു സൈക്കളിൽ തിരിച്ചെത്തി.

"കാറെവിടെ?" പിള്ള തിരക്കി.

"വഴിയിൽ കിടക്കുന്നു! ഓടുന്നില്ല." വാങ്ങിയ മനുഷ്യൻ പറഞ്ഞു.

"ഛെ! അങ്ങിനെ വരില്ല!" പിള്ള പറഞ്ഞു."

"വന്നു നോക്കണം, ഹേ!" മറേറയാൾ കയർത്തു.

പിള്ള സൈക്കളിൻെറ കാരിയറിൽ കയറിയിരുന്നു; മറേറയാൾ ചവുട്ടി.

ഒടുവിൽ അവർ കാർ കിടന്ന സ്ഥലത്തെത്തി. കഥയുടെ ആരംഭത്തിൽ പറഞ്ഞ ബോർഡിനടുത്താണ്. കാർ കിടന്നിരുന്നത്.

പെട്ടെന്നു പിള്ള ചിരിച്ചുതുടങ്ങി.

"എന്താ ഹേ, ചിരിക്കുന്നത്?" മറേറയാൾക്കു ദേഷ്യം വർദ്ധിച്ചു.

ദേ, ഈ ബോർഡു നോക്കൂ." പിള്ള പറഞ്ഞു.

മറേറയാൾ നോക്കി. എന്നിട്ടും അയാൾക്കു കാര്യം മനസ്സിലായില്ല.

"സ്വയം വ്യക്തമായ ഒരു കാര്യം മനസ്സിലാക്കാൻ ബുദ്ധിയില്ലേ തനിക്കു്?" എന്നു ചോദിക്കുന്ന മട്ടിൽ പിള്ള അയാളെ നോക്കി.

പിന്നീടു പിള്ള പറഞ്ഞു: "ഈ ബോർഡു കഴിഞ്ഞാൽ എറണാകുളം കഴിഞ്ഞു. എൻെറ കാർ എറണാകുളത്തു വളൎന്നതാണു്. എറണാകുളം വിട്ടുപോകാൻ അവൾക്കു സമ്മതമില്ല. അതാണവൾ ഇവിടെ കിടന്നു പോയതു്. പക്ഷേ, എറണാകുളത്തെവിടെയും അവൾ ഓടും...മറേറതു കാറിനേയും അതിശയിക്കത്തക്ക തരത്തിലോടും."

പിള്ള കാർ ഉന്തിത്തിരിച്ചു.

"കേറൂ" പിള്ള പറഞ്ഞു.

പിള്ളയും മറേറയാളും കാറിൽ കയറി കതകിൻെറ കൊളുത്തിട്ടു. പിള്ള രണ്ടു വയറുകൾ കൂട്ടിമുട്ടിച്ചു.

ശരം വിട്ടതുപോലെ കാർ എറണാകുളത്തേക്കു പാഞ്ഞു.

# സാക്ഷി

കള്ളുഷാപ്പിനടുത്തുള്ള കവലയിൽവച്ചു് ഔസേപ്പു മുതലാളി രാമുണ്ണിയെ തല്ലി.

മുതലാളിയുടെ പറമ്പിൽനിന്നു് ഇടയ്ക്കിടെ, തേങ്ങാമോഷണംപോകാറുണ്ടു്. കള്ളനാരാണെന്നു് ആൎക്കും അറിഞ്ഞുകൂടായിരുന്നു. എങ്കിലും മുതലാളി സംശയിച്ചുപോയതു് രാമുണ്ണിയെയാണു്. അവനോടു നേരിട്ടിതിനെപ്പററി ചോദിക്കണമെന്നു പലപ്പോഴും മുതലാളി വിചാരിച്ചിട്ടുണ്ടു്. പക്ഷേ, ചോദിച്ചിട്ടില്ല. എങ്ങനെ ചോദിക്കും? തെളിവൊന്നുമില്ല. രാമുണ്ണി തിരിഞ്ഞുനിന്നു് തന്നെ തെറിപറഞ്ഞാലോ? അവൻ ചെറിയൊരു ചട്ടമ്പിയാണു്. കുപിതനായി അവൻ തന്റെ കരണക്കുററിക്കൊന്നു തന്നാലോ? അങ്ങനെ വല്ലതും സംഭവിച്ചാൽ കുറച്ചിലാവും. തന്നോടു സഹതപിക്കാൻ ആരുമുണ്ടാവില്ല. അവിടെയുള്ള ഏക പലചരക്കുകടയുടെ ഉടമസ്ഥനെന്ന നിലയിൽ പലരുടേയും വിരോധം താൻ സമ്പാദിച്ചിട്ടുണ്ടു്. കടം കൊടുക്കാഞ്ഞാൽ ആൾക്കാർ മുഷിയും. ദാരിദ്ര്യം നിറഞ്ഞ നാട്ടിൻപുറത്തിൽ, പണക്കാരനാവുകയെന്നതുതന്നെ ഒരു പാപമാണു്.

എന്നാൽ ഇന്നു കള്ളുഷാപ്പിനു പുറത്തിറങ്ങിയപ്പോൾ ഈ ബുദ്ധിയൊന്നും തോന്നിയില്ല. വയററിൽ കള്ളും നെഞ്ചിൽ ധൈര്യവും പതഞ്ഞിരിക്കുന്നയവസരത്തിൽ രാമുണ്ണിയെന്തിനു തന്റെനേരെ വന്നുചാടി?

"എടാ തേങ്ങാക്കള്ളാ!" എന്നലറിക്കൊണ്ടു് മുതലാളി രാമുണ്ണിയുടെ രണ്ടു ചെകിട്ടിലും ഓരോന്നടിച്ചു.

പിന്നെ കഴുത്തിനു കുനിച്ചുപിടിച്ചിട്ടു് മുതുകിലിടിച്ചു; ഒടുവിൽ വയറിനൊരു ചവിട്ടും കൊടുത്തു.

രാമുണ്ണി നിലവിളിച്ചുകൊണ്ടോടി. മുതലാളി പൊട്ടിച്ചിരിച്ചുപോയി. വാലുംതാഴ്ത്തിയോടുന്ന ചട്ടമ്പി!

പെട്ടെന്നു മുതലാളി ചിരി നിറുത്തി. താൻ രാമുണ്ണിയെ തല്ലിയതു വല്ലവരും കണ്ടോ? തൊട്ടതിനും പിടിച്ചതിനുമൊക്കെ പ്രക്ഷോഭണം നടക്കുന്ന കാലമാണു്. "ഔസേപ്പുമുതലാളിയുടെ കിരാതമർദ്ദനം" എന്നു് ഒരു പഴയ പത്രക്കടലാസിൽ മഷികൊണ്ടെഴുതി, കവലയിലെ മാവിൽ ഒട്ടിച്ചുവയ്ക്കാൻ നാട്ടുകാർ മടിക്കുകയില്ല.

മുതലാളി ചുററും നോക്കി. ആരുമില്ല. ഹാവൂ! സമാധാനമായി. രാമുണ്ണിയെ തല്ലിയതിനു സാക്ഷികളാരുമില്ലല്ലോ.

മുതലാളി നടന്നുതുടങ്ങി. അപ്പോഴാണു് പുറകിൽ നിന്നൊരു വിളി കേട്ടതു്.

"മുതലാളീ!"

തിരിഞ്ഞു നോക്കിയപ്പോഠം കണ്ടതു് മത്തായിമാസ്റ്ററെയാണു്. അറുപതു വയസ്സുചെന്ന ആ വൃദ്ധൻ കുനിക്കൂടി വരുന്നു.

ഔസേപ്പുമുതലാളി മന്ദഹസിക്കാൻ ശ്രമിച്ചുകൊണ്ടു ചോദിച്ചു: "അല്ല, മാസ്റ്ററോ?"

മാസ്റ്റർ ഗൗരവഭാവത്തിൽ പറഞ്ഞു: "മുതലാളിയിതു ചെയ്യേണ്ടായിരുന്നു."

"ഏതു്?" മുതലാളി വെറുതെ ചോദിച്ചു.

"ഞാൻ പറയണോ?"

മുതലാളിയൊന്നും മിണ്ടിയില്ല.

"എന്തിനാ രാമുണ്ണിയെത്തല്ലിയതു്?"

മുതലാളി പിന്നെയും മൗനം ദീക്ഷിച്ചു.

"അതൊട്ടും ശരിയായില്ല."

മുതലാളിക്കു ദേഷ്യംവന്നു.

"ശരിയായില്ലെങ്കിൽ വേണ്ട! തനിക്കു പോലീസുദ്യോഗമൊന്നുമില്ലല്ലോ." എന്നു പറഞ്ഞിട്ടു മുതലാളി ധൃതിയിൽ നടന്നുപോയി.

വീട്ടിലെത്തിയപ്പോഴേക്കും മുതലാളിയുടെ ധൈര്യമാകെ പമ്പകടന്നിരുന്നു. പകരം പരിഭ്രമമാണു ഹൃദയം നിറയെ. മത്തായിമാസ്റ്റർ അതു കണ്ടിരിക്കുന്നു! ഇനി എന്തൊക്കെ നടക്കും? നാട്ടുകാർക്കൊക്കെ മാസ്റ്ററോടു വലിയ ബഹുമാനമാണ്. മാസ്റ്റർ ഒരിക്കലും കളവു പറയുകയില്ല. നാട്ടുകാർക്കൊക്കെ ബോദ്ധ്യമുള്ള കാര്യമാണത്. ആ പതറാത്ത സത്യസന്ധതയിലായിരുന്നു നാട്ടുകാരുടെ ബഹുമാനം ഉറച്ചുനിന്നതു്.

രാമുണ്ണിയെ ഉപദേശിക്കാൻ പലരും കാണും. വക്കീൽഗുമസ്തൻ രാഘവൻപിള്ളയ്ക്കു പണ്ടേ തന്നോടു് വിരോധമാണു്. ക്രിമിനൽക്കേസു കൊടുക്കാൻ തീർച്ചയായും അയാൾ രാമുണ്ണിയെ ഉപദേശിക്കും. അപ്പോൾ മത്തായിമാസ്റ്റർ സാക്ഷിപറയാൻ കൂട്ടിൽക്കയറും. മാസ്റ്ററുടെ കൂനിക്കൂടിയുള്ള നിൽപ്പും, ചുളുക്കുവീണ മുഖത്തിലും വലിയ കണ്ണുകളിലും നിഴലിക്കുന്ന സത്യസന്ധതയും കാണുമ്പോൾ ഏതു കോടതിയും വാദിഭാഗം കേസ് വിശ്വസിക്കും.

മുതലാളി വിയർത്തുപോയി. ഒരു ശിക്ഷകിട്ടിയാൽ നാട്ടിൽ തലപൊക്കി നടക്കാനാവില്ല. പിന്നെ ജീവിച്ചിരുന്നിട്ടു കാര്യമില്ല.

മുതലാളി ഭയപ്പെട്ടതുപോലെതന്നെയാണു സംഭവിച്ചതു്.

രാമുണ്ണി സ്ഥലം മജിസ്ട്രേട്ടുകോടതിയിൽ അന്യായം ഫയലാക്കി. സാക്ഷിപ്പട്ടികയിൽ ഒന്നാംപേരുകാരൻ മത്തായിമാസ്റ്ററാണു്, പിന്നെ രണ്ടു സാക്ഷികൾകൂടിയുണ്ടു്. രാമുണ്ണി സംഭവസ്ഥലത്തുനിന്നും നിലവിളിച്ചുകൊണ്ടോടുന്നതു് കണ്ടുവെന്നു പറയിക്കാനാണു് അവരുടെ പേരുകൾ ചേർത്തിരിക്കുന്നതു്. അവരുടെ മൊഴി സാരമാക്കാനില്ല. പക്ഷേ, മത്തായിമാസ്റ്റർ, "ഞാൻ സംഭവം കണ്ടു"വെന്നു പറഞ്ഞാലോ?

പലചരക്കുകടയിൽവന്ന പലരും മുതലാളിയോടു ചോദിച്ചു: "എന്താ, രാമുണ്ണി കേസ്സുകൊടുത്തെന്നു കേട്ടല്ലോ!"

അതു ചോദിക്കാൻ അവർക്കെല്ലാം എന്തുത്സാഹമാണു്!

എല്ലാരോടും മുതലാളി പറഞ്ഞ മറുപടിയിതാണു്. "വെള്ളക്കടലാസ്സും എട്ടണ സ്റ്റാമ്പുമുണ്ടെങ്കിൽ ആർക്കും ആരുടെപേരിലും കേസ്സുകൊടുക്കാം!"

"രാമുണ്ണി കള്ളക്കേസ്സു കൊടുത്തെന്നാണോ?" തയ്യൽക്കാരൻ നാണു ചോദിച്ചു.

"ഏയ്! എങ്കിൽപിന്നെ മത്തായിമാസ്റ്ററെ സാക്ഷിവയ്ക്കുമോ?" ചായക്കടക്കാരൻ കേളുനായരാണു് അതു ചോദിച്ചതു്.

"സംഗതി നടന്നതാണു്. മത്തായിമാസ്റ്റർ അതു കണ്ടതുമാണു്. മാസ്റ്റർ കൂട്ടിൽക്കയറി മൊഴി പറഞ്ഞാൽ, അതു് ഇരിപ്പതാ! ഒദ് ഹാ!" അവിടെ വന്നുകയറിയ വക്കീൽഗുമസ്തൻ രാഘവൻപിള്ള ഒരു തമാശപറയുന്നമട്ടിൽ തട്ടിവിട്ടു.

പൊതുജനങ്ങൾക്കു് വരാവുന്ന സ്ഥലമാണു് പലചരക്കുകട. "ഇറങ്ങിപ്പോയിനെടാ, പട്ടികളേ!" എന്നു

പറയാൻ വയ്യ. അതുകൊണ്ടു് മുതലാളി ഇതൊന്നും കേശ്ക്കാത്തമട്ടിൽ കണക്കെഴുതിക്കൊണ്ടിരുന്നു.

അതുവരെയൊന്നും പറയാതിരുന്ന കരയോഗം പ്രസിഡണ്ടു് ജനാർദ്ദനക്കുറുപ്പു്, മീശ തടവിക്കൊണ്ടു സംസാരിച്ചു: "മത്തായിമാസ്ററർ രാമുണ്ണിക്കുവേണ്ടി മൊഴി കൊടുക്കുമെന്നാരു പറഞ്ഞു? എന്തൊക്കെയായാലും മാപ്പിള മാപ്പിളയുടെ ഭാഗത്തേ നിൽക്കൂ!"

തയ്യൽക്കാരൻ നാണു എതിർത്തു: "ഹെയ്! മാസ്റ്റർ സത്യമേ പറയൂ. സംശയിക്കേണ്ട."

കേളുനായരുടെ അഭിപ്രായം എങ്ങും തൊടാത്ത രീതിയിലായിരുന്നു. "ങാ! ഇത്തവണയറിയാം മാസ്റ്ററുടെ സത്യം."

"അതറിയാനൊന്നുമില്ല. മുതലാളിയ്ക്കെതിരായി മാസ്റ്റർ മൊഴി പറയില്ല, തീർച്ച. ഒന്നാമതു് ജാതിസ്നേഹം. പിന്നെ മുതലാളിയുടെ കടയിൽ മാസ്ററർക്കു പററുവരവുണ്ടു്. കുറച്ചധികം കാശു കൊടുക്കാനുണ്ടാവും. ഇപ്പോഴും കടം പററുന്നു. മുതലാളി കടം കൊടുത്തില്ലെങ്കിൽ മാസ്റ്ററുടെ വീട്ടിൽ പട്ടിണിയാണു്, അറിയാമോ?" കരയോഗം പ്രസിഡൻറു് വിശദീകരിച്ചു.

മാസ്ററർ കള്ളസ്സാക്ഷി പറയുകയില്ലെന്ന ഭൂരിപക്ഷ അഭിപ്രായത്തോടെ പലചരക്കുകടയിലെ ആ ചർച്ചാസമ്മേളനം അവസാനിച്ചു.

മുതലാളിയ്ക്കു് അല്പം ആശ്വാസം തോന്നി. ആ കുറുപ്പു പറഞ്ഞതു് നേരാണു്, എന്തൊക്കെയായാലും, നസ്രാണിക്കെതിരായി, നായർക്കുവേണ്ടി, മാസ്ററർ മൊഴിപറയുമോ? ഹേയ്! അത്ര ചീത്തയല്ല മാസ്ററർ. പിന്നെ തന്നോടു കടപ്പാടുമില്ലേ? നൂററമ്പതു രൂപയ്ക്കുമേൽ

ഇപ്പോഠതന്നെ തരാനുണ്ടു്. ഇപ്പോഴും താൻ കടംകൊടുക്കു ന്നു. ആ നിലയ്ക്കു് മാസ്ററർ തിരിഞ്ഞുകൊത്തുകയില്ല.

ഏതായാലും മാസ്ററരെയൊന്നു ചെന്നു കാണണം. സാവകാശമായിട്ടു മതി. സമൻസുമൊക്കെ വരട്ടെ.

ഒടുവിൽ സമൻസു് വന്നു.

"...ഇന്ത്യൻ ശിക്ഷാനിയമം 323–ാം വകുപ്പനുസരിച്ചുള്ള ഒരാവലാതിക്കുത്തരം പറയാൻ......മാസം......തീയതി രാവിലെ പതിനൊന്നുമണിക്കു് കോടതിയിൽ ഹാജരായിക്കൊള്ളുകയുംവേണം..."

അന്നു വൈകുന്നേരം മുതലാളി മത്തായിമാസ്റ്ററുടെ വീട്ടിൽ ചെന്നു.

പൊളിഞ്ഞു നിലംപററാറായ ഒരു വീടു്. ചുവരിലാകെ അഴക്കാണു്. അഴയിൽ കിടക്കുന്നതൊക്കെ കീറത്തുണികളാണു്. മാസ്റ്ററും മൂന്നു പെൺമക്കളും അവിടെയുണ്ടു്. പെൺമക്കളിൽ രണ്ടെണ്ണം ഭർത്താക്കന്മാരുപേക്ഷിച്ചതിനാൽ വീട്ടിൽവന്നു നിൽക്കുകയാണു്. മൂന്നാമത്തേതിനു വിവാഹം കഴിഞ്ഞിട്ടില്ല. ഒട്ടിയ വയറും കൂട്ടുകെട്ടിയ നെഞ്ചുമുള്ള പേരക്കിടാങ്ങൾ അങ്ങുമിങ്ങും ഓടിനടന്നിരുന്നു.

മാസ്ററർ ഒരു പൊളിഞ്ഞ കസേരയിലിരിക്കയാണു്. മുതലാളിയെക്കണ്ടയുടൻ, "ദേ, ഇങ്ങോട്ടിരിക്കാം." എന്നു പറഞ്ഞുകൊണ്ടു് മാസ്ററർ എഴുന്നേററു.

കൃഷിനാശം കച്ചവടത്തിൻെറ ബുദ്ധിമുട്ടുകൾ, ഇടവകയിലെ പുതിയ കത്തനാർ, എന്നിങ്ങനെ പൊതുവിഷയങ്ങളാണു് മുതലാളി സംസാരിച്ചതു്.

ഇതിനിടയ്ക്കു് മാസ്ററരുടെ അഞ്ചുവയസ്സുള്ള പേരക്കിടാവു്—ശോഷിച്ച ഒരു പെൺകുട്ടി—മുതലാളിയുടെ അരികിൽ വന്നുനിന്നു.

"എടീ ത്രേസ്യേ, ഇവളെയങ്ങ കൊണ്ടുപോ!" മാസ്റ്റർ വിളിച്ചുപറഞ്ഞു.

"എന്താ മാസ്ററരേ! കുട്ടിയിവിടെ നിന്നോട്ടെ." മധുരമായ സ്വരത്തിൽ മുതലാളി പറഞ്ഞു. അഴകുപുരണ്ട അവളുടെ കവിളിൽ നുള്ളിക്കൊണ്ട് മുതലാളി ചോദിച്ചു: "മോളുടെ പേരെന്നാ!"

"മറിയം—ന്ന്." കുട്ടി അവ്യക്തമായി പറഞ്ഞു.

"മറിയക്കുട്ടി മിടുക്കിയാ—ദേ, മിഠായി!" മുതലാളി മടിയിൽനിന്നൊരു പൊതിയെടുത്തു.

ആർത്തിയോടെ കുഞ്ഞിക്കൈകൊണ്ട് ആ പൊതി തട്ടിയെടുത്തുകൊണ്ട് മറിയക്കുട്ടി ഓടിപ്പോയി.

മാസ്റ്ററുടെ മുഖത്ത് നീരസഭാവം കാണാറായി. മാസ്റ്റർ ചോദിച്ചു: "പിന്നെ വിശേഷിച്ചെന്താണാവോ?"

"ഒന്നുമില്ല. നമ്മുടെ ആ കേസ്സേ—" ഒരു നിസ്സാര കാര്യം പറയുന്ന മട്ടിലാണ് മുതലാളിയിതു പറഞ്ഞത്.

"ആണ്ട്! അതിന്ന്?"

"മാസ്ററർ എന്നെ സഹായിക്കണം."

"എങ്ങനെ?"

"രാമുണ്ണിക്കുവേണ്ടി മൊഴി പറയരുത്."

"അതെങ്ങനെയൊക്കും മുതലാളീ? ഞാൻ കണ്ട കാര്യമല്ലേ?"

"ഓ! കള! നമ്മളുതമ്മിൽ പരിചയം തുടങ്ങിയതു് ഇന്നും ഇന്നലേമല്ലല്ലോ...മാസ്ററരോടുള്ള എൻെറ ഇരിപ്പൊന്നാലോചിച്ചേ! എപ്പോഴെങ്കിലും 'ഇല്ലെ'ന്നു ഞാൻ പറഞ്ഞിട്ടുണ്ടോ?"

പററുവരവിൻെറ കാര്യമാണ് മുതലാളി സൂചിപ്പിച്ചത്.

"അതൊക്കെ നേരാ, മുതലാളീ."

"അപ്പോൾ—എനിക്കൊരാപത്തു വരുമ്പോൾ—നിങ്ങളൊക്കെക്കൂടി എന്നെ സഹായിക്കണ്ടേ?" മുതലാളി വാദിച്ചു.

"കണ്ട കാര്യം കോടതിയിൽ പറയാമെന്നു ഞാൻ രാമുണ്ണിക്ക വാക്കുകൊടുത്തുപോയി."

"നമ്മളൊക്കെ ഇനക്കാരാണെന്നെങ്കിലും ഓക്കു്! ആപത്തുവരുമ്പോൾ മാസ്റ്ററെ സഹായിക്കാൻ നായന്മാരാരും വരത്തില്ല" മാസ്റ്ററുടെ ജാതിസ്നേഹത്തിൽ മുതലാളിയൊന്നു തൊട്ടുനോക്കി.

"ഞാൻ കള്ളം പറയണമെന്നാണോ മുതലാളീ?"

"ഇതൊക്കെ ഒരു കള്ളമാണോ? ഒരു സഹായം... അല്ലാതെന്നാ! ഞാനോ അവനിട്ടു രണ്ടു കൊടുത്തുപോയി. എന്നെയിനി കോടതിയിൽക്കയററി ശിക്ഷിപ്പിച്ചാൽ അവനെന്തു കിട്ടാനാ? അന്നു കൊണ്ടതിൻെറ വേദന ഏതായാലും മാറത്തില്ല...അല്ല, മാസ്റ്റർതന്നെ ഒന്നുപറ...

മാസ്റ്റർ ഒന്നും പറയാത്തതിനാൽ മുതലാളി തുടർന്നു: "ഇതിനുവേണ്ടി വല്ലതും ചിലവുചെയ്യണോ? അതിനും സമ്മതമാ! തുറന്നുപറഞ്ഞേരു മാസ്റ്ററെ!"

പുച്ഛരസത്തിലാണു്, മാസ്റ്റർ മറുപടി പറഞ്ഞതു്. "അല്ല! കച്ചവടം ഉറപ്പിക്കാൻ പോവുകയാണോ? അതിനീ മത്തായിമാസ്റ്ററെ കിട്ടുകയില്ല. ഞാൻ കള്ളം പറയില്ല. അതീ നാട്ടുകാർക്കും ബോദ്ധ്യമാ! ഇനിയീ വയസ്സുകാലത്തുവേണം ഞാൻ കള്ളം പറയാൻ, ഏങ്ങ്? എനിക്കു പണമില്ല മുതലാളീ; പക്ഷേ, അഭിമാനമുണ്ടു്. എ,നിക്കീനാട്ടിൽ കിടന്നുപൊറുക്കണം. ഞാൻ കള്ളസാക്ഷി പറയില്ല..."

മാസ്റ്റർ തൻെറ മുഖത്തു ചാട്ടവാർകൊണ്ടടിച്ചതുപോലെ മുതലാളിക്കു തോന്നി.

"മാസ്റ്ററേ, പാമ്പിനെയാ നോവിച്ചുവിടുന്നതു്, ഓർത്തോ!" ദേഷ്യത്തോടെ മുതലാളി സ്ഥലംവിട്ടു.

പിറേറന്നുമുതൽ മത്തായിമാസ്റ്റർക്കു് മുതലാളിയുടെ കടയിൽ കടം കിട്ടാതായി. അതിൻെറ പിറകെ ഒരു നോട്ടീസും വന്നു; പററുവകയിൽ വരാനുള്ള നൂററിയരു പതേകാൽരൂപാ ഒരാഴ്ചയ്ക്കകം തന്നുകൊള്ളണമെന്നും അല്ലാത്തപക്ഷം വ്യവഹാരപ്പെടുമെന്നും കാണിച്ചു്.

മാസ്റ്റർ വലഞ്ഞു. അരപ്പട്ടിണി മുഴപ്പട്ടിണിയായി മാറി.

വിവരമറിഞ്ഞ നാട്ടുകാർ അനുമോദിച്ചു: "പതറാത്ത സത്യസന്ധത!"

കരയോഗത്തിലെ കുറുപ്പു പറഞ്ഞു: "ഇത്ര നല്ല മനുഷ്യൻ നസ്രാണികളുടെയിടയിലുണ്ടെന്നു് ഞാനറിഞ്ഞിരുന്നില്ല."

പക്ഷെ, അവരാരും, മാസ്റ്റർക്കു കടംകൊടുത്തില്ല. സത്യസന്ധനായിത്തുടരാൻവേണ്ടി കുഡുംബസഹിതം പട്ടിണികിടക്കുന്ന ആ മനുഷ്യനെ അവർ നിർല്ലോഭം പ്രശംസിച്ചു. അതിനു ചെലവൊന്നുമില്ലല്ലോ.

കേസിൻെറ പ്രഥമ വിചാരണവന്നു.

മുതലാളി കുററം നിഷേധിച്ചു.

കേസ് തെളിവെടുക്കാൻ അവധിവച്ചു.

പട്ടിണിയുടെ പിന്നാലെ രോഗം വന്നു. അഞ്ചുവയസ്സായ മറിയക്കുട്ടിക്കു് കടുത്ത പനിതുടങ്ങി.

നൂറു്—നൂററിരണ്ടു്—നൂററിനാലു്.

ഡോക്ടരെ വിളിക്കേണ്ടതാണു്. പക്ഷേ, അതിനു പണംവേണം. എവിടെപ്പോകും പണത്തിന്!

തയ്യൽക്കാരൻ നാണുവിനോടും, ചായക്കടക്കാരൻ

കേളുനായരോടും, കരയോഗം കുറുപ്പിനോടും, രാമുണ്ണിയോടും, എല്ലാം മാസ്റ്റർ കടം ചോദിച്ചുനോക്കി.

ഒററ മറുപടിയേ കിട്ടിയുള്ളു: "എന്തുചെയ്യാനാ മാസ്റ്ററെ, ഒററക്കാശില്ല."

പരിക്ഷീണനായ മാസ്റ്റർ വീട്ടിലെത്തി.

മറിയക്കുട്ടി പിച്ചും പേയും പറയുകയാണ്. ആ കീറപ്പായുടെ അരികിലിരുന്നു ത്രേസ്യാ കരയുന്നു.

"കരയാതെ ത്രേസ്യാ!" മാസ്റ്റർ പറഞ്ഞു.

"എൻെറ കർത്താവേ!" മകളുടെ പൊള്ളുന്ന ദേഹം തലോടിക്കൊണ്ട് ത്രേസ്യ പൊട്ടിക്കരഞ്ഞു.

"ഞാൻ ആവുന്നതും നോക്കി. കടം കിട്ടിയില്ല." മാസ്റ്റർ തോൽവി സമ്മതിക്കുന്നമട്ടിൽ പറഞ്ഞു.

"ഡോക്ടരെക്കാണിച്ചില്ലെങ്കില്—" ബാക്കി പറയാൻ ത്രേസ്യയ്ക്കു കഴിഞ്ഞില്ല.

"മുൻകൂർ ഫീസുകിട്ടാതെ നമ്മളൊക്കെ വിളിച്ചാൽ ഡോക്ടർ വരുമോ...ആ തുപ്പലിക്കഷായംതന്നെ കൊടുക്കു്. മോളേ! കിട്ടാനുള്ളതാണെങ്കിൽ കിട്ടും!" മാസ്റ്റർ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

അല്പം കഴിഞ്ഞു്, അല്പം ഭയത്തോടെ ത്രേസ്യ തിരക്കി: "അവിടെച്ചോദിച്ചോ?"

"ഔസേപ്പുമുതലാളിയോടു ചോദിച്ചോ എന്നു്, അല്ലേ?" മാസ്റ്ററുടെ കണ്ണു ചുവന്നു.

"അതേ."

"അയാളോടു ഞാൻ ചോദിക്കില്ല."

"ഈ കുഞ്ഞിങ്ങനെകിടന്നു വിഷമിക്കുമ്പോ—"

"ഈ വീട്ടിലെ എല്ലാവരും ചത്താലും ശരി, ഞാൻ കള്ളം പറയാൻ കാശുവാങ്ങുകയില്ല!" മാസ്റ്റർ ഉറക്കെ പറഞ്ഞു.

അടുത്ത ക്ഷണത്തിൽ ഒരു കൊച്ചു കുഞ്ഞിനെപ്പോലെ ആ വൃദ്ധൻ തേങ്ങിക്കരഞ്ഞു. സാക്ഷിക്കൂട്ടിൽ കയറി കള്ളം പറയാമെന്നേററാ എത്ര പണം വേണമെങ്കിലും മുതലാളി തരും. മറിയക്കുട്ടിയ്ക്കു ഡോക്ടരും മരുന്നും ഒക്കെയുണ്ടാവും. പക്ഷേ, മറിയക്കുട്ടിയെ ജീവിപ്പിക്കാൻ, തൻെറ ഇന്നുവരെയുള്ള സത്യദീക്ഷയെ ഞെരിച്ചു കൊല്ലണം! "മത്തായിമാസ്റ്റർ സത്യമേ പറയൂ" എന്നു പറഞ്ഞുവരുന്ന നാട്ടുകാർ, കള്ളം പറഞ്ഞുകഴിഞ്ഞാൽ തന്നോടെങ്ങനെ പെരുമാറും?

മറിയക്കുട്ടിയുടെ ജീവൻ വിലകൊടുത്തുപോലും സത്യസന്ധത പാലിക്കണോ?

പക്ഷേ, ആ മുതലാളിയുടെ കാശുവാങ്ങി എങ്ങനെ ആത്മാവിനെ വിൽക്കാനാണു്?

"ഹൗ! എന്തൊരു പരീക്ഷണമാണിതു് കർത്താവേ!" മാസ്റ്റർ മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചു.

അല്പം കഴിഞ്ഞു കണ്ണുതുടച്ചുകൊണ്ടു് മാസ്റ്റർ എഴുന്നേററു. ഇല്ല. കള്ളംപറയാൻ കാശു വാങ്ങുകയില്ല. മറിയക്കുട്ടി ജീവിക്കും, ഈശ്വരേച്ഛയുണ്ടെങ്കിൽ!

മൂന്നു ദിവസം കഴിഞ്ഞു.

മറിയക്കുട്ടി മരിച്ചു.

അന്നു വൈകുന്നേരം രാമുണ്ണിയവിടെ വന്നു: "ഞാനും മുതലാളിയുംകൂടി കേസു രാജിയാവാൻ പോവുകയാണു്. വെറുതേ നാട്ടുകാരായിട്ടെന്തിനു പിണങ്ങണം? മാസ്റ്ററ്ക്ക സാക്ഷിപറയാതെ കഴിഞ്ഞു." രാമുണ്ണി അറിയിച്ചു.

മാസ്റ്റർ അകത്തെ മുറിയിലേക്കു നോക്കി. ത്രേസ്യ നെഞ്ചുപൊട്ടിക്കരയുന്നു.

"രാമുണ്ണീ, ഞാനെൻെറ മറിയക്കുട്ടിയെക്കൊന്നു!" മത്തായിമാസ്റ്റർ മുഖം പൊത്തിക്കരഞ്ഞു.

# സ്ഥാനാർത്ഥി

"അല്ല! പല്ലുതേയ്ക്കുകയാണോ?" എന്നു ചോദിച്ചുകൊണ്ടു് നാരായണപിള്ള എന്റെ വീട്ടിൽ രാവിലെ വന്നു കയറിയപ്പോഠം ഞാൻ അത്ഭുതംമൂലം ഞെട്ടുകയും, തന്നിമിത്തം കുറെ ടൂത്ത്പേസ്ററു് അകത്താവുകയും ചെയ്തു.

ഞെട്ടാൻ രണ്ടു കാരണങ്ങളാണുണ്ടായിരുന്നതു്. ഒന്നു്: ആ ചോദ്യത്തിനൊരു നിഗൂഢാത്ഥം ("അല്ലാ ഞാൻ വിചാരിച്ചതു് താൻ പല്ലുതേയ്ക്കുന്ന കൂട്ടത്തിലല്ല," എന്നോ മറേറാ) ഉണ്ടെന്നു തോന്നി. രണ്ടു്: പല്ലുതേപ്പിന്റെ കഥ പോകട്ടെ; എന്റെ എല്ലുമുഴവൻ ആരെങ്കിലും അടിച്ചുകൊഴിച്ചാൽപോലും നാരായണപിള്ള സാധാരണഗതിയിൽ അതിനെപ്പററി അന്വേഷിക്കാനിടയില്ല. എന്നിട്ടും—!

നാരായണപിള്ള നല്ലപോലെ ചിരിച്ചു. അയാളുടെ വായ, ചെവിയോടുചെവി തുറന്നു. മുജ്ജന്മത്തിൽ അയാളൊരു തവളയായിരുന്നിരിക്കാം.

ഞാൻ തെററിദ്ധരിച്ചതാണു്. ഇത്ര നല്ല ചിരിയും ഹാസ്യാത്മകമായ ഒരു ചോദ്യവും തമ്മിൽ പൊരുത്തപ്പെടുകയില്ല. ഞാൻ പതിവായി പല്ലുതേയ്ക്കാത്തയാളാണെന്നൊന്നും ഇദ്ദേഹം സൂചിപ്പിച്ചിട്ടില്ല, തീർച്ച. എങ്കിലും സാധാരണഗതിയിൽ ഇവിടെയെങ്ങും വന്നു കയറാത്ത ഈ മനുഷ്യൻ, പൊടുന്നനവെ എന്നെക്കാണാൻ വന്നതെന്തു്? ഞാനൊരുനിസ്സാരനാണു്; നാരായണപിള്ള

സ്ഥലത്തെ പ്രമാണിയും. ഇന്നുവരെ എന്നോട്ട് തുല്യനിലയിൽ പെരുമാറാനയാൾ തയ്യാറായിട്ടില്ല.

"എന്താണാവോ, ആപൂർവ്വമായിട്ടിങ്ങോട്ട്—?" ടൂത്ത്പേസ്ററ് അകത്തുപോകാതിരിക്കാൻ ശ്രമിച്ചതു മൂലം, എൻെറ ശബ്ദം കണ്ണകഠോരമായിരുന്നു.

"ഹതുകൊള്ളാം! എനിക്കിങ്ങോട്ട വന്നാലെന്താ? ഞാനൊരു അന്യനോ മററോ ആണോ?" നാരായണംപിള്ള ചോദിച്ചു.

എനിക്കൊന്നും പറയാൻ തോന്നിയില്ല. ഇങ്ങനെ ഒരാൾ ചോദിച്ചാൽ നാം കീഴടങ്ങാതെ നിവൃത്തിയില്ല. ഒന്നും പറയാൻ തോന്നാത്തതിനാൽ, ഞാൻ വായ് കഴുകി.

"ധൃതികൂട്ടണ്ടാ പതുക്കെമതി." എന്നെ തുടർന്നു പല്ലുതേയ്ക്കാൻ നാരായണപിള്ള പ്രോത്സാഹിപ്പിച്ചു.

"ഇല്ല. കഴിഞ്ഞു" ടൂത്ത്ബ്രഷിലെ വെള്ളം കുടഞ്ഞുകൊണ്ടു് ഞാൻ പറഞ്ഞു.

എന്തോ കാര്യം കാണാനാണിയാളുടെ വരവ്. എന്തായിരിക്കാമതു്?

"ഇരിക്കണം" ഞാൻ പറഞ്ഞു.

"ഹെയ്! വേണ്ടാ, നിന്നോളാം."

എന്തൊരു വിനയം! എൻെറ ഊഹം ശരിയാണു്. ഇയാൾ വെറുതെ വന്നതല്ല. എന്തോ കാര്യമുണ്ടു്. പക്ഷെ, എന്നെക്കണ്ടിട്ടെന്തുകാര്യം നേടാനാണു്? പെട്ടെന്നു് എനിക്കു് ഉത്തരം കിട്ടി. ഇലക്ഷൻ!

ഇലക്ഷൻവരുമ്പോൾ എന്നെപ്പോലുള്ള നിസ്സാരന്മാർക്കു് വില വർദ്ധിക്കുമല്ലോ. ഞാൻ വിചാരിച്ചാലും ഇവിടെനിന്നു പത്തമ്പതു് വോട്ടുകിട്ടുമേ! അതാണിയാൾ വന്നിരിക്കുന്നതു്—പ്രമാണിയും, നേതാവും, യാതനക്കാ

രനാം, പണ്ടൊരു റേഷൻകട നടത്തിയവനുമായ ശ്രീജിത് നാരായണപിള്ള!

എൻെറ മൂന്നുവയസ്സുള്ള മകൻ, മൂക്കിൽനിന്നും ജലമൊലിപ്പിച്ചുകൊണ്ടു്, അവിടെ വന്നു.

“ഹയ്യോ! എന്തൊരു ജലദോഷമാണിതു്!” നാരായണപിള്ള സ്വന്തം നേരിയതുകൊണ്ടു് ആ നാസാജലം തുടച്ചു. “തല വിയത്തിട്ടാ! സൂക്ഷിക്കണം! കുറെ ‘വിക്ക്സ് വേപ്പോറബ്’ പുരട്ടിയാൽ മതി.” എന്നൊരുപദേശവും എനിക്കു കിട്ടി.

എൻെറ മകൻെറ നാസാജലം തുടയ്ക്കാൻ എനിക്കുതന്നെ അറപ്പാണു്. എന്നിട്ടും ഇയാളതു് ചെയ്തിരിക്കുന്നു. ഇലക്ഷനു നിൽക്കാനുറച്ചാൽ വരുന്ന ഗതികേടു്!

അകത്തുനിന്നും എൻെറ എട്ടുവയസ്സുകാരിയായ മകൾ ഒരു സിനിമാപ്പാട്ടിൻെറ ശകലം പാടി. അവൾ ഒരിക്കലും ഒരു ലതയോ, വസന്തകുമാരിയോ ഒന്നുമായിരുന്നിട്ടില്ല. പോരെങ്കിൽ ഇപ്പോഴവൾക്കു ചുമയും ജലദോഷവുമുണ്ടു്. എന്നിട്ടും സ്ഥാനാൎത്ഥി നാരായണപിള്ള പറയുന്നു:

“നല്ല ശാരീരം! പാട്ടു പഠിപ്പിക്കുന്നുണ്ടല്ലോ, ഇല്ലേ? എന്തു്! ഇല്ലെന്നോ!! ഛെ, ഛെ! മോശം. ഇത്ര വാസനയുള്ള ഒരു കുട്ടിയെ പാട്ടു പഠിപ്പിക്കാതിരിക്കയോ?”

ഞാൻ ഉള്ളുകൊണ്ടൊന്നു ചിരിച്ചു. എന്തിനിയാളിത്ര വളച്ചുകെട്ടുന്നു? തുറന്നങ്ങു പറഞ്ഞാൽ പോരെ? “മിസ്റ്റർ, ഞാനും ഒരു സ്ഥാനാൎത്ഥിയാണു്. എനിക്കു വോട്ടുചെയ്യണം” എന്നങ്ങു നിവൎന്നുനിന്നു പറയണം. മനസ്സുണ്ടെങ്കിൽ വോട്ടുചെയ്യും. അത്രതന്നെ. അതിനു

പകരം മൂകളെ തുടയ്ക്കാനുംമററും നോക്കുകയാണു്. 'ഡെയിൽ കാർണേജി'യുടെ ഈ പുതിയ ശിഷ്യൻ. ഇയാളെ ഒന്നു പററിക്കണം. നേരിട്ടങ്ങു ചോദിച്ചേക്കാം, ഇലക്ഷനെപ്പററി. അയാൾ ധരിക്കട്ടെ, ഈ നീണ്ട മുഖവുരയുടെ ഉള്ളുകള്ളി ഞാൻ മുൻകൂട്ടി അറിഞ്ഞിരിക്കുന്നു, എന്നു്!

"പത്രത്തിലൊന്നും കണ്ടില്ലല്ലോ?" ഞാൻ ചോദിച്ചു.

"അതിനൊക്കെ സമയമാകുന്നല്ലേയുള്ളൂ."

ഞാൻ: എങ്കിലും നേരത്തെ തുടങ്ങണ്ടേ?

അയാൾ: വേണം, വേണം! ഇതു് ചില്ലറ സംഗതിയോ മററോ ആണോ!

ഞാൻ: കൊണ്ടുപിടിച്ചുള്ള ശ്രമമാണു് അല്ലേ?

അയാൾ: പിന്നെയല്ലേ! താൻപാതി ദൈവം പാതി എന്നല്ലേ പറയുന്നതു്!

ഞാൻ: രൂപാ കുറെ പോകുമല്ലോ.

അയാൾ: ങ്ഹാ! രൂപാ!! പൊട്ടുമോ എന്തോ! കൊള്ളാം! ഒരയ്യായിരമെങ്കിലുമില്ലാതേ...

ഞാൻ: അതൊരു വലിയ തുകയാണോ ഇക്കാര്യത്തിനു്?

അയാൾ: അല്ല. പക്ഷേ, നമുക്കതിലധികം ചെലവാക്കാൻ പാകമുണ്ടോ!

ഞാൻ: നല്ല എതിരുണ്ടാകും, എന്താ?

അയാൾ: കുറെ എതിരുണ്ടു്. അതു് നിങ്ങൾ വേണം ശരിപ്പെടുത്തിത്തരാൻ!

ഞാൻ: ഞാനോ!

അയാൾ: അതെ. നിങ്ങൾ വിചാരിച്ചാലെ രക്ഷയുള്ളൂ.

ഞാ:ൻ: ഞാൻ വിചാരിച്ചാൽ മുപ്പതോ നാൽപ്പതോ വോട്ടുകിട്ടും. അതുകൊണ്ടെന്തായി?

ഇത്തവണ ഞെട്ടിയതു് നാരായണപിള്ളയാണു്.

"നിങ്ങളെന്തിനെപ്പററിയാ പറയുന്നതു്?"

"വേലയൊക്കെ കൈയിലിരിക്കട്ടെ! ആളിൻെറ വരവു കണ്ടപ്പോഴേ ഞാൻ തീരുമാനിച്ചതല്ലേ, സ്ഥാനാത്ഥിയാണെന്നു്?"

നാരായണപിള്ള എന്നെ ദയനീയമായി നോക്കി: "ഞാനതൊന്നുമല്ല പറഞ്ഞതു്. അതിനല്ല വന്നതും. എൻെറ മകഠംക്കു് കല്യാണം നിശ്ചയിച്ചിരിക്കയാണു്. പുതിയിടത്തെ വേണുവാണു് വരൻ. അതു നടത്തരുതെന്നു് വേണുവിൻെറ ഒരമ്മാവനു വാശി—ആ ശങ്കരപ്പണിക്കർക്കു്! നിങ്ങളും അയാളും വലിയ ലോഹ്യമല്ലേ? നിങ്ങളയാളെക്കണ്ടു് ആ എതിർപ്പൊന്നു മാററിത്തരണം!"

ഞാനും ഞെട്ടി. പല്ലുതേപ്പു കഴിഞ്ഞതിനാൽ ഇത്തവണ പേസ്റ്റ് തൊണ്ടയ്ക്കുതാഴെ പോയില്ല!

# ഉൽഘാടനം നടന്നു

കലക്ടർ ഡയറി നോക്കി.

ഒമ്പതുമണിക്കാണു് ഉൽഘാടനം. ഉൽഘാടനമെന്നാണോ പറയേണ്ടതു്? നോട്ടീസിൽ അച്ചടിച്ചിരിക്കുന്നതു് അങ്ങനെയാണു്. പക്ഷേ, സ്കൂൾഫൈനലിനു പുറമേ പഴയ ശാസ്ത്രിപരീക്ഷകൂടി പാസായിട്ടുള്ള ക്യാമ്പ് ക്ലാർക്കിന്റെ അഭിപ്രായത്തിൽ ആ പദപ്രയോഗം തെററാണു്. 'അനാച്ഛാദനം' എന്നു വേണമത്രേ പറയാൻ. എന്തുമാകട്ടെ! ബോട്ടുജെട്ടിക്കടുത്തുള്ള കവലയിൽ ലഘുസമ്പാദ്യപദ്ധതിയെക്കുറിച്ചുള്ള ഒരു പരസ്യപ്പലക 'തുറന്നു' വയ്ക്കണം—ഒരു ലഘുപ്രസംഗത്തോടെ. അത്രമാത്രം.

ഒന്നല്ല, ഒരായിരം പരസ്യപ്പലകകൾ വേണമെങ്കിലും അനാച്ഛാദനം ചെയ്യാം. പക്ഷേ, ആ ലഘുപ്രസംഗത്തിന്റെ കാര്യമോർത്തപ്പോൾ തൊണ്ടയിൽ ഒരു തടിയൻ കൊഴുക്കട്ട തടഞ്ഞുനിൽക്കുന്നതുപോലെ തോന്നി.

സത്യം പറയണമല്ലോ, ഇന്നുവരെ ഒരു പ്രസംഗവും താൻ ചെയ്തിട്ടില്ല.

ആ പഴയ നല്ലകാലത്തു് ഒരു എൽ. ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചതാണു്. മുഷിഞ്ഞിരുന്നു ജോലിചെയ്യാൻ സന്നദ്ധനായതിനാൽ ക്ഷണത്തിൽ യു. ഡി. ക്ലാർക്കായി. മുപ്പത്തിരണ്ടാം വയസ്സിൽ ഡെപ്യൂട്ടി തഹസീൽദാർ ആവാൻ കഴിഞ്ഞു. അധികം കാത്തിരിക്കേണ്ടിവന്നില്ല തഹസീൽദാരാവാൻ. അവിടെ കുറേനാൾ ബ്രേക്കിട്ടു നിൽക്കേണ്ടിവന്നു. ഒടുവിൽ കരുണാനി-

ധിയായ ജഗദീശ്വരൻ കനിഞ്ഞു. വടക്കെങ്ങോ ഒരു ഡെപ്യൂട്ടികലക്ടർ കാറപകടത്തിൽപ്പെട്ടു മരിച്ചു. ഹാവൂ! ഒരു സ്ഥിരം വേക്കൻസിതന്നെ കിട്ടി.

അന്നൊന്നും പ്രസംഗിച്ചിട്ടില്ല. ബ്ളോക്കുകളും ശീമ കൊന്നവാരങ്ങളും ഗ്രാമസഹായക ക്യാമ്പുകളുമില്ലാത്ത ആ പഴയകാലത്തു് എന്താണു് പ്രസംഗിക്കാൻ? സ്വാതന്ത്ര്യംവന്നതോടെ മട്ടുമാറി. എന്നിട്ടും തനിക്കു പ്രസംഗിക്കേണ്ടിവന്നില്ല. സ്ഥലമെടുപ്പു ഡെപ്യൂട്ടികലക്ടരായിട്ടാണു് തന്നെ നിയമിച്ചിട്ടുള്ളതു്. പ്രസംഗകർക്കു ക്ഷാമമില്ലാത്ത ഈ നാട്ടിൽ ഒരു സ്ഥലമെടുപ്പു ഡെപ്യൂട്ടികലക്ടർ അദ്ധ്യക്ഷനോ ഉൽഘാടന പ്രസംഗകനോ ആവാൻ മോഹിക്കേണ്ട.

പുതിയ റെയിൽവേപ്പാതയ്ക്കും അണക്കെട്ടുകൾക്കും വേണ്ടി സ്ഥലമെടുക്കുന്ന തിരക്കിൽ കാലം വളരെ വേഗം കടന്നുപോയി. വയസ്സു് അമ്പതു കഴിഞ്ഞു. അപ്പോഴാണു് ഭാഗ്യം കൈവന്നതു്. പ്രമോഷൻ കോട്ടായിൽ ഐ. എ. എസ്. കിട്ടി.

ജാതകം നല്ലതാണെന്നു വീട്ടുകാർ പണ്ടേ പറഞ്ഞിട്ടുണ്ടെങ്കിലും ഇത്ര ഭീമമായ ഭാഗ്യത്തിനവകാശിയാവും താനെന്നു കരുതിയിരുന്നതേയല്ല.

ഒരാഴ്ചയായി ഈ ജില്ലയിൽ കലക്ടരായി വന്നിട്ടു്. ഇന്നു് ആദ്യമായി പ്രസംഗിക്കേണ്ടിവന്നിരിക്കുന്നു.

കോൺഫറൻസുമുറികളിൽ താൻ വാചാലനാണു്. പക്ഷെ, കോൺഫറൻസുമുറിയല്ലല്ലോ ബോട്ടുജട്ടിക്കവല. സഭാകമ്പമുണ്ടായേക്കാമെന്നുള്ളതോ പോകട്ടെ; പ്രസംഗം മലയാളത്തിൽ വേണം! കാലം ജനകീയമല്ലേ.

മലയാളത്തിൽ പദസ്വാധീനം വേണ്ടപോലെ

യില്ല. ഇംഗ്ലീഷാണെങ്കിൽ വല്ലതുമൊപ്പിക്കാം. പോടില്ല. ആളുകൾ വിമർശിക്കും. എന്താണു് ചെയ്യുക? ഇന്നത്തെ പ്രസംഗശൈലിയൊക്കെ ഒന്നു വേറെയാണു്. 'വസ്തുതകൾ നിർത്തിവയ്ക്കാനും' 'കാര്യങ്ങൾ ഊന്നിപ്പറയാനും' ഒന്നും താൻ പഠിച്ചിട്ടില്ല.

പ്രസംഗം എഴുതിപഠിക്കണം. ഇംഗ്ലീഷിൽ ചില 'പോയിൻറുകൾ' ക്യാമ്പുക്ലാർക്കിനു നൽകി. അയാൾ ഒരു ലഘുപ്രസംഗം തല്ലിക്കൂട്ടി. തലേന്നു രാത്രിമുഴുവനും താനതു വായിക്കയായിരുന്നു.

"ബഹുമാന്യ സുഹൃത്തുക്കളെ, സ്വതന്ത്രഭാരതത്തിലെ പൗരന്മാരായ നാം മഹത്തായ പഞ്ചവത്സര പദ്ധതികളിലൂടെ—"

ബഹുമാന്യസുഹൃത്തുക്കളെന്നു പറയണോ? പ്രിയപ്പെട്ട നാട്ടുകാരെന്നോ? സാധാരണ യോഗങ്ങളിലെല്ലാം 'പ്രിയപ്പെട്ട നാട്ടുകാരാ'ണല്ലോ ഹാജരാകുന്നതു്!

കലക്ടർ പ്രസംഗമെഴുതിയ കടലാസ് കൈയിലെടുത്തു. എട്ടടിക്കാറാവുന്നേയുള്ളു. ഒന്നു രണ്ടു റിഹേഴ്സലിനു സമയമുണ്ടു്.

ചെയ്യുന്നതെന്തും നന്നായിച്ചെയ്യണമെന്ന വാശിക്കാരനാണദ്ദേഹം.

ക്ലാർക്കായിരുന്നപ്പോൾ ഓഫീസ്സിൽ ഏററവും ചിട്ടയായി പേഴ്സനൽരജിസ്റ്റർ സൂക്ഷിച്ചിരുന്നതു് താനാണു്. ഡെപ്യൂട്ടിതഹസീൽദാരായിരുന്നപ്പോൾ, താലൂക്കാഫീസിൽ ഒരൊററ 'ഡി. ഒ. റിമൈൻഡർ' പോലും വരാൻ താൻ ഇടയാക്കീട്ടില്ല. തഹസീൽദാരായപ്പോഴോ? പട്ടാളത്തിലേക്കു് ഏററവുമധികം റിക്രൂട്ടുകളും വാർഫണ്ടിലേക്കു് ഏററവുമധികം പണവും നേടിക്കൊടുത്തതു്

തന്റെ താലൂക്കാണ്. സ്ഥലമെടുപ്പു പ്രവത്തനങ്ങൾ പൂർത്തീകരിക്കുന്ന കാര്യത്തിലും താൻ ഒരു റിക്കാർഡ് സൃഷ്ടിച്ചിട്ടുണ്ട്.

സ്വാഭാവികമായിത്തന്നെ അദ്ദേഹത്തിന് തോന്നി, പ്രസംഗം മോശമാകരുതെന്ന്—ആദ്യത്തെ പ്രസംഗമാണെങ്കിൽപ്പോലും.

"...സുഭിക്ഷതയിലേക്കുള്ള ഈ തീർത്ഥയാത്രയിൽ നമുക്കേവെക്കും സുപ്രധാനമായ ഒരു പങ്കു വഹിക്കാനുണ്ടെന്നുള്ള കാര്യം അവിതർക്കിതമാണ്......"

...അവിതർക്കിതമാണ്...... എന്തുകൊണ്ടോ ആ വാക്ക് നാവിൽക്കിടന്നു തടയുന്നു. കുറേക്കൂടി കുഴപ്പം കുറഞ്ഞ വാക്കുകൾ ആ സ്ലാക്കിനെഴുതിക്കൂടെ?

ഇരുന്നുകൊണ്ടു വായിച്ചാൽ പററില്ല. നിന്നുകൊണ്ടുതന്നെ വായിക്കണം—അംഗവിക്ഷേപങ്ങളോടെ. മുറിയുടെ ഒരു മൂലയിൽ നാലാംഗ്രേഡ് ജീവനക്കാരൻ പൗലോ നിൽക്കുന്നുണ്ടു്. അവനെ ഒരു ഗംഭീരസദസ്സായി സങ്കല്പിച്ചുകൊണ്ടു കലക്ടർ വായനതുടങ്ങി. പൗലോ ഇടയ്ക്കിടെ. പ്രോത്സാഹനപൂർവ്വം തലകുലുക്കി. 'ആഡിയൻസ് റിയാക്ഷൻ' മോശമല്ല.

എട്ടടിച്ചു.

കലക്ടർ ആർ. ഡി. ഒ.-യെ വിളിച്ചു.

"ഒമ്പതിനല്ലേ?"

"അതേ, സർ."

"നല്ല ആഡിയൻസുണ്ടാകുമോ?"

"നോക്കാം, സർ."

"എന്നുവെച്ചാൽ—?"

"മീററിംഗ് കുറെ നേരത്തേ ആയിപ്പോയി. അതുകൊണ്ട്..."

"അതുകൊണ്ടു്?"

"ഒന്നുമില്ല; സർ...കുറെയാളുകളുണ്ടാവും. ബോട്ടു ജട്ടിക്കടുത്തായതുകൊണ്ടു്..."

"നോൺസെൻസ്!" കലക്ടർ അക്ഷമനായി ഫോൺ താഴെവെച്ചു. ഇൻ എഫിഷ്യൻറ് ഫെലോസ്! പ്രസംഗം കേൾക്കാൻ ആളുണ്ടാകുമോ എന്നുതന്നെ അറിഞ്ഞുകൂടാ!

അതാ, ഫോൺ ബെല്ലടിക്കുന്നു. ഡി. എസ്. പി. യാണു്.

"ഇന്നു് എട്ടുമണിമുതൽ ബോട്ടുവർക്കേഴ്സ് ഒരു ലൈററ്നിംഗ് സ്ട്രൈക്ക് തുടങ്ങിയിരിക്കുന്നു."

"വൈ?"

"മുഴുവൻ ഡീറെയിൽസും കിട്ടിയിട്ടില്ല."

"ഡു യു ആൻറിസിപ്പേററ് എനി ട്രബിൾ?"

"നോ...നോ...അവരെല്ലാംകൂടി ഒരു ജാഥയായി ടൗൺ ചുററാൻ പോയിരിക്കയാണു്. ഞാൻ ജട്ടിയിൽ എസ്. ഐ.-യെ പോസ്റ്റു ചെയ്തിട്ടുണ്ടു്."

ഇതേ സമയത്തു്, ലേശം തലവേദനയ്ക്കു വിധേയനായിക്കഴിഞ്ഞിരുന്ന ആർ. ഡി. ഒ.; സ്റ്റാർ സേവിംഗ്സ് ഓഫീസറുമായി ഫോണിലൂടെ സംസാരിക്കയായിരുന്നു.

"സംഗതി കുഴപ്പമായല്ലോ..."

"എന്തു്?"

"ബോട്ടുതൊഴിലാളികളുടെ സ്ട്രൈക്കും ജാഥയും കാരണം ജട്ടിപരിസരത്തു് ഒററക്കുഞ്ഞുപോലുമില്ല."

"അപ്പോൾ മീററിംഗിനു്?"

“ഡാററീസ് വാട്ട് വറീസ് മി! കുറെ മുമ്പു കലക്ടർ വിളിച്ചിരുന്നു. ഒരു തകപ്പൻ സദസ്സുണ്ടാകുമെന്നാണ് മൂപ്പരുടെ വിചാരമെന്നു തോന്നുന്നു.”

സ്മാൾ സേവിംഗ്സ് ഓഫീസറുടെ അടുത്തുനിന്നും ശബ്ദമൊന്നും വരാത്തതിനാൽ ആർ. ഡി. ഒ. ഫോൺ താഴെവെച്ച്, ഒരു ആസ്പിരിൻഗുളിക ഭക്ഷിച്ചു.

എട്ട് അമ്പതിന് കലക്ടർ കാറിൽ കയറി.

അടുത്ത രംഗം ബോട്ടുജട്ടിക്കവലയാണ്. കവലയിൽ മഞ്ഞസില്ക്കു പുതച്ച പരസ്യപ്പലക നിവർന്നുനില്ക്കുന്നു. അടുത്ത് ഒരു മേശയും കസേരയും കിടക്കുന്നുണ്ട്. മേശപ്പുറത്തു ചന്ദനത്തിരി കത്തുന്നു. മൈക്കുമുണ്ട്. സിനിമാപ്പാട്ടു മുഴങ്ങുന്നു. ഒരുക[illegible]ല്ല.

MUL
235697

പക്ഷേ, ‘ബഹുജന[illegible]ു് ആർ. ഡി. ഓ–യും, തഹശ്[illegible]്യപദ്ധതി ഓഫീസറും, ജട്ടിഡ്യൂട്ടിക്കു വന്ന സബ്ബിൻസ്പെക്ടരും, ഒരു കുടവയറൻ ഹേഡും, ഒരു പി. സി–യും മാത്രം!

നോക്കെത്തുന്ന ദൂരത്തിൽ പിന്നെക്കണ്ടത് ഒരു കുരുടൻ തെണ്ടിയെയും രണ്ടു കൊടിച്ചിപ്പട്ടികളെയും മാത്രമായിരുന്നു.

എല്ലാ ‘നല്ല മനുഷ്യരും’ ജാഥയുടെ പിന്നാലെ പോയിരിക്കയാണ്. പണിമുടക്കുകാരുടെ ആഹ്വാനമാദരിച്ച് (എന്നുവച്ചാൽ, അവർ കല്ലെറിയുമോ എന്നു ഭയന്ന്) പീടികകൾ അടച്ചിരിക്കുന്നു. അയ്യപ്പവിലാസം നായർഹോട്ടൽ (ഹിതമായ ഭക്ഷണം, മിതമായ ചാർജ്ജ്) മാത്രം ഒരു മൂലയിൽ തുറന്നിരിക്കുന്നു.

ആർ. ഡി. ഒ. വാച്ചുനോക്കി. “കലക്ടർ വരാറായി.”

235697

“സംഗതി കുറച്ചിലായല്ലൊ.”

032:3N27
K3

"അങ്ങോരുടെ ഒന്നാമത്തെ പബ്ളിക്ക് ഫങ്ക്ഷനാമാണു്."

"കാര്യമെന്താ?" സംഭാഷണം ശ്രദ്ധിച്ച സബ് ഇൻസ്പെക്ടർ തിരക്കി.

തഹസീൽദാർ വിവരം പറഞ്ഞു:

"കുറെ നേരത്തെ പറഞ്ഞില്ലല്ലോ; റിസർവ്വ് ക്യാമ്പിലേയ്ക്കു ഫോൺചെയ്തു് എല്ലാവരെയും മഫ്റ്റിയിൽ വരാൻ പറഞ്ഞാൽ മതിയായിരുന്നു. ഇനിയതിനു നേരമില്ല," ഇൻസ്പെക്ടർ പറഞ്ഞു.

പെട്ടെന്നു് ആശയസമ്പന്നനായ സബ്ബിൻസ്പെക്ടർക്കു വെളിച്ചം കിട്ടി.

"ദാ—ഉടനടി ഒരു ആഡിയൻസിനെ ഉണ്ടാക്കുന്നുണ്ടു്." അയാൾ പ്രഖ്യാപിച്ചു.

റോഡിൻെറ മദ്ധ്യത്തിലേക്കു നീങ്ങിനിന്നിട്ടു് അയാൾ ആകാശത്തിലേയ്ക്കു് ഉററുനോക്കി—അതിലൂടെ ഒരു റോക്കററോ പറക്കുംതളികയോ പോകുന്നുണ്ടെന്ന മട്ടിൽ. കുടവയറൻ ഹേഡും മുകളിലേക്കു നോക്കി. തുടർന്നു പോലീസുകാരനും.

"എന്താ സാർ നോക്കുന്നതു്?" ഹേഡ് അന്വേഷിച്ചു.

"ഒരു പുകപോലെ കാണുന്നില്ലേ?" തികഞ്ഞ ഗൗരവത്തോടെ സബ്ബിൻസ്പെക്ടർ ചോദിച്ചു.

നല്ല ഡിസിപ്ലിനുള്ള ഹേഡു് പറഞ്ഞു: "അതെ, സാർ ....സൂക്ഷിച്ചുനോക്കിയാൽ കാണാനുണ്ടു്......"

ഈയവസരത്തിൽ രണ്ടുപേർ കാപ്പികുടിച്ചിട്ടു് അയ്യപ്പവിലാസത്തിനു പുറത്തു വന്നു. പോലീസുദ്യോഗസ്ഥന്മാർ ആകാശത്തിലേക്കു് ഉററുനോക്കുന്നതു കണ്ടപ്പോൾ, അവരും മുകളിലേക്കു കണ്ണുകൾ നട്ടു. ചന്തയിലേയ്ക്കു

തേങ്ങവില്ക്കാൻ പുറപ്പെട്ട ഒരു വയസ്സൻ മുസ്ലീമാണ് അടുത്തതായി ആകാശനിരീക്ഷണസംഘത്തിൽ ചേൎന്നതു്. പിന്നെ താമസമുണ്ടായില്ല. മാളങ്ങളിൽനിന്നു് എലികളിറങ്ങിവരുന്നപോലെ വിജനമായിക്കിടന്ന എല്ലാ മൂലകളിൽനിന്നും ആൾക്കാർ റോഡിന്റെ നടുവിലേയ്ക്കു നീങ്ങി. സബ്ഇൻസ്പെക്ടരുടെ പിന്നിൽ തരക്കേടില്ലാത്ത ഒരു ജനസംഘം അണിനിരന്നു—ആകാശനിരീക്ഷണമാരംഭിച്ചു.

കലക്ടരുടെ കാർ വന്നുനിന്നു. തഹസീൽദാർ മുന്നോട്ടുചാടി കതകു തുറന്നുകൊടുത്തു.

ആർ. ഡി. ഒ. ഒരു മിന്നൽതീരുമാനം കൈക്കൊണ്ടു.

പ്രസംഗമാരംഭിക്കുമ്പോൾ വേണമെങ്കിൽ ഈ ആൾക്കൂട്ടം നിന്നുതരുമായിരിക്കും. എങ്കിലും നിശ്ചയം പറഞ്ഞുകൂട. അതുകൊണ്ടു് പ്രസംഗമൊന്നും കൂടാതെ കാൎയ്യമവസാനിപ്പിച്ചു പിരിയുകയാണു നന്നു്.

"മൈക്കു കേടായിപ്പോയി സർ." ആർ. ഡി. ഒ. കള്ളംപറഞ്ഞു.

"അപ്പോൾ പ്രസംഗം വേണ്ട, അല്ലേ?" കലക്ടർ ചോദിച്ചു.

"വേണ്ട, സർ."

"ദെയർ സീംസ് ടു ബി കായററ് എ ക്രൗഡ്!"

"യേസ്, സർ."

കലക്ടൎക്കു നിരാശതയുണ്ടായിക്കാണണം. പക്ഷേ, അതൊന്നിച്ചു് അല്പം ആനന്ദവുമുണ്ടായെന്നു പറയേണ്ടിയിരിക്കുന്നു. ആ 'അവിതക്കിതം' ഉച്ചരിക്കണ്ടല്ലോ.

പലകയുടെനേൎക്കു ഗൗരവഭാവത്തിൽ നടന്നുചെ

ന്നിട്ട്, മഞ്ഞ സിൽക്കിൻെറ മൂലയിൽ തൂങ്ങിക്കിടന്ന ചരട് കലക്ടർ വലിച്ചു.

ഒരു അണക്കെട്ടിൻെറ ചിത്രവും, "ഐശ്വര്യത്തിലേക്കുള്ള മാർഗ്ഗം—ലഘുസമ്പാദ്യപദ്ധതി" എന്ന വാക്കുകളും കാണാറായി.

ആർ. ഡി. ഓ–യും തഹസീൽദാരും കൈ തട്ടി.

ശബ്ദംകേട്ട ജനക്കൂട്ടം ആകാശത്തിൽനിന്നും ഭൂമിയിലേക്കിറങ്ങിവന്നു.

"കൈകൊട്ടിനെടാ!" സബ്ബിൻസ്പെക്ടർ പതിഞ്ഞ സ്വരത്തിൽ ആൾക്കൂട്ടത്തോടാജ്ഞാപിച്ചു.

"എന്തിന്നാ?" ഒരാൾ തിരക്കി.

"ഏമാൻ പറഞ്ഞതു കേട്ടില്ലേടാ? കൈയടിക്കാൻ!" ഹേഡ് അല്പം കയർത്തു.

അന്തരീക്ഷത്തിൽ കരഘോഷം മുഴങ്ങി.

# പ്രഥമരാത്രി

രണ്ടു കട്ടിലുകൾ ചേർത്തിട്ടിരിക്കുന്നു. സിൽക്കു് ഉറയുള്ള രണ്ടു കിടക്കകൾ വിരിച്ചിട്ടിട്ടുണ്ടു്. മുല്ലപ്പൂവും റോസാദളങ്ങളും വിതറിയിട്ടുണ്ടു്, കിടക്കയിൽ. അടുത്തുള്ള ഡ്രസ്സിംഗ്ടേബിളിന്മേൽ, വെള്ളിത്തട്ടത്തിൽ പൂവൻപഴവും ഓറഞ്ചും ആപ്പിളും വച്ചിട്ടുണ്ടു്. ഒരു മൂലയിൽ അലുവയും മൈസൂർപാവും ജിലേബിയും കാണാം. ആ ക്രൂററൻ വെള്ളിമൊന്ത നിറയെ പാലാണു്. ചന്ദനത്തിൻേറയും പനിനീരിൻെറയും സുഗന്ധം അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്നുണ്ടു്. ഒരു വെള്ളിത്തളികയിൽ തളിർവെററിലയും ചുവന്ന ചുണ്ണാമ്പും വാസനപ്പാക്കും നിരന്നിരിക്കുന്നു.

ആയാസകരമായ ഒരു രാത്രി ചെലവിടാൻതന്നെയാണു് നാരായണയ്യർ നിശ്ചയിച്ചിരുന്നതു്.

ഡ്രസ്സിംഗ്ടേബിളിലെ ക്രൂററൻ കണ്ണാടിയിൽ കിടക്കകൾ പ്രതിഫലിച്ചുകാണാം.

ബെഡ്റൂംവിളക്കിൻെറ അരണ്ട വെളിച്ചം എങ്ങും പ്രസരിച്ചിരുന്നു.

കിടക്കറയുടെ ജന്നലുകൾ നാരായണയ്യർ അടച്ചു.

രാജാംബാൾ ഒരു മൂലയിൽ, പുറംതിരിഞ്ഞു നില്ക്കുകയാണു്. താനൊരു തടവുമുറിയിലാണെന്നു് അവൾക്കു തോന്നി. ജീവിതത്തിലിങ്ങനെയൊരു ഘട്ടമുണ്ടായിട്ടില്ല...കരയാൻ തോന്നുന്നു.

നാരായണയ്യരുടെ കണ്ണുകളിൽ ദാഹം നിറഞ്ഞുനിന്നിരുന്നു. രാജാംബാൾ ഇത്ര സുന്ദരിയാണോ? വിവാഹ

വേളയിൻ പതിനെട്ടുമുഴം നീളംവരുന്ന ചേല, പ്രായം ചെന്നവരെപ്പോലെ അവൾ തററുടുത്തിരിക്കുകയായിരുന്നു. ആ വേഷം അവൾക്കു തീരെ യോജിച്ചതായിരുന്നില്ല... അവൾ വല്ലാതെ മെലിഞ്ഞിരുന്നതായി തോന്നി.

എന്നാലിപ്പോൾ, ആ ചുവന്ന ബ്ളൗസും റോസ്നിറത്തിലുള്ള സാരിയും അവളുടെ ശരീരസൗഭാഗ്യത്തെയാകെ വ്യക്തമാക്കുന്നുണ്ട്...നീണ്ടുരുണ്ട വെളുത്ത കൈകളും ഉരുണ്ട തോളുകളും മാറിടവും...

നാരായണയ്യരുടെ ശ്വാസോച്ഛ്വാസം ശീഘ്രഗതിയിലായി. ശരീരം ലേശം വിറകൊള്ളുന്നുണ്ട്. അല്പം ധൈര്യക്കുറവുതോന്നി. ഒരു പതിനേഴുകാരിയെ വശീകരിച്ചെടുക്കാനുള്ള കഴിവു തനിക്കുണ്ടോ?

ഒരു കാമുകൻെറ ഭാഗം അഭിനയിക്കാനാണ് അയാൾ ആഗ്രഹിച്ചതു്; ഒരു പിടിച്ചുപറിക്കാരൻേറതല്ല.

"രാജം!" അയാൾ മെല്ലെ വിളിച്ചു.

അവൾ തിരിഞ്ഞുനോക്കിയില്ല.

തൻെറ അച്ഛനാവാൻ പ്രായമുള്ള ഈ മനുഷ്യൻ അവളെ ഭയപ്പെടുത്തി. ഒരു പ്രഥമരാത്രിയെപ്പററിയുള്ള അവളുടെ സങ്കൽപങ്ങളിൽ, കറുത്ത പല്ലുകളും കഷണ്ടിത്തലയുമുള്ള ഒരു അമ്പത്തഞ്ചുകാരൻ ഒരിക്കലും കയറിച്ചെന്നിട്ടില്ല.

വിവാഹസമയത്തു് അയാൾ തൻെറ വലതുകയ്യിൽ പിടിച്ചിരുന്നു. ഒരു തണുത്ത അട്ട കയ്യിൽ കയറിക്കൂടിയ തോന്നലാണ് അപ്പോഴവൾക്കുണ്ടായതു്.

ഇനിയെന്തെല്ലാമുണ്ടാകും?

ആ കൈകൾ തന്നെ ആലിംഗനംചെയ്യും...ആ

മുരുക്കിച്ചുവന്ന ചുണ്ടുകഠം തൻെറ ചുണ്ടുകളെത്തേടി വരും...

"രാജം!" വീണ്ടും അയാഠം വിളിച്ചു.

ഇത്തവണയും അവഠം മുഖം തിരിച്ചില്ല.

വെളിയിൽ പെണ്ണുങ്ങഠം പാട്ടുകയാണു്. സുന്ദരനും ശക്തനും യുവാവുമായ വരൻ സുന്ദരിയും യുവതിയുമായ വധുവിനെ കീഴടക്കുന്ന രംഗങ്ങളെക്കുറിച്ചു് ഒളിച്ചും തെളിച്ചും ആ ഈരടികഠം വർണ്ണിക്കുന്നു.

"രാജം!" ഇത്തവണ സ്വല്പം അധികാരസ്വരത്തിലാണയാഠം വിളിച്ചതു്.

ഞെട്ടുങ്ങിക്കൊണ്ടു് അവഠം തിരിഞ്ഞുനോക്കി. നോക്കിയ ക്ഷണത്തിൽതന്നെ അവഠം തലകുനിക്കുകയും ചെയ്തു.

നാരായണയ്യർ പതിഞ്ഞ ചിരി ചിരിച്ചു. രാജാംബാഠംക്കു് തല കറങ്ങുന്നപോലെ തോന്നി. ആ ചിരിക്കു് ഒരത്ഥമേയുള്ളു: ഞാൻ നിൻെറ യജമാനനാണു്...ഞാനാവശ്യപ്പെടുമ്പോഠം നീ കീഴടങ്ങണം...കീഴടങ്ങുമെന്നു് എനിക്കറിയാം...

നാരായണയ്യർ കിടക്കയിലിരുന്നു.

"രാജം, ഉക്കാരു്!" അയാഠം ക്ഷണിച്ചു.

അവഠം മടിച്ചുനിന്നു.

"ഉം! ഉക്കാരു!"

കിടക്കയുടെ മറേറത്തലയ്ക്കൽ അവഠം ഒതുങ്ങിയിരുന്നു.

"എന്നാ ഇവ്വളവു് ഭയം? നാൻ കടുവായാ കരടിയാ?" ഒരു ഫലിതം പറയുന്ന മട്ടിലാണു് നാരായണയ്യർ സംസാരിച്ചതു്:

അവഠം മറുപടി പറഞ്ഞില്ല. അവഠം ചിന്തിക്കുക

യായിരുന്നു: കടുവായേക്കാളും കരടിയെക്കാളും ഞാൻ നിങ്ങളെ ഭയപ്പെടുന്നു. നിങ്ങൾക്കെൻെറ അച്ഛനാവാൻ പ്രായമുണ്ട്. എൻെറ ജീവിതം നിങ്ങളുടേതിനോട് കെട്ടു പിണഞ്ഞു കിടക്കേണ്ടിവരുമ്പോൾ ഞാനെങ്ങനെ ഭയപ്പെടാതിരിക്കും?

നാരായണയ്യർ ഒരു പൂവൻപഴമെടുത്തു നീട്ടി. "ഇന്താ, പഴം."

എന്തുപററി ഈ പെണ്ണിന്? എന്താണവൾ ഒന്നും മിണ്ടാത്തതു്?

"നീയെന്നാ ഊമയാ?"

അതു ചോദിച്ചുകഴിഞ്ഞയുടൻ നാരായണയ്യർ പശ്ചാത്തപിച്ചു. കടുത്ത സ്വരത്തിലാണു് താനതു പറഞ്ഞതു്—വഴക്കുപറയുമ്പോലെ. ഭയന്നിരിക്കുന്ന അവൾ കൂടുതൽ ഭയപ്പെടും. ഛെ!

"എന്നാ രാജം, ദേഷ്യമാ?"

"ഇല്ലൈ." രാജാംബാൾ പറഞ്ഞു.

പകുതി യുദ്ധം ജയിച്ചതുപോലെ തോന്നി നാരായണയ്യർക്ക്. രണ്ടക്ഷരമെങ്കിലും അവൾ സംസാരിച്ചല്ലോ.

"ഇന്ത ജിലേബിയെ കൊഞ്ചം ശാപ്പിടേൻ."

"വേണ്ടാം."

എന്നാൽ കൊഞ്ചം പാലൈ കുടി!"

"വേണ്ടാം."

"ഏൻ? പശിക്കലൈയാ?"

"ഇല്ലൈ."

വിചാരിച്ചതുപോലെയൊന്നും കാര്യങ്ങൾ പുരോഗമിക്കുന്നില്ല. എന്തൊക്കെയോ പറയണമെന്നു വിചാരിച്ചതാണു്. പറഞ്ഞുവരുമ്പോൾ ശരിപ്പെടുന്നില്ല. രണ്ട

ക്ഷരത്തിൽ മറുപടി പറഞ്ഞുതീക്കാവുന്ന വിഡ്ഢിച്ചോ ദ്യങ്ങളേ തനിക്കു ചോദിക്കാനാവുന്നുള്ളൂ.

മരിച്ചുപോയ ഭാര്യ തൈലാംബാളെ അയാളോർത്തു.

തൈലാംബാളും താനും ഇതേ മുറിയിൽ പ്രഥമരാത്രി കഴിച്ചതാണു്. അന്നു തനിക്കു ചെറുപ്പമായിരുന്നു. സിരകളിൽ ചൂടുള്ള ചോര പാഞ്ഞിരുന്നു. നാവിൽ ഫലിതോക്തികൾ നിറഞ്ഞുനിന്നിരുന്നു. അന്നെന്തൊക്കെ തമാശകളാണു് താൻ പറഞ്ഞതു്! മുഖം കുനിച്ചിരുന്ന തൈലാംബാൾ പൊട്ടിച്ചിരിച്ചുപോയി. താൻ അവളെ വാരിയെടുത്തു് ചുംബനങ്ങൾകൊണ്ടു പൊതിഞ്ഞു.

ഭിത്തിയിൽ തൂങ്ങിക്കിടന്ന ഒരു എണ്ണച്ഛായാപടത്തിൽ അയാളുടെ കണ്ണുകൾ തങ്ങിനിന്നു.

തൈലാംബാളുടെ പടം.

അയാൾക്കു് ലേശം കുററബോധമുണ്ടായി. ആ ചിത്രത്തിനു് ജീവൻവച്ചതുപോലെ തോന്നുന്നു. തൈലാംബാൾ ഈ രാത്രിക്കു് സാക്ഷിനില്ക്കുകയാണു്. ആ കണ്ണുകൾ തന്നെ പുച്ഛരസത്തിൽ നോക്കുന്നുണ്ടു്.

ആ പടം എടുത്തു മാറേറണ്ടതായിരുന്നു.

അയാൾ കിടക്കയിൽനിന്നെഴുന്നേററു. ഭിത്തിയിൽ ചരിച്ചു തൂക്കിയിരുന്ന ആ ചിത്രത്തിന്മേൽ തന്റെ നേര്യ്തു് അയാളെറിഞ്ഞു.

ഇപ്പോൾ തൈലാംബാൾക്കു് തന്നെ നോക്കാനൊക്കുകയില്ല.

വീണ്ടും കിടക്കയിൽ വന്നിരുന്നപ്പോൾ അയാൾക്കല്പം ലജ്ജതോന്നി. ഒരു ചിത്രത്തിനു തന്നെ ഭയപ്പെട്ടു താൻ കഴിഞ്ഞതല്ലോ!

"ഇങ്കെ കിട്ടെ വായേൻ!" അടുത്തുവന്നിരിക്കാൻ അയാൾ രാജാംബാളെ ക്ഷണിച്ചു.

അവൾ അനങ്ങിയില്ല.

"എന്നാൽ നാൻ കിട്ടെ വരേൻ!" അയാൾ അങ്ങോട്ടടുത്തു. അവൾ കട്ടിലിന്റെ അറ്റത്തു ചുരുണ്ടുകൂടിയിരുന്നു. അതാ, കഴുത്തിനുപിന്നിലൊരു ചൂട്. നാരായണയ്യരുടെ നിശ്വാസമാണ്.

മാംസളമായ തന്റെ കൈ അയാൾ അവളുടെ തോളിലിട്ടു. അതു മെല്ലെ താഴോട്ടിറങ്ങി:

പെട്ടെന്നവൾ പൊട്ടിക്കരഞ്ഞുപോയി. ഒരു വൈദ്യുതാഘാതമേററിട്ടെന്നവണ്ണം, നാരായണയ്യർ കൈ പിൻവലിച്ചു.

"അഴാതെ—അഴാതെ!" അയാൾ അപേക്ഷിച്ചു.

പക്ഷേ, തടഞ്ഞുവച്ചിരുന്ന കണ്ണീർ, ഉരുൾപൊട്ടിയതുപോലെ, ഒഴുകുകയാണ്.

നാരായണയ്യർ സ്വയം കുററപ്പെടുത്തി. താൻ ധൃതി കാണിച്ചു. അവളുടെ പ്രായക്കുറവിനെ താൻ ആദരിക്കേണ്ടതായിരുന്നു.

പുരോഹിതൻ ധർമ്മൻവാദ്ധ്യാർ തന്നോടു രഹസ്യമായി ഉപദേശിച്ചിരുന്നതാണ്: "ശിന്നപ്പൊണ്ണാക്കും. എല്ലാം സാവകാശമാകവേണം." താനതു മറന്നു.

ഇനിയീ രാത്രിയിലൊന്നും നടപ്പില്ല.

അവൾ തോരാതെ കരയും.

വേണ്ട. ഒരു ബലാൽസംഗത്തിനു താൻ തയാറില്ല.

*   *   *

വെളിയിൽ ശബ്ദമൊന്നും കേൾക്കാനില്ല. എല്ലാവരും ഉറങ്ങിക്കാണും.

കരഞ്ഞുവീൎത്ത കണ്ണുകരം, രാജാംബാരം സാരിത്തു മ്പുകൊണ്ടു തുടച്ചു.

നാരായണയ്യർ ക്രൂക്കംവലിച്ചുറങ്ങുകയാണു്. ഉറങ്ങുമ്പോരം അറുപതിലേറെ പ്രായം തോന്നുന്നുണ്ടയാരംക്കു്. വായ് തുറന്നിരിക്കുന്നു. രണ്ടുമൂന്നു കറുത്ത പല്ലുകരം പുറത്തു കാണാം.

"ഇതാണോ എന്റെ ഭൎത്താവു്?" അവരം സ്വയം ചോദിച്ചുപോയി.

എത്ര പെട്ടെന്നാണു് എല്ലാം നടന്നതു്! അന്നൊരിക്കൽ വികടൻശങ്കരൻ വീട്ടിൽ വന്നിരുന്നു.

"എന്നാ വികടാ?" അച്ഛൻ ചോദിച്ചു.

"എല്ലാം നല്ലതുതാൻ." വികടൻ പറഞ്ഞു.

പിന്നെ വളരെനേരം അവർ രഹസ്യം പറഞ്ഞിരുന്നു. അവർ തന്റെ വിവാഹം ഉറപ്പിക്കയായിരുന്നു.

വികടൻശങ്കരനു് ആനന്ദവികടൻവില്പനയ്ക്കു പുറമേ ഈ ജോലിയുമുണ്ടെന്നു താനറിഞ്ഞിരുന്നില്ല.

തന്റെ കൂടെപ്പഠിച്ചിരുന്ന അമൃതവും ജാനകിയും രമയുമെല്ലാം എത്ര ഭാഗ്യവതികളാണു്! ഒരു ചെറുപ്പക്കാരൻ ക്ലാക്കാണു് അമൃതത്തിന്റെ ഭൎത്താവു്. ഇരുപത്തഞ്ചു തികയാത്ത ഒരദ്ധ്യാപകനെ ജാനകിക്കു കിട്ടി. യുവാവായ ഒരു മരുന്നുകമ്പനി സെയിത്സ്മാനാണു് രമയെ വിവാഹം കഴിച്ചതു്. അവരെല്ലാം അവരുടെ അനുഭവങ്ങളെപ്പററി തന്നോടു പറഞ്ഞിട്ടുണ്ടു്. ഇക്കിളിയുണ്ടാക്കുന്ന അനുഭവങ്ങരം.

അവർ സ്നേഹിക്കയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു.

"എല്ലാം ഉന്നോടു യോഗം...ഉൻ ജാതകം റൊമ്പ

നല്ലതാകും.” വികടൻ പോയശേഷം, അച്ഛൻ പറഞ്ഞു.

“ആമാം. രാജം ഭാഗ്യശാലിതാൻ,” അമ്മ യോജിച്ചു.

എന്തുകൊണ്ടാണു് അച്ഛനമ്മമാർ ഇത്ര ഹൃദയശൂന്യരായിപ്പോയതു്?

അച്ഛനമ്മമാർ നിർദ്ധനരാണു്. അപ്പോൾ പിന്നെ—!

അയല്ക്കാരുടെ നാവുകൾക്കു വിശ്രമമുണ്ടാവട്ടെ. അവർ എന്തൊക്കെയാണു പറഞ്ഞുപോന്നതു്.

“മലപോലെ വളർന്താച്ച്.”

“ജാഗ്രതയായിരു്! കാലം ശപ്പട്ടെ.”

“യാർ കൂടേൻ ഓടിപ്പോകാതയ്ക്കു്.”

അതെ, പ്രായംചെന്ന മകൾ ആപത്താണു്. പലപ്പോഴും അച്ഛൻ പറയാറുണ്ടു്, “ഇവളെയുംകൂടെ കച്ചവടമാക്കിനാൻ നമ്മ് ഭാരം തീർന്തതു്.”

ആ ഭാരം നാരായണയ്യരാകുന്ന അത്താണിയിൽ അവർ ഇറക്കിവച്ചു.

ഇപ്പോഴവർ ആശ്വസിക്കുന്നുണ്ടാവും.

കച്ചവടമാക്കുക!

എത്ര അർത്ഥവത്താണു് ആ പ്രയോഗം.

അങ്ങനെ ഇതിനുമുമ്പും രണ്ടുപേരെ അച്ഛൻ കച്ചവടമാക്കിയിട്ടുണ്ടു്—തന്റെ രണ്ടു ജ്യേഷ്ഠത്തിമാരെ.

ആ ജ്യേഷ്ഠത്തിമാരുടെ മുഖം ഓർമ്മവരുന്നില്ല. ആന്ധ്രയിൽനിന്നു വന്ന ആർക്കോ ആ പെൺകുട്ടികളെ വിവാഹം കഴിച്ചുകൊടുത്തു.

നാട്ടുകാർ ഇന്നും അതിനെപ്പററി അപവാദം പറയാറുണ്ടു്. ആ പെൺകുട്ടികളെ ചെട്ടികൾക്കു വിററതാ

ണത്രെ. "ചെട്ടിക്ക പൊണ്ണെ വിററവളല്ലവാ നീങ്കൾ?" അമ്മയോട്ട് ഒരയല്ക്കാരി പണ്ടു കയർത്തതു കേട്ടിട്ടുണ്ട്.

ആ ചേച്ചിമാർ ഇന്നെവിടെ? അവരെപ്പററി ഒന്നും അറിഞ്ഞുകൂടാ. അവരുടെ കത്തുകൾ വരാറില്ല.

തന്നെക്കാൾ ഭാഗ്യവതികളായിരുന്നു അവർ. അവർ എന്നെന്നേക്കുമായി നാടുവിട്ടുപോയി. പഴയ ബന്ധങ്ങളും ചുററുപാടുകളും അവരെ നൊമ്പരപ്പെടുത്തുകയില്ല. നന്നേ കുട്ടിക്കാലത്താണവർ പോയതു്. തകന്ന സ്വപ്നങ്ങളും വാടിക്കരിഞ്ഞ അഭിലാഷങ്ങളും അവക്കുണ്ടായിരുന്നിരിക്കയില്ല.

ജീവിതം യാദൃച്ഛികസംഭവങ്ങളുടെ ഒരു പട്ടികയാണെന്നു് രാജാംബാൾക്കു തോന്നി. നിർധനനായ ഒരു സ്കൂൾമാസ്റ്ററുടെ മകളായി താൻ ജനിച്ചപ്പോൾ ആ പട്ടിക ആരംഭിച്ചു...

അച്ഛൻ ഇന്നു് എന്നത്തേക്കാളും ദരിദ്രനാണു്. അമ്മയ്ക്കു കീറിപ്പൊളിയാത്ത ഒരു ചേലപോലുമില്ല. അങ്ങകലെ ബോംബെയിൽ ചോര നീരാക്കി പണിയെടുക്കുന്ന സഹോദരൻ, ഗോപാലൻെറ ഔദാര്യമാണു് ഇന്നവക്കു ഭക്ഷണം നൽകുന്നതു്.

സ്നേഹമുള്ള ആ സഹോദരൻ കൂടുതൽ ശോഭനീയമായ ഒരു ഭാവി തനിക്കുണ്ടാകണമെന്നു കരുതിയവനാണു്.

കഴിഞ്ഞകൊല്ലം ലീവിൽ വന്നപ്പോൾ ഗോപാലൻ പറഞ്ഞു: "രാജത്തോടു് കല്യാണം നാൻ നടത്തിവയ്ക്കിറേൻ."

"റൊമ്പ നല്ലതു്." അവിശ്വാസം മുഴച്ചുനിന്ന സ്വരത്തിലാണു് അച്ഛനതിനു മറുപടി പറഞ്ഞതു്.

ഏതെങ്കിലും ചെറുപ്പക്കാരനെ ഗോപാലൻ കണ്ടു വച്ചിരുന്നോ?

അവൻെറ പെട്ടിയിലൊരു ഫോട്ടോയുണ്ടായിരുന്നു. രണ്ടു ചെറുപ്പക്കാരുടെ ചിത്രം. ഗോപാലനും ഒരു സുഹൃത്തും. പെട്ടി തിരഞ്ഞപ്പോൾ യദൃച്ഛയാ താനതു കണ്ട താണു്.

ഫോട്ടോയിലെ മറേറ ചെറുപ്പക്കാരൻ സുന്ദരനായിരുന്നു. വെള്ളഷർട്ടും കൊച്ചുപൂക്കളുള്ള ഭംഗിയുള്ള ടൈയും ധരിച്ചിട്ടുണ്ടു്. തലമുടി നടുവിൽ വാൻു് പിന്നിലേക്കു ചീകിവച്ചിരിക്കുന്നു. കട്ടിയുള്ള പുരികങ്ങളും നീണ്ട മൂക്കും. ആ ചുണ്ടുകളുടെ കോണിൽ ഒരു കുസൃതിച്ചിരി ഒളിഞ്ഞുകിടന്നിരുന്നു.

ആരാണയാൾ?

തൻെറ വിവാഹത്തിൻെറ ചുമതല ഏററുവെന്നു പ്രഖ്യാപിക്കുമ്പോൾ, ഗോപാലൻെറ മനസ്സിൽ ആ ചെറുപ്പക്കാരനുണ്ടായിരുന്നോ?

അന്നതിനു് ഉത്തരം കിട്ടിയില്ല.

ഗോപാലൻ പറഞ്ഞില്ല.

താൻ ചോദിച്ചില്ല.

ഇനി ചോദിക്കേണ്ട കാര്യവുമില്ല.

വെളിയിൽ നാഴികമണി നാലടിച്ചു.

നാരായണയ്യർ ഉറക്കത്തിലെന്തോ പുലമ്പുന്നു.

രാജാംബാൾ ഞെട്ടി.

കട്ടിയുള്ള പുരികങ്ങളും നീണ്ട മൂക്കുമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു ആ കിടക്കയിലെങ്കിൽ—!

വെളിയിൽ കാൽപ്പെരുമാററം കേട്ടു.

സ്ത്രീകളാരോ സംസാരിക്കുന്നു.

വാതിലിൽ ആരോ മുട്ടി.

അമ്മ വിളിക്കയാണു്: "രാജം, കതകെ തുറ!"

അവർ കതകു തുറന്നു.

ഒരു സ്വപ്നാടകയെപ്പോലെ അവൾ പുറത്തേക്കു നടന്നു.

"കൊഞ്ചംക്കൂടെ തുങ്കലൈപോലിരുക്കു്! രാത്രിയെല്ലാം പേശിക്കൊണ്ടിരുന്തോളാക്കും?" അല്പം ശൃംഗരിച്ചുകൊണ്ടു് ഒരു വൃദ്ധ ചോദിച്ചു.

രാജാംബാൾ ഒന്നും പറഞ്ഞില്ല.

# ആത്മഹത്യ

കോടതിമുറിയിൽ മനുഷ്യരെപ്പററി പലതും പഠിക്കാനാവുമെന്നു വിശ്വസിക്കുന്ന, ചെറുപ്പക്കാരനായ ആ ന്യായാധിപൻ പെട്ടെന്നിങ്ങനെ പറഞ്ഞു:

"കഴിഞ്ഞയാഴ്ച ഞാനൊരുത്തനെ കൊന്നു...ഇനിയുമൊരുത്തൻ ഞാൻ കാരണം മരിച്ചേന്നുവരാം."

ഞാനത്ഭുതപ്പെട്ടുപോയി. എന്താണിദ്ദേഹം പറയുന്നതു്? ന്യായാധിപൻ കൊലക്കുററം ചെയ്യുകയോ!

എൻെറ അത്ഭുതം ശ്രദ്ധിച്ചിട്ടാവാം, അദ്ദേഹം മന്ദഹസിച്ചതു്.

"ഭയപ്പെടേണ്ട! ഞാനാരേയും എൻെറ കൈകൊണ്ടു കൊന്നിട്ടില്ല. കൊല്ലുകയില്ലെന്നും തോന്നുന്നു. എങ്കിലും ഒരുത്തൻെറ മരണത്തിനു കാരണക്കാരനാണു ഞാൻ..."

എനിക്കു കാര്യം മനസ്സിലായില്ല.

"ഒന്നു വിശദമാക്കു." ഞാനപേക്ഷിച്ചു.

അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാനെൻെറ ഭാഷയിൽ പകർത്താം:

ജീവിച്ചിരിക്കുന്ന മനുഷ്യനു് എന്തു സംഭവിച്ചാലും സ്റ്റേററിനൊന്നുമില്ല. പക്ഷേ, മനുഷ്യൻ മരിച്ചുകൂടെന്നു് സ്റ്റേററിനു നിർബന്ധമാണു്. നിങ്ങൾക്കു ജീവിതം ദുർഭരമായി തോന്നാം. നിങ്ങൾക്കു തീരാവ്യാധി പിടിപെടാം. നിങ്ങളെ തളത്തിയ ഒരു പ്രണയനൈരാശ്യമുണ്ടാവാം. എങ്കിലും നിങ്ങൾ എലിപ്പാഷാണം കഴിക്ക

ക്കു; കഴുത്തിൽ കയററിടരുതു്; പൊട്ടാസിയം സൈനൈഡ് കുടിക്കരുതു്. തോന്നുമ്പോൾ മരിക്കാനുള്ള അവകാശം നിങ്ങൾക്കില്ല. ശിക്ഷിക്കാൻ മാത്രമറിയാവുന്ന ഒരു കാരണവരെപ്പോലെ, സ്റ്റേററ് ഓടിയെത്തും...നിങ്ങളെ കുററവാളിയാക്കും.

ആത്മഹത്യയ്ക്കു ശ്രമിക്കുന്നവരെ വെറുതേവിട്ടാൽ സമൂഹം താണുപോകുമെന്നു കരുതിയ വിവരമുള്ള മനുഷ്യർ, പണ്ടേ വകുപ്പെഴുതിച്ചേർത്തു—ഇന്ത്യൻശിക്ഷാനിയമം 309-ാം വകുപ്പു്.

വേണ്ടത്ര എലിപ്പാഷാണം തിന്നില്ലെങ്കിൽ, നിങ്ങൾ കാലപുരിയിലല്ല, കോടതിമുറിയിലാണെത്തുക.

ന്യായാധിപൻെറ മുമ്പിലൊരു കേസ്സു വന്നു. ഇരുപത്തിനാലു വയസ്സുള്ള അന്തപ്പൻ ഒതളങ്ങ തിന്നു് ആത്മഹത്യചെയ്യാൻ ശ്രമിച്ചിരിക്കുന്നു!

കോടതിഗുമസ്തൻ അന്തപ്പനെ കുററപത്രം വായിച്ചുകേൾപ്പിച്ചു.

"കുററം ചെയ്തിട്ടുണ്ടു്." അവൻ സമ്മതിച്ചു.

"ശിക്ഷിക്കാതിരിക്കാൻ കാരണമുണ്ടോ?" ന്യായാധിപൻ ചോദിച്ചു.

വേദനാജനകമായ ഒരു കഥയാണവൻ പറഞ്ഞതു്. അമ്മയൊഴിച്ചു്, അവനു ലോകത്തിൽ മററാരുമില്ല. തൊഴിലില്ല. മിക്കദിവസവും പട്ടിണിയാണു്. ഇതിനിടയ്ക്കു ചെറുപ്പക്കാരിയായ ഒരു വിധവയെ പരിചയപ്പെടാൻ ഇടവന്നു. അതു നിഷ്കളങ്കമായ സൗഹൃദമായിരുന്നെന്നാണു് അന്തപ്പൻ പറഞ്ഞതു്. എന്തോ!—ഏതായാലും ആളുകൾ പലതും പറഞ്ഞു. അപവാദം തീക്ഷ്ണമായി. അന്തപ്പൻെറ തള്ളയുടെ ചെവിയിലും അതെത്തി.

തള്ള മകനെ ശാസിച്ചു. അന്നു രാത്രി അവൻ ഒതളങ്ങാ തിന്നു.

"ഞാൻ ബുദ്ധിമോശം കാണിച്ചുപോയേമാന്നേ! എന്നെ മാപ്പാക്കണെം." അന്തപ്പൻ അപേക്ഷിച്ചു.

ഒന്നാമത്തെ കുററത്തിനു ജയിലിലടയ്ക്കണമെന്നില്ല; താക്കീതു ചെയ്തുവിടാം. അന്തപ്പനോടു കരുണതോന്നിയ ന്യായാധിപൻ ആ വകുപ്പുപയോഗിച്ച് അവനെ താക്കീതുചെയ്തു വിട്ടു.

"പുറത്തുപോയി ഇനിയും ഒതളങ്ങ തിന്നരുതു കേട്ടോ!" ന്യായാധിപൻ പറഞ്ഞു.

"ഇല്ലേ!" അന്തപ്പൻ തൊഴുതു.

പക്ഷേ, അവൻ വാക്കു പാലിച്ചില്ല. ഒരാഴ്ചകഴിഞ്ഞു് അവൻ വീണ്ടും ഒതളങ്ങ തിന്നു. ഇത്തവണ വേണ്ടത്ര ഒതളങ്ങ തിന്നതുമൂലം അവൻ മരിച്ചുപോയി.

* * *

ന്യായാധിപൻ എന്നോടുപറഞ്ഞു: "ഒരിക്കൽ ആത്മഹത്യയ്ക്കു ശ്രമിച്ചവൻ, വീണ്ടും അതിനു തുനിയുകയില്ലെന്നു പറഞ്ഞുകേട്ടിട്ടുണ്ടു്. എന്തോ അതൊരു പൊതുനിയമമാണെങ്കിൽ, അതിനൊരപവാദവും വേണമല്ലോ! അതായിരുന്നു അന്തപ്പൻ! എന്തേ അവൻ വീണ്ടും ഒതളങ്ങ തിന്നതു്? അറിഞ്ഞുകൂടാ. അവൻ മരിച്ച വിവരമറിയിക്കുന്ന കടലാസ്സുകൾ, പോലീസ്സുകാർ കോടതിക്കയച്ചു. ആ കടലാസ്സുകൾ കണ്ടപ്പോൾ എനിക്കു തോന്നി, ഞാനാണവനെ കൊന്നതെന്നു്, താക്കീതുചെയ്തു വിടുന്നതിനുപകരം ഞാനവനെ മൂന്നുമാസം ജയിലിലടച്ചിരുന്നെങ്കിൽ, ഒരുപക്ഷേ, അവൻ വീണ്ടും ഒതളങ്ങ കഴിക്കുമായിരുന്നില്ല."

"എന്നെങ്ങനെ പറയാം?...അതു പോകട്ടെ...ഇനിയുമൊരുത്തനെ കൊന്നേക്കാനിടയുണ്ടെന്നു പറഞ്ഞതെന്താ?"

"ഏതാണ്ടിതേപോലൊരു കേസ്സിൽ ഞാനിന്നൊരുത്തനെ താക്കീതുചെയ്തയച്ചു. ഒരു പത്തൊൻപതുകാരൻ— അപവാദമല്ല, അവനെക്കൊണ്ടീ സാഹസം ചെയ്യിച്ചതു്. തെളുങ്ങയല്ല, കയറാണു് അവൻ കണ്ട മോചനമാർഗ്ഗം." ഒന്നു നിറുത്തിയശേഷം അദ്ദേഹം തുടർന്നു: "ഇല്ല. അവൻ മരിക്കുകയില്ല. അവൻ ജീവിക്കണമെന്നാണു് ദൈവനിശ്ചയം."

"എന്താണങ്ങനെ?"

"ആരുമില്ലാത്ത തക്കംനോക്കി അവൻ കഴുത്തിൽ കുടുക്കിട്ടു തൂങ്ങി. അപ്പോഴാണു് വീടിനടുത്തുള്ള ഒരു തെങ്ങു, യാതൊരു കാരണവും കൂടാതെ, ഒടിഞ്ഞുവീഴുന്നതു്. ആ ശബ്ദംകേട്ടു് ഓടിയെത്തിയവർ, ഇവൻ കയറിന്റെ തുമ്പിൽ പിടയുന്നതു കണ്ടു...ഇവനെ കയററുത്തു താഴെയിറക്കി."

"എന്തൊരു കോയിൻസിഡെൻസ്!" ഞാൻ പറഞ്ഞു.

"അതെ, നിങ്ങളൊരു കഥയിൽ ഇങ്ങനെ എഴുതിയാൽ വായനക്കാർ പറയും, ആ തെങ്ങൊടിഞ്ഞ ഭാഗം അസംഭവ്യവും അവിശ്വസനീയവുമാണെന്നു്." ന്യായാധിപൻ ചിരിച്ചു

"ശരിയാണു്." ഞാൻ യോജിച്ചു.

"അവന്റെ അമ്മ ആ ഒടിഞ്ഞ തെങ്ങിന്റെ സ്ഥാനത്തൊരു പുതിയ തെങ്ങിൻതൈ നട്ടിട്ടുണ്ടത്രേ."

“നന്ദിപ്രകടനമായിരിക്കും?” ഞാൻ പറഞ്ഞു.

“അതോ, കുറേക്കൊല്ലങ്ങൾ കഴിഞ്ഞു് ഇനിയുമവൻ കഴുത്തിൽ കയറിട്ടു ചാടിയാൽ, ഒടിഞ്ഞു വീഴാനുള്ള തെങ്ങു് ഇപ്പോഴേ ആ തള്ള കരുതിവയ്ക്കുകയാവുമോ?” ഒരു സിനിക്കിന്റെ മട്ടിൽ ന്യായാധിപൻ ചോദിച്ചു.

# ഇൻസ്പെക്ഷൻ ബംഗ്ലാവ്

"ഇവിടെ ഈയിടെയായി ആരും രാത്രികാലം ചെലവിടാറില്ല—സബ്ബ്കലക്ടർ പ്രേതത്തെ കണ്ടതിനുശേഷം..." അസിസ്റ്റൻറ് എഞ്ചിനീയർ വേലുപ്പിള്ള, ചായ കുടിക്കുന്നതിനിടയിൽ പറഞ്ഞു.

ഞങ്ങൾ ഇൻസ്പെക്ഷൻ ബംഗ്ലാവിൻെറ വരാന്തയിൽ ഇരിക്കുകയാണ്. നേരിയ മഴ പെയ്യുന്നുണ്ട്.

ഒരു കുന്നിൻചെരിവിലാണ് ബംഗ്ലാവ്. അല്പം മാറി താലൂക്കാപ്പീസും, പോലീസ്സ്റ്റേഷനും, കോടതിക്കെട്ടിടങ്ങളും കാണാം. താഴെ, റോഡിൽ, തടി കയററിയ ലോറികൾ ഞരങ്ങി ഞരങ്ങി നീങ്ങുന്നു.

ഞാൻ ഈ ചെറിയ ടൗണിലെത്തിയതു് ഒന്നുരണ്ടു മണിക്കൂറുകൾക്കു മുമ്പാണ്. പിറേറന്ന് തൃശ്ശൂരിൽ സ്വല്പം ജോലിയുണ്ട്. അതിനുമുമ്പ് കുറേ കടലാസുകൾ സാവകാശമായി നോക്കിത്തീർക്കണം. അതുകൊണ്ടാണ് ഈ ബഹളംകുറഞ്ഞ സ്ഥലത്തു രാത്രി ചെലവിടാമെന്നുറച്ചതു്. രാവിലെ ഏഴിനു പുറപ്പെട്ടാൽമതി, തൃശ്ശൂരിൽ സമയത്തിനെത്തിച്ചേരാം. ഇൻസ്പെക്ഷൻ ബംഗ്ലാവിലെ രണ്ടു മുറികളും ഒഴിവാണെന്നറിഞ്ഞപ്പോൾ ഞാൻ സ്വയം അനുമോദിച്ചു. പെട്ടിയും കടലാസുകളും മുറിയിൽ വച്ചശേഷം വരാന്തയിൽ വന്നപ്പോഴാണ് ഒരു പഴയ മോറീസ്കാർ മുററത്തുവന്നുനിന്നതു്. കാറിൽനിന്നിറങ്ങിയതു് എൻെറ പഴയ സുഹൃത്തു് വേലുപ്പിള്ളയായിരുന്നു. ഞങ്ങൾ പലതിനെക്കുറിച്ചും സംസാരിച്ചുതുട

ങ്ങി. അതിനിടയ്ക്കാണ് പ്രേതത്തിന്റെ കാര്യം എന്റെ സ്നേഹിതൻ അവതരിപ്പിച്ചത്.

"ഇവിടെ പ്രേതത്തിനെ കണ്ടുവെന്നോ?" വിശ്വസിക്കാത്തമട്ടിൽ ഞാൻ ചോദിച്ചു.

"അതേ, ഇവിടെത്തന്നെ."

"വിശദമായി പറയണം."

"അതാ, അതു കണ്ടോ?" വേലുപ്പിള്ള മുററത്തേക്കു വിരൽചൂണ്ടി. ഞാൻ നോക്കി.

"അതൊരു ശവക്കല്ലറയാണ്." എന്റെ സുഹൃത്തു തുടർന്നു.

"ഇവിടെയെങ്ങനെ ഈ ക്രൂററൻ ശവക്കല്ലറ വന്നു?" ഞാൻ അന്വേഷിച്ചു.

"വരൂ. താഴെയിറങ്ങി നോക്കാം."

ഞങ്ങൾ മുററത്തിറങ്ങി.

ആ ശവക്കല്ലറയിൽ പതിച്ചിരുന്ന മാർബിൾ പ്ലേററിൽ ഭംഗിയുള്ള ഇംഗ്ലീഷ് അക്ഷരങ്ങളിൽ ഒരു കഥ രേഖപ്പെടുത്തിയിരുന്നു.

1849-ൽ വള്ളുവനാട്ടു രാജാവിന്റെ ഏതോ ക്ഷേത്രം മാപ്പിളമാർ ആക്രമിച്ചുവത്രേ. രാജാവിന്റെ തുണയ്ക്കു് ഇംഗ്ലീഷുപട്ടാളമെത്തി. വെള്ളക്കാരും മാപ്പിളമാരും തമ്മിൽ സംഘട്ടനം നടന്നു. രണ്ടു വെള്ളക്കാർ മരിച്ചു. ഉപകാരസ്മരണയുള്ള രാജാവ് മരിച്ച ഭടന്മാരെ അടക്കംചെയ്യാൻ ഈ കല്ലറ നിർമ്മിച്ചു.

നൂററിപ്പത്തിനൊന്നു കൊല്ലങ്ങൾക്കുമുമ്പു് മരിച്ച ജയിംസ് ഹാർട്ടും തോമസ് ബ്ലേക്കുമാണ് അവിടെ വിശ്രമിക്കുന്നതു്. ശവക്കല്ലറയിൽ ഭംഗിയായി വെള്ള പൂശിയിട്ടുണ്ടു്. ആ മാർബിൾപ്ലേററിനു ചുററും കറുത്ത

ബോർഡർ കാണാം. കൊത്തിവച്ച അക്ഷരങ്ങളിൽ അടുത്തകാലത്തു കറുത്ത പെയിൻറ് തേച്ചിട്ടുണ്ട്.

"ഇതിന്ന് ഒരു നൂറാണ്ടിലേറെ പഴക്കമുണ്ടെന്നു വിശ്വസിക്കാൻ പ്രയാസം തോന്നുന്നു." ഞാൻ പറഞ്ഞു.

"പബ്ളിക്ക്വർക്ക്സ് ഡിപ്പാർട്ടുമെൻറിന്നു നന്ദി പറയുക. ഈ ബംഗ്ലാവിൻെറ 'ആനുവൽ മെയിൻറനൻസ്', നടത്തുമ്പോൾ ഞങ്ങൾ ഫാർട്ടിനേയും ബ്ളേക്കിനേയും ഓർമ്മിക്കുന്നു." അസിസ്റ്റൻറ് എഞ്ചിനീയർ പറഞ്ഞു.

"ആട്ടെ. ഈ പഴയ സംഭവത്തെപ്പററി കൂടുതൽ വിവരങ്ങളറിയാമോ?"

വേലുപ്പിള്ള കൈമലത്തി. "ഞാൻ ചരിത്രവിദ്യാർത്ഥിയൊന്നുമല്ലല്ലോ......"

ഞങ്ങൾ വരാന്തയിൽ മടങ്ങിവന്നു.

"പ്രേതം വന്ന കാര്യംപറയൂ." ഞാൻ അപേക്ഷിച്ചു.

"മൂന്നുമാസംമുമ്പുവരെ ഒന്നും കേട്ടിരുന്നില്ല. അപ്പോഴാണു സബ്കലക്ടർ പ്രേതങ്ങളെ കാണുന്നതു്..." വേലുപ്പിള്ള പറഞ്ഞുതുടങ്ങി.

"പ്രേതങ്ങളോ?"

"അതേ...രണ്ടെണ്ണം...സബ്ബ്കലക്ടർ ഒരു സായാഹ്നത്തിലിവിടെ ക്യാമ്പുചെയ്യാനെത്തി. കൂടെ, പരിശീലനം നടത്തിപ്പോരുന്ന ഒരു അസിസ്റ്റൻറ് കലക്ടരുമുണ്ടായിരുന്നു. അവരിരുവരും രാത്രി പതിനൊന്നടിക്കുംവരെ സംസാരിച്ചുകൊണ്ടിരുന്നത്രെ..."

"എന്തിനെപ്പററി? പ്രേതങ്ങളെപ്പററിയോ?" ഞാൻ ഇടയ്ക്കുകയറിച്ചോദിച്ചു. അത്തരമൊരു ചർച്ചയ്ക്കുശേഷം കിടന്നുറങ്ങിയാൽ, ഭാവനയിൽ 'പ്രേതങ്ങളെ' കാണാനിട

യുണ്ടെന്നു യുക്തിവാദം നടത്താൻ ശ്രമിക്കുകയായിരുന്നു, ഞാൻ.

"അവർ വില്ലേജ് അക്കൗണ്ടുകളെക്കുറിച്ചും ന്യായവിലഷാപ്പുകളെക്കുറിച്ചും ബ്ലോക്കുകളെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നുവെന്നു വച്ചോളൂ. അതിനും കഥയ്ക്കും തമ്മിൽ ബന്ധമില്ല..." വേലുപ്പിള്ളയ്ക്ക് എന്റെ ചോദ്യം ഇഷ്ടപ്പെട്ടില്ലെന്നുതോന്നി. ചിലരങ്ങനെയാണ്. കഥപറയുമ്പോൾ ചോദ്യങ്ങൾ പാടില്ല!

ഞാൻ അനുസരണയുള്ള ശ്രോതാവായി മാറി. "ശരി, കഥപറയൂ...ഞാനിടയ്ക്കുകയറിയൊന്നും ചോദിക്കുകയില്ല."

വേലുപ്പിള്ള പുതിയൊരു സിഗരറ്റു കത്തിച്ചുകൊണ്ട് വീണ്ടും ആരംഭിച്ചു.

ഇതാണയാൾ പറഞ്ഞതു്:

പതിനൊന്നു മണികഴിഞ്ഞു് സബ്ബ്കലക്ടരും അസിസ്റ്റന്റ് കലക്ടരും അവരവരുടെ മുറികളിൽ പ്രവേശിച്ചു. ഉറങ്ങാൻ കിടന്നു.

സബ്ബ്കലക്ടരുടെ കൊതുകുവലയുടെ മൂലയിൽ കതകിന്റെ ഷട്ടറിലൂടെ കടന്നുവന്നിരുന്ന വെളിച്ചം പ്രസരിച്ചിരുന്നു. താഴെക്കാണുന്ന റോഡരികിലുള്ള ഏതെങ്കിലും പീടികയിൽ കത്തിച്ചുവെച്ചിരുന്ന പ്രകാശമേറിയ ബൾബിൽനിന്നാവണം വെളിച്ചം വന്നതു്. റോഡ് നന്നേ താഴെയായതിനാൽ ഉയന്ന സ്ഥലത്തുനില്ക്കുന്ന ബംഗ്ലാവിലേക്കു വെളിച്ചം കടന്നുവരാം. രാത്രികാലത്തു റോഡിൽ ലോറികൾ ധാരാളം കടന്നുപോകുന്നു. ഓരോ ലോറി പോകുമ്പോഴും പീടികമുറിയിലെ ബൾബ് മറയ്ക്കപ്പെടും. അങ്ങനെ കൊതുകുവലയിലെ വെളിച്ചം വന്നുംപോയുമിരുന്നു. ഇതൊരു ശല്യമായി അനുഭവ

പ്പെട്ടതുകൊണ്ടാവണം, സബ്ബ്കലക്ടർക്ക് ഉറങ്ങാനായില്ല. അദ്ദേഹം കിടക്കയിൽ കിടന്നുരുണ്ടു.

നേരം കുറേച്ചെന്നുകാണും.

അപ്പോഴാണ് ബംഗ്ലാവിന്റെ പിന്നിൽനിന്നും പട്ടി ഓരിയിടാൻ തുടങ്ങിയത്. നീട്ടിവലിച്ച്, തുടരെത്തുടരെ പട്ടിമോങ്ങിത്തുടങ്ങിയപ്പോൾ, സബ്ബ്കലക്ടർക്ക് അസ്വാസ്ഥ്യത അനുഭവപ്പെട്ടു. ഇതിനിടയ്ക്ക്, റോഡിലുള്ള പീടികവിളക്കുകൾ അണഞ്ഞുകഴിഞ്ഞിരുന്നു. മുറിയിൽ നല്ല ഇരുട്ടാണ്. മുറിയുടെ മദ്ധ്യത്തിൽ ഒരു ടീപ്പോയിയിൽ വച്ചിരുന്ന ടേബിൾലാമ്പിന്റെ സ്വിച്ച് മാത്രം ഒരു നീലപ്പൊട്ടുപോലെ പ്രകാശിക്കുന്നുണ്ട്.

അതാ, പട്ടി വീണ്ടും വീണ്ടും നിലവിളിക്കുന്നു. ഇങ്ങനെ പട്ടി നിലവിളിച്ചാൽ പ്രേതപിശാചാദികൾ അടുത്തെങ്ങോ ഉണ്ടെന്നാണെല്ലോ അമ്മൂമ്മക്കഥകൾ അനുശാസിക്കുന്നത്.

സബ്ബ്കലക്ടർക്ക് എഴുന്നേല്ക്കണമെന്നു തോന്നി. ടേബിൾലാമ്പ് കത്തിക്കാൻ ഭാവിക്കുമ്പോൾ, ജന്നാലവഴി പുറത്തേക്കു നോക്കണമെന്ന ശക്തിയായ തോന്നൽ അദ്ദേഹത്തിനുണ്ടായി. വിളക്കു കത്തിക്കാതെ, അദ്ദേഹം നോക്കി.

അതാ, ആ ഗെയിററിനടുത്ത് അദ്ദേഹം രണ്ടു രൂപങ്ങൾ കണ്ടു. എന്തോതരം യൂണിഫാറം അവർ ധരിച്ചിരുന്നത്രേ. അരണ്ട നിലാവെളിച്ചത്തിൽ അവ സ്കാർലറ്റ് നിറത്തിലുള്ള യൂണിഫാറങ്ങളാണെന്നു തോന്നി. പെട്ടെന്ന് സബ്ബ്കലക്ടർ ശവക്കല്ലറയുടെ കാര്യമോർത്തു. വീണ്ടും നോക്കിയപ്പോൾ, ആ രൂപങ്ങൾ വെള്ളക്കാരാണെന്നും, അവരുടെ തോക്കിൽ ഘടിപ്പിച്ചിരുന്ന ബയണററിന് നീളക്കൂടുതലുണ്ടെന്നും അദ്ദേഹത്തിനു

തോന്നി. ഒരു ജോൺ മാസ്റ്റേഴ്സ് നോവലിന്റെ പേജു കളിൽനിന്നിറങ്ങിവന്ന രണ്ടു വെള്ളക്കാർ!

സബ്കലക്ടർ ലേശം ഭയന്നു.

പട്ടി അപ്പോഴും നിലവിളിക്കുകയാണു്.

അദ്ദേഹം കട്ടിലിൽ തിരിച്ചുവന്നിരുന്നു. മേശവി ളക്കു കത്തിക്കാനോ പുറത്തിറങ്ങി നോക്കാനോ ധൈര്യം തോന്നിയില്ല.

കാൽമണിക്കൂർ കഴിഞ്ഞുകാണും. പെട്ടെന്നു പട്ടി നിലവിളി നിറുത്തി.

സബ്ബ്കലക്ടർ ധൈര്യം സംഭരിച്ചു് വീണ്ടും ജനാ ലയ്ക്കുടുത്തുവന്നു. ഇപ്പോൾ ഗെയിററിനടുത്തു് ഒന്നും കണ്ടില്ല.

ടേബിൾലാമ്പു് കത്തിച്ചശേഷം അദ്ദേഹം മുറി യിൽനിന്നും പുറത്തിറങ്ങി. വരാന്തയിലെ ട്യൂബ്ലൈററു് കത്തിച്ചു.

അദ്ദേഹത്തിന്റെ കണ്ണുകൾ ശവക്കല്ലറയെ തേടി ച്ചെന്നു. എന്തൊരത്ഭുതം! ശവക്കല്ലറയിലെ മാർബിൾ പ്ലേററു് കാണാനില്ല.

അദ്ദേഹം അടുത്തമുറിയിൽ കിടന്നുറങ്ങിയിരുന്ന അസിസ്റ്റൻറു് കലക്ടരെ വിളിച്ചുണർത്തി.

"ആ കല്ലറയിൽ എന്തെങ്കിലും പ്രത്യേകത കാണു ന്നുണ്ടോ?" കലക്ടർ ചോദിച്ചു.

"ആ മാർബിൾപ്ലേറെറവിടെ?" എന്നായി അസി സ്റ്റൻറു് കലക്ടർ.

സബ്ബ്കലക്ടർ വിയർത്തുപോയി. അവർ മുറിയി ലേക്കു മടങ്ങി. നടന്നതെല്ലാം അസിസ്റ്റൻറു് കലക്ടരെ അദ്ദേഹം അറിയിച്ചു.

കുറേനേരം കഴിഞ്ഞു് അവർ വീണ്ടും വരാന്തയിൽ

വന്നുനോക്കിയപ്പോഠം ശവക്കല്ലറയിൽ മാർബിഠംപ്ലേററ് കാണാനുണ്ട്—എന്നുമെന്നപോലെ.

വേലുപ്പിള്ള കഥ പറഞ്ഞുതീൎന്നപ്പോഠം ഞാൻ സംസാരിച്ചു: "ഇതൊക്കെ മനസ്സിൽതോന്നലുകളാണ്. ഉറക്കംവരാത്തപ്പോഠം സബ്കലക്ടരുടെ ഭാവന കാട്ടുകയറിക്കാണും.........."

"പക്ഷെ, ഈ സംഭവത്തിനു മുമ്പും സബ്ബ്കലക്ടർ ഇവിടെ രാത്രി ക്യാമ്പുചെയ്തിട്ടുണ്ട്. അന്നൊന്നും ഇങ്ങനെ തോന്നാത്തതെന്തു്? മാത്രമല്ല, മാർബിഠംപ്ലേററ് കാണാനില്ലെന്ന തോന്നൽ അസിസ്റ്റൻറ് കലക്ടൎക്കുമുണ്ടായല്ലൊ..." വേലുപ്പിള്ള പറഞ്ഞു.

"ഇ കഥ പരസ്യമായതെങ്ങനെ?"

"നേരം പുലൎന്നപ്പോഠം സബ്കലക്ടർ തഹസീൽദാരോടു് പറഞ്ഞു.....കഥ പുറത്തുവന്നപ്പോഠം പഴമക്കാർ അവരുടെ അനുഭവങ്ങഠം പറഞ്ഞുതുടങ്ങി. ഇവിടെയൊരു കിഴവൻ കോൽക്കാരനുണ്ടു്. മുപ്പത്തഞ്ചുകൊല്ലത്തിലധികമായി അയാളീ ജോലി നോക്കുന്നു. മാപ്പിള ലഹളക്കാലത്തു്, അയാഠം ഈ വരാന്തയിൽ കിടന്നുറങ്ങുമ്പോഠം, അൎദ്ധരാത്രികഴിഞ്ഞു് രണ്ടു വെള്ളപ്പട്ടാളക്കാരെ ഈ ഗെയിററിനടുത്തു കണ്ടിട്ടുണ്ടത്രേ......ഈ പട്ടാളക്കാരുടെ പ്രേതങ്ങളെ ഇതിനുമുമ്പും മൂന്നാലുതവണ ആഠംക്കാർ കണ്ടിട്ടുണ്ടെന്നാണ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രാമദാസ് പറയുന്നതു്......"

അല്പനേരത്തെ മൌനത്തിനുശേഷം വേലുപ്പിള്ള തുടൎന്നു: "ഏതായാലും ഇപ്പോഴിവിടെ രാത്രികാലം ചെലവിടാൻ ആഠംക്കാർ മടിക്കുന്നു. ബംഗ്ലാവ്‌വാച്ചർ

ആണയിട്ടു പറയുന്നുണ്ട്, ഇവിടെ പ്രേതങ്ങളില്ലെന്ന്. എങ്കിലും ആളുകൾ ധൈര്യപ്പെടുന്നില്ല..."

സന്ധ്യകഴിഞ്ഞിരുന്നു.

"ഇന്നിവിടെ 'ഹാൾട്ട്' ചെയ്യുകയല്ലേ?" വേലുപ്പിള്ള തിരക്കി.

"ഇല്ല. നേരെ തൃശ്ശൂർക്ക് പോകയാണ്!" ഞാൻ പറഞ്ഞു.

"അല്ല...ഭയന്നോ?" വേലുപ്പിള്ള ചിരിച്ചു.

എങ്ങും തൊടാത്തമട്ടിൽ ഞാനും ചിരിച്ചു.

"കഥയ്ക്കൊരു 'ടെയിൽപീസ്' കൂടിയുണ്ട്." വേലുപ്പിള്ള പറഞ്ഞു.

"എന്താണത്?"

"പ്രേതകഥയെപ്പററി സ്ഥലം തഹസീൽദാർക്ക് നല്ലൊന്നല്ല വ്യാഖ്യാനം...പണ്ട് ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ ഗവമ്മെണ്ടുദ്യോഗസ്ഥന്മാർ മാത്രമേ ഹാൾട്ടു ചെയ്യാറുള്ളു. ഇപ്പോൾ ഇതൊരു സാധാരണ ടി. ബി. പോലെയാണ്. ആർക്കും താമസിക്കാം. അങ്ങനെയാവുമ്പോൾ സർക്കാർജോലിക്കാരന് അസൗകര്യം നേരിടുന്നു. എത്ര കരുതലോടെ ടൂർപ്രോഗ്രാം ശരിയാക്കിയാലും, ചിലപ്പോൾ അവിചാരിതമായ ജോലികൾ വന്നുചേരും; അവിചാരിതമായി ഇവിടെ ഹാൾട്ട് ചെയ്യേണ്ടതായിവരും. ഇപ്പോൾ, മുൻകൂട്ടി ട്രഷറിയിൽ പണമൊടുക്കി അപേക്ഷിച്ചെങ്കിലേ റൂം റിസർവേഷൻ കിട്ടൂ. അപ്രതീക്ഷിതമായി ഹാൾട്ട്ചെയ്യേണ്ടിവരുമ്പോൾ, റിസർവ്വേഷൻെറ പ്രശ്നമുദിക്കുന്നില്ലല്ലോ. അങ്ങനെ ചില ഘട്ടങ്ങളിൽ, ഇൻസ്പെക്ഷൻ ബംഗ്ലാവിൽ റൂം കിട്ടാതെ വിഷമിക്കേണ്ടിവന്ന സബ്കലക്ടർ ഈ

പ്രേതകഥ സൃഷ്ടിച്ചതാണെന്നത്രേ തഹസീൽദാർ അഭിപ്രായപ്പെടുന്നതു്. ഇപ്പോഴിവിടെ ആരും രാത്രി തങ്ങാറില്ല. സബ്കലക്ടർക്ക് ഏതവസരത്തിലും റൂം കിട്ടുന്നതാണ്."

"അതെന്തുമാവട്ടെ...എനിക്കിന്നുതന്നെ തൃശ്ശൂരെത്തണം...കുറെ അർജന്റ് പേപ്പേഴ്സ് നോക്കിത്തീർക്കാനുണ്ട്." ഞാൻ ലജ്ജകൂടാതെ പറഞ്ഞു.

# സ്പട്ട്നിക്കും ഗോട്ടീതോമസ്സും

ഒന്നുകിൽ, എൻെറ സ്നേഹിതൻ 'ഗോട്ടീ'തോമസ്സിനു് കിറുക്കുപിടിച്ചിരിക്കുന്നു; അല്ലെങ്കിൽ...

ഗോട്ടീതോമസ്സും ഞാനും ഒന്നിച്ചു പഠിച്ചവരാണു് അന്നയാളുടെ പേരു് വെറും തോമസ്സ് എന്നായിരുന്നു. പില്ക്കാലത്തു് അയാളൊരു ചെറിയ താടി വളത്തി—ചെമ്മരിയാടിൻെറ താടിപോലെ. അങ്ങനെയാണയാൾ 'ഗോട്ടീ'തോമസ്സായതു്.

കോളേജുവിട്ടശേഷം, വളരെനാളത്തേക്കു് ഞാനയാളെക്കണ്ടില്ല. പിന്നീടു കാണുന്നതു്, ശബ്ദായമാനമായ ഒരു ഷെയർമാർക്കററിനടുത്തുള്ള ഒരു ദിനപ്പത്രമാഫീസിൽവച്ചാണു്.

ആ കൂട്ടിമുട്ടൽ പഴയ സൗഹൃദത്തെ പുതുക്കി; വളത്തി.

ഇടയ്ക്കിടെ ഞങ്ങൾ കത്തുകൾ എഴുതിപ്പോന്നു.

പത്രപ്രവത്തനരംഗത്തു് അത്ഭുതകരവും, അസൂയാവഹവുമായ വളർച്ചയാണു് ഗോട്ടീക്കുണ്ടായതു്. ന്യൂസ് ഡസ്കിലിരുന്നുകൊണ്ടു് വാത്തകൾ വെട്ടിച്ചുരുക്കുന്ന ആ അറിയപ്പെടാത്ത മനുഷ്യൻ, പ്രശസ്തനായ ഒരു റിപ്പോട്ടറായി. കത്തക്കാളുന്ന സിയൂളിൽനിന്നും, ഡീൻബീൻഫുവിലെ തകന്ന ഭിത്തികൾക്കിടയിൽനിന്നും, ഹംഗറിയിലെ തെരുവുകളിൽനിന്നും, ഗോട്ടീ എഴുതിയ 'ഡസ്പാച്ചുകൾ' നിങ്ങളിൽ പലരും പത്രങ്ങളിൽ വായിച്ചു കാണും.

ഇപ്പോഠം, കുറേ മാസങ്ങളായി, ഗോട്ടീ മോസ്കോയിലാണ്. ഒരു സ്പെഷ്യൽ കറസ്പോണ്ടൻറാണയാഠം.

ഇന്നലെ എനിക്കു ഗോട്ടീയുടെ കത്തു വന്നു.

ഉള്ളിത്തോലുപോലെ നേത്ത നീലക്കടലാസ്സിൽ, വിചിത്രമായ ഒരു കഥയാണ് കുറിച്ചിരിക്കുന്നതു്— എട്ടുകാലികളെ അനുസ്മരിപ്പിക്കുന്ന, ആ പരിചിതമായ കൈപ്പടയിൽ.

അതെ. ഗോട്ടീതോമസ്സിനു കിറുക്കാണ്.

നീലക്കടലാസ്സിൻെറ പത്താംപേജിൽ, ഒരു വലിയ 'പി. എസ്സ്.' ൻെറ ചുവടേ ഗോട്ടീ കുറിച്ചിരിക്കുന്നു: "ഈ നൂററാണ്ടിലെ ഏററവും വലിയ സ്കൂപ്പാണിതു്.. പക്ഷേ, ഞാനിതു റിപ്പോർട്ടുചെയ്യുകയില്ല. റിപ്പോർട്ടുചെയ്താൽ എൻെറ പത്രക്കാർ കരുതും എനിക്കു കിറുക്കാണെന്ന്..."

ഗോട്ടീ എഴുതിയിരിക്കുന്ന കാര്യങ്ങഠം ഞാൻ ഗോട്ടീയുടെ ഭാഷയിൽത്തന്നെ പറയാൻ പോവുകയാണ്. എൻെറ മനസ്സിൽ സംശയങ്ങളുടെ ഒരു കടന്നൽക്കൂട്ട് ഇളകിയിരിക്കുന്നു. ഗോട്ടീക്കു ഭ്രാന്താണോ? അല്ലെങ്കിൽ എന്തുകൊണ്ടയാഠം കത്തിലെ വിവരങ്ങഠം പത്രത്തിനയച്ചില്ല? ഒരു ജേർണ്ണലിസ്റ്റിനും ഇത്തരമൊരു വാത്ത റിപ്പോർട്ടുചെയ്യാതിരിക്കാനാവില്ല...വെറും വാത്തയല്ല...ഈ നൂററാണ്ടിലെ ഒന്നാംനമ്പർ സ്കൂപ്പ്!

ഒരുപക്ഷേ...?

അതെ. സംശയങ്ങഠംക്കു കട്ടികൂടുന്നു.

ഗോട്ടീക്കുമാത്രം ഈ വത്ത കിട്ടിയതെങ്ങനെ?

ഇതയാളുടെ ഭാവനയുടെ സൃഷ്ടിയാണോ?

സത്യസന്ധമായി വാത്തകഠം ശേഖരിക്കേണ്ട ഒരു റിപ്പോർട്ടർക്ക് കുറെ ഭാവനയുണ്ടാവുന്നതിൽ തെററില്ല.

പക്ഷേ ഇത്തരം ഭാവനയുണ്ടാവുമ്പോൾ—!

ഗോട്ടീ കിറുക്കനായിപ്പോയോ...?

* * *

ആൻഡ്രീ അലക്സാൻഡ്രോവിനെയറിയുമോ? അറിയാനിടയില്ല. ഈയിടെമാത്രമാണെല്ലോ അദ്ദേഹത്തിൻെറ പേരു് പത്രങ്ങളിൽ വന്നുതുടങ്ങിയതു്...അതും വല്ലപ്പോഴും മാത്രം...(ഗോട്ടീ ഇങ്ങനെയാണു് ആ കാര്യത്തെപ്പററി പറഞ്ഞുതുടങ്ങിയിരിക്കുന്നതു്.)

ഞാൻ അദ്ദേഹത്തെ ആദ്യമായിക്കണ്ടതു് 1956-ലാണു്.ഇന്ത്യൻ എമ്പസിയിലെ ഒരു സ്വീകരണത്തിൽ വച്ചു്.

നോബെൽ സമ്മാനം നേടിയിട്ടുള്ള നിക്കോളായ് സെമനോവിൻെറക്കൂടെയാണു്, അലക്സാൻഡ്രോവ് വന്നിരുന്നതു്. സെമനോവ് അന്നേ പ്രസിദ്ധനാണു്. മുപ്പതോളം സംവത്സരങ്ങൾക്കുമുമ്പു് 'ചെയിൻ റിയാക്ഷൻ തീയറി' യുടെ അടിസ്ഥാനതത്വങ്ങൾ പ്രഖ്യാപിച്ചയാളാണദ്ദേഹം.

1956-ൽ അലക്സാൻഡ്രോവ് പ്രശസ്തനായിക്കഴിഞ്ഞിരുന്നില്ല. മോസ്കോയിലെ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ പ്രോബ്ളംസി' ലെ ഒരു സീനിയർ പ്രൊഫസറെന്ന നിലയ്ക്കു മാത്രമാണു് എമ്പസിയിലെ സ്വീകരണത്തിൽ, അദ്ദേഹം പരിചയപ്പെടുത്തപ്പെട്ടതു്.

അലക്സാൻഡ്രോവിൻെറ ചിത്രം ഞാനൊന്നു വരയ്ക്കാൻ ശ്രമിക്കട്ടെ. അഞ്ചരയടിയോളമേ പൊക്കമുള്ളു: മെലിഞ്ഞിട്ടാണു്—തോളുകൾക്കു് അകത്തേക്കൊരു വളവുണ്ടു്. തലമുടി തീരെ പററെ വെട്ടിയിരിക്കയാണു്. മുഖത്തിനു നന്നേ ചെറുപ്പം തോന്നും. കറുത്ത ഫ്റെയി

മുള്ള കണ്ണടകൾക്കു പിന്നിലുള്ള കണ്ണുകളിൽ അല്പം കുസൃതി തങ്ങിനില്ക്കുന്നതായി തോന്നും. ഒററനോട്ടത്തിൽ വല്ലാതെ വളൻപോയ ഒരു ബാലനാണദ്ദേഹമെന്നേ തോന്നൂ.

ഒക്ടോബർ നാലാംതീയതി ആൻഡ്രീഅലക്സാൻഡ്രോവിൻെറ ഒരു സ്വപ്നം സഫലമായി. ഒന്നാമത്തെ സ്പുട്ട്നിക്ക് അന്നു സ്പേസിൽ സഞ്ചാരമാരംഭിച്ചു. മനുഷ്യൻ നിർമ്മിച്ച ഈ കൃത്രിമഗോളത്തെ ശരിയായ ഓർബിററിലെത്തിക്കാൻ കഴിഞ്ഞതു് ലോകചരിത്രത്തിലെ ശാശ്വതമായ ഒരത്ഭുതമായിരിക്കും. പ്രയാസമേറിയ ഈ സങ്കേതികപ്രശ്നത്തിനു് ഉത്തരം കണ്ടുപിടിച്ചതു് മുടി പററെ വെട്ടിയ ആ കൊച്ചു പ്രൊഫസറായിരുന്നു. (പിന്നെയെന്തോ എഴുതിയിട്ടുണ്ടു്—എഴുതിയ ശേഷം വെട്ടിക്കളഞ്ഞിരിക്കുന്നു. വെട്ടിയ വരികളിൽ, അവസാനത്തെ ചില വാക്കുകൾമാത്രം പ്രയാസപ്പെട്ടു വായിക്കാം: '...അലക്സാൻഡ്രോവിനു് ഇനിയും വേണ്ടത്ര പബ്ളിസിററി കിട്ടിയിട്ടില്ല.')

ഗോട്ടീ തുടൻ:

അന്നു് മോസ്കോയിലെ തെരുവീഥികളിൽ എന്തൊരാഹ്ലാദപ്രകടനമായിരുന്നെന്നോ! പൊട്ടിച്ചിരിയും, വോഡ്കയും പതഞ്ഞൊഴുകി. തൊഴിലാളിയും കമ്മിസ്സാറും ഒന്നുപോലെ അഭിമാനഭരിതരായിക്കാണപ്പെട്ടു. അവരുടെ സന്തോഷപ്രകടനങ്ങൾ നമുക്കു മനസ്സിലാക്കാവുന്നതാണു്. എങ്കിലും ഒന്നാമനായി നില്ക്കുന്ന അമേരിക്കയുടെ ആത്മവിശ്വാസത്തിൻെറ മുഖത്തിൽ റഷ്യക്കാരനെറിഞ്ഞ പടക്കമായിരുന്നു ആ ,സ്പുട്ട്നിക്കു്.

എങ്ങും 'ഷോർട്ട്‌വേവ്' റിസീവിംഗ് സെററുക്ളുമായി ആളുകൾ കാത്തിരുന്നു—ഞാനടക്കം.

ആ 'ബീപ്പ്-ബീപ്പ്-ബീപ്പ്' ഷോസ്റ്റോക്കോവിച്ചിൻെറ സൃഷ്ടികളേക്കാൾ ജനങ്ങൾക്കു സംഗീതാത്മകമായിത്തോന്നി.

ഞാനധികം ഉപന്യസിക്കുന്നില്ല, ഇതൊക്കെ തനിക്കറിയാം. ഒരുവരി സ്പുട്ട്നിക്ക്ന്യൂസ് പോലും താൻ വിട്ടുകളഞ്ഞിരിക്കാനിടയില്ല. ചന്ദ്രനിലേക്കും ചൊവ്വായിലേക്കും പറക്കാൻ കൊതിയുള്ള വിഡ്ഢിയല്ലേ താൻ?

ക്ഷമിക്കണേ...ഞാൻ ആ പ്രയോഗം പിൻവലിക്കുന്നു.

താനൊരു വിഡ്ഢിയല്ല. ഒരുവേള, നാമൊക്കെ പത്തു കൊല്ലത്തിനകം സ്പേസിലൂടെ പറന്നുനടക്കുമായിരിക്കും—

ലൈക്കയും സോയയും വഴികാണിച്ചിരിക്കുന്നു.

ആരാണീ സോയയെന്നോ? പറയാം.

ആൻഡ്രീ അലക്സാൻഡ്രോവിൻെറഓമനമകളാണ്—അഥവാ, ആയിരുന്നു—സോയ. പത്തുവയസ്സുള്ള ഒരു കെച്ചുമിടുക്കി. സ്വർണ്ണത്തലമുടിയും നീലക്കണ്ണുകളുമുള്ള ഒരു കൊച്ചുസുന്ദരി. ഒക്ടോബർ അഞ്ചാംതിയതി 'പ്രവ്ദ' പ്രസിദ്ധീകരിച്ച സ്പുട്ട്നിക്ക് സപ്ലിമെൻറിൽ, അലക്സാൻഡ്രോവും മകളും ഒന്നിച്ചിരിക്കുന്ന ഒരു പടമുണ്ടായിരുന്നു.

രണ്ടാം സ്പുട്ട്നിക്ക് സ്പേസിലുയർന്നതിനടുത്ത ദിവസം.

രാവിലെ ഞങ്ങൾക്കെല്ലാം ക്ഷണക്കത്തുകൾ കിട്ടിയിരുന്നു—സായാഹ്നത്തിൽ ഒരു പ്രസ്കോൺഫറൻസ്

ഉണ്ടാവും. ആൻഡ്രീ അലക്സാൻഡ്രോവ് രണ്ടാം സ്പുട്ട്നിക്കിനെപ്പററി വിവരങ്ങൾ നൽകും.

കൃത്യസമയത്തിനുതന്നെ ഞങ്ങളേവരും ഹാജരായി. ആര ടണ്ണോളംവരുന്ന രണ്ടാം സ്പുട്ട്നിക്കും അതിനകത്തു സഞ്ചരിക്കുന്ന ലൈക്കയും ഞങ്ങളുടെ തലച്ചോറിൽ നിറഞ്ഞുനിന്നു.

പ്രസ്സ്കോൺഫ്റൻസ് ആരംഭിക്കേണ്ട സമയമായപ്പോൾ ഒരുദ്യോഗസ്ഥനറിയിച്ചു; അലക്സാൻഡ്രോവിനു് നല്ല സുഖമില്ല. അതിനാലദ്ദേഹം വരികയില്ല. പകരം മററൊരു ശാസ്ത്രജ്ഞൻ വരും—ഐഗർ റോസോവ്.

ഞങ്ങൾക്കല്ലാം നിരാശതതോന്നി. എന്തേ അലക്സാൻഡ്രോവ് വരാത്തതു്? ഒന്നുരണ്ടു പത്രലേഖകർ യക്ഷികഥകളെ തോല്പിക്കാൻപോരുന്ന ഊഹാപോഹങ്ങളിലേർപ്പെട്ടു.

പക്ഷേ, ഐഗർ ചോദ്യങ്ങൾക്കു മറുപടി പറയാനാരംഭിച്ചപ്പോൾ, ഞങ്ങളുടെ നിരാശതമാറി.

ലൈക്ക തിരിച്ചുവരുമെന്നു് അദ്ദേഹം സൂചിപ്പിച്ചു. അലക്സാൻഡ്രോവിൻെറ നായാണത്രെ ലൈക്ക. സ്പേസ് സഞ്ചാരത്തിനായി പരിശീലനം നൽകപ്പെട്ടിട്ടുള്ള പന്ത്രണ്ടു പട്ടികളുണ്ടു്. അവയിലേററവും മിടുക്കനാണു് ലൈക്ക.

പ്രത്യേകരീതിയിൽ ആററിക്കുറുക്കിയ ആഹാരം സ്പുട്ട്നിക്കിലുണ്ടു്. ഒരു മണിയടിക്കുമ്പോൾ മാത്രം ആഹാരം കഴിക്കാൻ ലൈക്കയെ പഠിപ്പിച്ചിട്ടുണ്ടു്. ഒരാഴ്ച കാലത്തേക്കു് ആ ആഹാരംമതി. ആഹാരം തീരുന്ന മുറയ്ക്കു് ലൈക്ക താഴെവരും. എയർകണ്ടീഷൻ ചെയ്തിട്ടുള്ള ഒരു 'ക്യാപ്സ്യൂൾ' സ്പുട്ട്നിക്കിൽനിന്നും വിട്ടുപോരും. അതിനകത്തു് ലൈക്കയുണ്ടാവും. ക്യാപ്സ്യൂൾ

പാരച്ച്യൂട്ടുവഴിയായിരിക്കും താഴെവരിക. അന്തരീക്ഷത്തി ലെത്തിക്കഴിഞ്ഞെ പാരച്ച്യൂട്ട് തുറക്കു.

ഇത്രയും വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്, ലൈക്ക മടങ്ങിവരുമെന്ന വാൎത്ത പത്രങ്ങളെല്ലാം ഫ്ളാഷ് ചെയ്തതു്.

പക്ഷേ, തനിക്കറിയാമല്ലോ, ലൈക്ക മടങ്ങി വന്നില്ലെന്നു്.

എന്തുകൊണ്ടു മടങ്ങിവന്നില്ലെന്നു തനിക്കറിഞ്ഞുകൂട. അതാണു ഞാൻ പറയാൻ പോകുന്നതു്.

രണ്ടാം സ്പുട്നിക്കിനെപ്പററിയും ലൈക്കയെപ്പ ററിയും പരസ്പരവിരുദ്ധമായ പ്രസ്താവനകൾ റഷ്യൻ ശാസ്ത്രജ്ഞന്മാർ പുറപ്പെടുവിക്കയുണ്ടായെന്നു് താനോൎമ്മി ക്കുമല്ലോ. ലൈക്ക മടങ്ങും. ലൈക്ക മടങ്ങുകയില്ല, ലൈക്ക മരിച്ചുകഴിഞ്ഞു, മരിച്ചിട്ടില്ല...എന്നിങ്ങനെയുള്ള വാൎത്തകൾ അന്നുണ്ടാവാൻ കാരണമതാണു്.

ലൈക്ക മടങ്ങുമെന്നുതന്നെയാണു് റഷ്യൻ ശാസ്ത്രജ്ഞ ന്മാർ കരുതിയിരുന്നതു്. അവരുടെ കണക്കുകൂട്ടൽ തെററി. ഒരു കൊച്ചു കുഞ്ഞു് അതു തെററിച്ചു. സോയ!

പ്രസ്കോൺഫ്റൻസിൻെറ രണ്ടാം പക്കമാണു് സോയയുടെ കാര്യം ആദ്യമായി പുറത്തുകേട്ടതു്.

ട്രിബ്യൂൺ റിപ്പോർട്ടർ മാത്യൂസാണു് എന്നോടതു പറഞ്ഞതു്. സോയയെ കാണാനില്ല. രണ്ടാം സ്പുട്ട് നിക്കു് ഉയൎന്ന ദിവസംമുതൽ അവളെയാരും കണ്ടിട്ടില്ല.

മാത്യൂസ് ആ കൊച്ചു കുട്ടിയുടെ തിരോധാന ത്തെപ്പററി കൂടുതലൊന്നും ചിന്തിച്ചില്ല.

പക്ഷേ, ഈ വാൎത്തകേട്ടപ്പോൾ എൻെറ രക്തമാകെ ഉറഞ്ഞുപോയി. അതിനു മതിയായ കാരണമുണ്ടാ യിരുന്നു.

രണ്ടാം സ്പുട്ട്നിക്കിൻെറ സിഗ്നലുകൾ കഴിഞ്ഞ രണ്ടുദിവസങ്ങളായി ഞാൻ ശ്രദ്ധിച്ചിരുന്നു. പരിചിതമായ "ബീപ്പ്-ബീപ്പ്" കൂടാതെ രണ്ടുതരം ശബ്ദങ്ങൾകൂടി കേൾക്കുന്നതായെനിക്കു തോന്നി. ഒരു പട്ടിയുടെ കുരയും ഒരു കുട്ടിയുടെ ശബ്ദവും.

മാത്യൂസിൻെറ അറിയിപ്പിനു മുമ്പു് ഞാൻ കരുതിയിരുന്നതു്, ഇതെൻെറ ഭാവനയായിരിക്കുമെന്നാണു്. എന്തെന്നാൽ സ്പുട്ട്നിക്കിൽ മൈക്രോഫോൺ വച്ചിട്ടില്ലെന്നാണു് ഔദ്യോഗിക അറിയിപ്പുകളിൽ പറഞ്ഞിരുന്നതു്.

എനിക്കെല്ലാം മനസ്സിലായി.

ഞാൻ ആ പട്ടിയുടെയും കുട്ടിയുടെയും ശബ്ദം കേട്ടതു തന്നെയാണു്. ആ കുട്ടി സോയയാണു്. എന്നെപ്പോലെ പലരും ആ ശബ്ദങ്ങൾ റിസീവിംഗ് സെററുകളിൽ കേട്ടുകാണും. അങ്ങനെ കേൾക്കാനിടയായവരുടെ കണ്ണിൽ പൊടിയിടാനാണു്, ഈ സ്പുട്ട്നിക്കിൽ മൈക്രോഫോൺ വച്ചിട്ടില്ലെന്നു് സോവ്യററ് ഗവമ്മൻററിയിച്ചതു്.

അപ്പോൾ പ്രസ്കോൺഫറൻസിൽ സംബന്ധിക്കാൻ, അലക്സാൻഡ്രോവ് വരാത്തതിലത്ഭുതമില്ല. തൻെറ മകൾ നഷ്ടപ്പെട്ട കഥ അദ്ദേഹം അറിഞ്ഞുകഴിഞ്ഞിരുന്നു.

സോയ എങ്ങനെ സ്പുട്ട്നിക്കിൽ കയറിക്കൂടി? സെക്യൂരിററി അറേഞ്ച്മെൻറുകളെ തോല്പിക്കാൻ പത്തു വയസ്സായ ഒരു കുട്ടിക്കെങ്ങനെ കഴിഞ്ഞു? ആർക്കും ഉത്തരം പറയാനാവില്ല.

സോയ എന്തിനു് സ്പുട്ടിനിക്കിൽ കയറി?

ഇതിനു് ഞാനൊരു മറുപടി പറയാൻ ശ്രമിക്കാം;

ശരിയായിക്കൊള്ളണമെന്നില്ല. അലക്സാൻഡ്രോവ് വിഭാര്യനാണത്രെ. ആകെക്കൂടി ഈയൊരു മകളേയുള്ളൂ. അച്ഛനും മകളും മാത്രമാണ് ഒന്നിച്ചു താമസം. ശാസ്ത്രജ്ഞനായ അച്ഛന് മകളോടൊന്നിച്ച് വളരെ ചുരുക്കം സമയംമാത്രമേ ചെലവാക്കാൻ കഴിഞ്ഞിരിക്കയുള്ളൂ. സ്വാഭാവികമായിത്തന്നെ സോയയുടെ കളിത്തോഴൻ ആ വളർത്തുനായ്—ലൈക്ക—ആയിരുന്നിരിക്കും. കൊച്ചുകുട്ടികളുടെ സ്നേഹത്തിൻെറ ശക്തി വല്ലാത്തതാണ്. ലൈക്കയെ സ്പെസിലയക്കാൻപോകുന്നുവെന്ന് ആ കുട്ടി അറിഞ്ഞിരിക്കും. ആ യാത്രയുടെ സ്വഭാവമെന്താണെന്നൊന്നും അവളറിഞ്ഞിരിക്കയില്ല. "എന്തുമാവട്ടെ, ലൈക്ക പോകുന്ന സ്ഥലത്തേക്ക് ഞാനുമുണ്ട്." എന്ന് സോയ തീരുമാനിച്ചതാവരുതോ? തികച്ചും സാധാരണമായ എന്തോ കാര്യം ചെയ്യുന്നുവെന്നു കരുതിക്കൊണ്ട്, അവൾ ഈ ഞെട്ടിപ്പിക്കുന്ന യാത്രയ്ക്കു മുതിർന്നതാവരുതോ?

സോയ സ്പുട്ട്നിക്കിൽ പോയിരുന്നില്ലെങ്കിൽ, ഒരുപക്ഷെ, ലൈക്ക മടങ്ങിവന്നേനെ. സ്പേസ് സ്യൂട്ടിലായിരുന്നു ലൈക്ക. സോയയോ—? ഹോ! ഓർക്കാൻ വയ്യ. ക്യാപ്സ്യൂളിനകത്തിരുന്ന ലൈക്ക അവളെ കണ്ടുകാണും. അവൻ പുറത്തേക്കു കുതിക്കാൻ ശ്രമിച്ചിരിക്കാം. അവളും അവനുംകൂടി ക്യാപ്സ്യൂൾ തകർത്തിരിക്കാം; കൂടെ റേഡിയോ യന്ത്രങ്ങളും.

രണ്ടാം സ്പുട്ട്നിക്കിൽനിന്നു വന്നുകൊണ്ടിരുന്ന സിഗ്നലുകൾ പെട്ടെന്നാണല്ലോ നിലച്ചുപോയതു്!

സോയയുടെ തിരോധാനത്തെത്തുടർന്ന് ഗവർമ്മെൻെറാകെ സ്തംഭിച്ചുകാണണം; ശാസ്ത്രജ്ഞന്മാർ പരിഭ്രാന്തരായിക്കാണും. രണ്ടാംസ്പുട്ട്നിക്കിനും ലൈക്കയ്ക്കും എന്തു

പറയുമെന്ന് അവർ അത്ഭുതപ്പെട്ടിരിക്കണം—അതാണവർ ഇടക്കാലത്ത് പരസ്പരം പൊരുത്തപ്പെടാത്ത പ്രസ്താവനകൾ ചെയ്തത്.

ആരുമറിയുന്നില്ല, ആ ചങ്ങാതികളുടെ മൃതദേഹങ്ങൾ ഇന്നു ഭൂമിയെ ചുററി സഞ്ചരിക്കുന്നുണ്ടെന്ന്!

അലക്സാൻഡ്രോവ്! ഞാനങ്ങേയ്ക്കുവേണ്ടി കണ്ണീർ പൊഴിക്കുന്നു.

(ഗോട്ടീ ഇങ്ങനെ ഉപസംഹരിച്ചു: "ഈ നൂററാണ്ടിലെ ഏററവും വലിയ സ്ക്രൂപ്പാണിതു്...)

*   *   *   *

എട്ടുകാലികളെപ്പോലെയിരിക്കുന്ന ആ കൈപ്പട എൻെറ മുമ്പിലുണ്ടു്.

എൻെറ ഗോട്ടീതോമസ്സിനെന്തു പററി?

MUL
235697

235697
032:3N272
K3

UNIVERSITY LIBRARY
28 APR 1969
MADRAS

1 2 DEC 1969

എ. രവി.